www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 287 2022 OCTOBER

# ലഹരിക്കെതിരെ നിതാന്ത ജാഗ്രത

## കേരളത്തിലെ മതനിന്ദാ കേസുകളും അതിതീവ്ര മതവാദവും

- ഗർഭച്ഛിദ്രം അവകാശമോ അപരാധമോ?
- ഞായറാഴ്ചകൾ പ്രവൃത്തി ദിനങ്ങളാകുമ്പോൾ!
- നിരോധിക്കപ്പെടുന്ന ഭീകരവാദസംഘടനകൾ
- പ്രത്യയശാസ്ത്രങ്ങൾക്കിടയിലെ സംഘർഷങ്ങൾ

FOR PRIVATE CIRCULATION

www.malankaralibrary.com

# കേരള സഭാനവീകരണ പ്രാർത്ഥന

**സ്നേഹപിതാവായ ദൈവമേ,**

അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിൻറെ ശരീര
മായ സഭയുടെ അംഗങ്ങളായ ഞങ്ങൾ ഏകമനസ്സോടും ഏകഹൃദയത്തോടും കൂടെ
വർത്തിച്ച് പരസ്പര ഐക്യത്തിലും സ്നേഹത്തിലും ജീവിക്കാൻ ഞങ്ങളെ സഹായിക്ക
ണമേ. 'സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്ത
വാക്യത്തോടെ കേരളസഭ ആരംഭിച്ചിരിക്കുന്ന സഭാനവീകരണ
യജ്ഞത്തെ ആശീർവദിക്കണമേ.

കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും ഊന്നിക്കൊണ്ട് സകല
സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ ഞങ്ങൾക്കുള്ള വിളിയും ദൗത്യവും തി
രിച്ചറിഞ്ഞ് പ്രവർത്തനനിരതരാകാൻ ഞങ്ങളെ സഹായിക്കണമേ. ആത്മാക്കളുടെ
രക്ഷക്കായി എരിയുന്ന തീക്ഷ്ണമതികളായ പ്രേഷിതരായി വിശുദ്ധിയോടും വിന
യത്തോടുംകൂടെ ക്രിസ്തുവിനു സാക്ഷ്യംനല്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.
നല്ല സമരിയക്കാരനെപ്പോലെ സഹോദരസ്നഹത്തിലും ശുശ്രൂഷാ മനോഭാവത്തിലും
അഭിവൃദ്ധിപ്പെടാനും പാപബോധത്തോടെയും അനുതാപത്തോടെയും സഹോദര

ങ്ങളോട് അനുരഞ്ജനപ്പെടാനുമുള്ള കൃപ ഞങ്ങൾക്ക് നല്കണമേ.

ഞങ്ങളുടെ പരിശുദ്ധ പിതാവിനെയും മെത്രാന്മാരെയും വൈദികരെയും സന്ന്യസ്ത
രെയും അല്മായ പ്രേഷിതരെയും വിശ്വാസിസമൂഹത്തെ മുഴുവനെയും ആശീർവദി
ക്കണമേ. ദാരിദ്ര്യത്താലും രോഗത്താലും വേദനയനുഭവിക്കുന്ന ഞങ്ങളുടെ സഹോദ
രങ്ങളെ അങ്ങ് പരിപാലിക്കണമേ.

തിരുസഭയുടെ മാതാവായ പരിശുദ്ധ മറിയമേ, ഞങ്ങൾക്കുവേണ്ടണ്ടി അപേക്ഷിക്ക
ണമേ. തിരുസഭയുടെ സംരക്ഷകനും മദ്ധ്യസ്ഥനുമായ വിശുദ്ധ യൗസേപ്പിതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

1. സ്വർഗ. 1. നന്മ. 1. ത്രിത്വ.


**KCBC JAGRATHA**
കെസിബിസി ജാഗ്രതന്യൂസ്

**OCTOBER 2022 | Issue 287**

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

**PATRON**
Rt. Rev. Dr. Joseph Kariyil

**CHIEF EDITOR**
Rev. Dr. Michael Pulickal CMI

**CONSULTANT EDITOR**
Rev. Dr. Joshy Mayyattil


**EDITOR**
Vinod Nellackal

**DESIGN & LAYOUT**
Lithin Mahew

**OFFICE & DTP**
Vimala Shaji

www.malankaralibrary.com

# ഉള്ളടക്കം











| | |
|---|---|
| ഗർഭച്ഛിദ്രം അവകാശമോ അപരാധമോ? | 13 |
| കെസിബിസിയുടെ അവധി പ്രഖ്യാപനം | 18 |
| കേരളത്തിലെ മതനിന്ദാ കേസുകളും അതിതീവ്ര മതവാദവും | 20 |
| സഭ സമുദായം രാഷ്ട്രീയം | 25 |
| പോപ്പുലർഫ്രണ്ടിന്റെ നിരോധനവും ആനുകാലിക കേരളവും | 27 |
| രണ്ടു പ്രത്യയശാസ്ത്രങ്ങൾക്കിടയിലെ സംഘർഷവും, ക്രൈസ്തവരുടെ ആശയക്കുഴപ്പങ്ങളും | 34 |
| സന്യാസത്തെ അശ്ലീലവൽക്കരിക്കുന്നവർ | 37 |
| 'വിശുദ്ധപാപ'ങ്ങളുടെ കണക്കെടുപ്പുകാർ | 49 |
| മതപീഡനങ്ങൾക്കും തീവ്രവാദപ്രവർത്തനങ്ങൾക്കും അന്ത്യം അനിവാര്യം | 51 |


**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും**
**കെസിബിസി ജാഗ്രതാ ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
Whatsapp: +917594900555, E-mail: kcbcshvc@gmail.com

www.malankaralibrary.com

# എഡിറ്റോറിയൽ

കേരള സഭയ്ക്കിത് നവീകരണ വർഷങ്ങളാണ്. സഭയുടെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന രീതിയിലാണ് നവീകരണ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. നന്മകൾ തിരിച്ചറിയാനും പോരായ്മകൾ തിരുത്താനും കൂടുതൽ തീക്ഷ്ണതയിലും വിശുദ്ധിയിലും ജാഗ്രതയിലും വർത്തിക്കുവാനും ഈ ദിവസങ്ങൾ നമ്മെ സഹായിക്കണം.

വിശുദ്ധ ചാവറയച്ചൻ തന്റെ സന്ന്യാസസഭാംഗങ്ങൾക്ക് എഴുതിയ കത്തിലെ ഒരു വാചകം ഇവിടെ പ്രസക്തമാണ്. മറ്റുള്ളവരുടെ നിരാസങ്ങൾക്കോ എതിർപ്പുകൾക്കോ വിരോധങ്ങൾക്കോ ദൈവപ്രവർത്തിയായ സഭയ്ക്ക് അന്തരം വരുത്താനാവില്ല. എന്നാൽ ഒരു കൂട്ടർക്കതിന് സാധിക്കും. തങ്ങളുടെ ദൈവവിളിയെ മറന്ന് പുണ്യങ്ങൾക്കടുത്ത ജീവിതം നയിക്കാത്ത സഭാംഗങ്ങൾക്ക് അതിന് കഴിയും. അദ്ദേഹം വീണ്ടും പറയുന്നുണ്ട്, സഭാകൂട്ടായ്മയുടെ ഉറപ്പ് കെട്ടിടങ്ങളുടെ ചുവരുകളുടെ ബലമല്ല, അതിൽ വസിക്കുന്നവരുടെ തീക്ഷണതയും പുണ്യവുമാണ്. അന്തഛിദ്രമുള്ള ഏതൊരു രാജ്യവും നശിക്കും എന്ന് ക്രിസ്തു പഠിപ്പിച്ചത് നാം എന്നും ഓർക്കേണ്ടതുണ്ട്.

ബാഹ്യമായ സഭാവിരുദ്ധ ശക്തികളുടെ ശ്രമങ്ങളെക്കുറിച്ച് നാം പുലർത്തുന്ന ജാഗ്രത ആന്തരികമായ കാര്യങ്ങളിൽ നാം കാണിക്കേണ്ടതുണ്ട്. നമ്മുടെ ഇടയിലെ വിഭജനങ്ങളും വിഭാഗീയതകളും നമ്മുടെ ശക്തിയെ ചോർത്തി കളയുകയാണ് എന്നതിൽ ആർക്കും സംശയമില്ല. ലത്തീൻ, സിറോ മലബാർ, സിറോ മലങ്കര എന്നിങ്ങനെയുള്ള മൂന്ന് റീത്തുകൾ ഒരുമിച്ചു പ്രവർത്തിക്കുന്ന കേരളസഭയെ പോലെ ലോകത്തിൽ മറ്റൊരു സഭാ കൂട്ടായ്മ ഉണ്ടോ എന്നുതന്നെ സംശയമാണ്. പാശ്ചാത്യ പൗരസ്ത്യ ആദ്ധ്യാത്മികത ഒരുമിച്ചു വളരുന്ന ഇടമാണിവിടം. എന്നിട്ടും നിർഭാഗ്യവശാൽ ചുരുക്കം ചിലരെങ്കിലും തനിമയുടെയും ചരിത്രത്തിന്റെയും മറ്റും പേരുകളിൽ അനാവശ്യ വിവാദങ്ങളുടെയും പരിധിവിട്ട കോലാഹലങ്ങളുടെയും പുറകെയാണ്. ഒരുമിച്ചു നിന്ന് നേരിടാനും പൊരുതാനും അനേകം വെല്ലുവിളികൾ ഉണ്ട്. കടൽ കവരുന്ന തീരദേശവും വനഭൂമിയാക്കപ്പെടുന്ന ജനവാസ മേഖലകളും അവയുടെ അതിജീവനത്തിനായുള്ള സമരത്തിലാണ്. കൊച്ചുകുട്ടികൾക്കിടയിൽ പോലും വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം, ആസൂത്രിതമായി ആക്രമിക്കപ്പെടുന്ന കുടുംബമൂല്യങ്ങൾ, വർദ്ധിച്ചുവരുന്ന മതനിഷേധ പ്രസ്ഥാനങ്ങളും മത തീവ്രവാദ പ്രസ്ഥാനങ്ങളും തുടങ്ങിയവയൊക്കെ വളരെ ഗൗരവമായി നാം സംബോധന ചെയ്യേണ്ടതുണ്ട്. വഴിവക്കിൽ മുറിവേറ്റ് കിടക്കുന്നവർക്കടുത്തേക്ക് ചെന്നെത്തുന്ന ജീവാഭയകേന്ദ്രങ്ങളായി നാം രൂപാന്തരപ്പെടേണ്ടതുണ്ട്.

സിനഡാലിറ്റിയിലൂടെ അതിർവരമ്പുകളില്ലാത്ത ജനകീയ സംവാദമാണ് ഫ്രാൻസിസ് മാർപാപ്പ ലക്ഷ്യമിടുന്നത്. ആ ജനകീയ സംവാദത്തെ നവീകരണത്തിന്റെ തലത്തിലേക്കും, നവീകരണത്തെ റീത്ത് പ്രാദേശിക രൂപതാ തലങ്ങളിലുളവായേക്കാവുന്ന വേർതിരിവുകൾക്കപ്പുറം സ്നേഹ കൂട്ടായ്മയുടെ വളർച്ചയിലേക്കും നയിക്കാൻ സാധിക്കണം. അകറ്റുന്ന മതിൽകെട്ടുകളെക്കാളും ഒരുമിപ്പിക്കുന്ന പാലങ്ങൾ കണ്ടെത്താനും പണിതുയർത്താനും സഭയിലെ പണ്ഡിതരും പ്രധാനികളും ശ്രമിക്കട്ടെ. ചരിത്രത്തിന്റെ കറുത്ത അധ്യായങ്ങളെ ഇന്നിന്റെ ശോഭ കെടുത്താനും വിഭാഗീയത വളർത്താനും ദുരുപയോഗം ചെയ്യാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നാളെയെ ഇല്ലാതാക്കുന്ന ഇന്നിന്റെ പ്രശ്നങ്ങളിൽ പ്രവാചക ധീരതയോടെ, നല്ല സമരിയാക്കാരന്റെ മനസോടെ, തീക്ഷണമായ സഭാ സ്നേഹത്തോടെ, ജാഗരൂകതയോടെ ഇടപെടാനും നേതൃത്വം നൽകാനും നമുക്ക് സാധിക്കട്ടെ.

www.malankaralibrary.com

# കേരളത്തിലെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

**ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,**

മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരി ക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021ലെ റിപ്പോർട്ട് അനുസരിച്ച് NDPS (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരിസംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധനവ് ലഹരി ഉപയോഗം കനത്തതോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കുന്നുണ്ട്. 2020 ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീ യുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് തെളി വാണ്.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹ്യതിന്മയെ കുറിച്ച് നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല മറിച്ച് കുടുംബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ സാമൂഹ്യവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധി ഷ്ഠിതമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തോടു കൂടി ഈ സാമൂഹ്യവിപത്തിന്റെ ഭീകരതയെ മനസിലാക്കാനും ഇതിൻറെ വ്യാപനത്തെ പ്രതിരോധിക്കാൻ കർമപദ്ധതികൾ ആവിഷ്കരിക്കാനും സഭാതനയർ ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

## ലഹരിമരുന്നുകളുടെ വ്യാപനം

മയക്കുമരുന്നിന്റെ വലിയ വിപണിയായി നമ്മുടെ സമൂഹം മാറുകയാണ്. നമ്മുടെ തുറമുഖങ്ങളിൽ നിന്നും വിമാനത്താവളങ്ങളിൽ നിന്നും പിടിക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളും, നഗര, ഗ്രാമ വ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യപ്പെടുന്ന മയക്കുമരുന്നിന്റെ ഉപഭോഗവും വിപണനവും സംബന്ധിച്ച നിരവധി കേസുകളും ഇത് വ്യക്തമാക്കുന്നു.

മുൻകാലങ്ങളിൽ കഞ്ചാവുപോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽനിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്.

തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന തിരിച്ചറിവില്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നതെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ നിഗമനം. ഉന്മേഷത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായികളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം

www.malankaralibrary.com

കണ്ടെത്താനും കുട്ടികൾ നിർബ്ബന്ധിതരാകുന്നു. ക്രമേണ മയക്കുമരുന്ന് വിപണന സംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനം പോലും ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണ നാശത്തിലേക്കും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണ് നയിക്കുന്നതെന്നതാണ് വാസ്തവം.

**സഭയുടെ നിലപാട്**

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ട് തിന്മയാകുന്നു എന്നതിനെകുറിച്ച് കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്ക് ലഹരി വസ്തുക്കളിൽ ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്ക് ചുറ്റുമുള്ള മനുഷ്യരെ കുടുംബ തലത്തിലും, സാമൂഹിക തലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (YOUCAT 389). 2016ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: 'പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കാനും, നൈമിഷിക സുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു.'

മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നുകാണിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിന് കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. മയക്കു മരുന്ന് ഉപയോഗവും അതിലുള്ള അടിമത്തവും തിന്മയാണ്. ഇക്കാരണത്താൽ തന്നെയാണ് ലഹരിവസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവ ധർമ്മമായി തിരുസഭ വീക്ഷിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം.

**പ്രായോഗിക സമീപനങ്ങൾ**

നമ്മുടെ സാംസ്കാരിക, സാമൂഹിക ഔന്നത്യത്തെയും ക്രമസമാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും ഭാവിയെയുമെല്ലാം ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക തിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂഹിക, സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽമാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധ തലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.


**കുടുംബതലം:**

കുടുംബങ്ങളിലാണ് ലഹരി ഉപയോഗവും അടിമത്തവും സംബന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം.

www.malankaralibrary.com

**സംഘടനാതലം:**

മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളികളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പി ക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ, ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻനിറുത്തി സംഘടനാ തലത്തിൽ ലഹരി വിരുദ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽകണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് വ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തിയെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വഴി സാധിക്കണം. ലൈംഗിക ചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ, മലങ്കര കാത്തലിക്ക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റ് സഭാ സംഘടനകളും ഈ ലക്ഷ്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതു സ്ഥലങ്ങളും മയക്കുമരുന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തന തലങ്ങളിലേയ്ക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റ് സംഘടനകളും ഔദ്യോഗിക സംവിധാനങ്ങളുമായി യോജിച്ചുപ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.





**വിദ്യാഭ്യാസ സ്ഥാപനങ്ങൾ:**

എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിൻറെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരി വിമുക്തമാണെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മാനേജുമെന്റുകൾക്കു കീഴിലുള്ള സ്കൂളുകളിലും കോളേജുകളിലും പ്രവർത്തനസജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുകയും ലഹരിവിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയങ്ങളിലും പരിസരപ്രദേശങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്ക് കടന്നുവരുന്ന അപരിചിതരെയും നിരീ

www.malankaralibrary.com

ക്ഷണ വിധേയമാക്കണം. മാത്രമല്ല മയക്കുമരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയങ്ങളിൽ ക്രമീകരിക്കുകയും വേണം.

**സഭാസംവിധാനങ്ങൾ:**



സഭയുടെ കേന്ദ്രീകൃത സംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖലാരൂപതാ തലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്ന് വ്യാപനത്തെ പ്രതിരോധിക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണമെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാ സമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തിക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരി സാധ്യതകൾക്കും അനുബന്ധ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠ ക്ളാസുകളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹ്യപ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യമാണ്. വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതും പോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമതഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്ത സമൂഹത്തിനുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്ത കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്നവരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണസംവിധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനു കഴിയണം.

നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

**മിശിഹായിൽ സ്നേഹപൂർവം,**

- കർദിനാൾ ജോർജ് ആലഞ്ചേരി
  പ്രസിഡൻറ്, കെസിബിസി
- ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ
  വൈസ് പ്രസിഡൻറ്, കെസിബിസി
- ബിഷപ് ഡോ. ജോസഫ് മാർ തോമസ്
  സെക്രട്ടറി ജനറൽ, കെസിബിസി

www.malankaralibrary.com

*ജാഗ്രത നിരീക്ഷണം*

# ലഹരിയുടെ പടുകുഴിയിൽ കേരളം

2022 ഓഗസ്റ്റ് മാസം അന്നത്തെ സംസ്ഥാന എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ നടത്തിയ ചില വെളിപ്പെടുത്തലുകൾ നടുക്കമുളവാക്കുന്നതാണ്. സമീപവർഷങ്ങളായി ഉയരുന്ന ആരോപണങ്ങളെ ശരിവയ്ക്കുന്നതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. അടുത്ത കാലങ്ങളായി പുറത്തുവന്നുകൊണ്ടിരിക്കുന്ന ചില വാർത്തകളും കൂട്ടിവായിച്ചാൽ കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയുടെ ഭീകരചിത്രം വ്യക്തമാണ്. എംഡിഎംഎ പോലുള്ള മാരകമായ മയക്കുമരുന്നിന് നഗര ഗ്രാമ ഭേദമില്ലാതെ സ്കൂൾകുട്ടികളിൽപോലും ഒരു വിഭാഗം അടിമകളാണ് എന്നാണ് വാർത്തകൾ വ്യക്തമാക്കുന്നത്. മയക്കുമരുന്ന് മാഫിയയുടെ കരാളഹസ്തങ്ങളിൽ അകപ്പെട്ടിരിക്കുന്ന ഇന്നത്തെ യുവത്വത്തെക്കുറിച്ചോർത്ത് വിലപിക്കാനേ ലോകത്തിന് കഴിയൂ എന്നാണ് അവസ്ഥ.

മുൻകാലങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി വലിയ രീതിയിൽ കേരളത്തിൽ മയക്കുമരുന്ന് പിടിക്കപ്പെടുന്നുണ്ട് എന്ന് പറയുന്ന മന്ത്രി, പിടിക്കപ്പെടുന്നതിലും എത്രയോ അധികമാണ് ഉപയോഗിക്കപ്പെടുന്നത് എന്ന തന്റെ ബോധ്യവും വെളിപ്പെടുത്തുന്നുണ്ട്. ഇപ്പോൾ പിടിക്കപ്പെടുന്ന എല്ലാവരുടെയുംതന്നെ കയ്യിൽ എംഡിഎംഎ കാണപ്പെടുന്നതിനാൽ അതിന് വലിയ വ്യാപനമുണ്ടെന്ന് വേണം കരുതാൻ. അത്തരത്തിൽ ചിന്തിച്ചാൽ, കേരളം ഇന്ന് മയക്കുമരുന്ന് മാഫിയയുടെ വലിയ വിപണന കേന്ദ്രമായി മാറിക്കഴിഞ്ഞിട്ടുണ്ട് എന്നും അദ്ദേഹം തുറന്നു സമ്മതിക്കുന്നു. പത്തുവയസ് മുതലുള്ള കുട്ടികൾപോലും കേരളത്തിൽ ലഹരി ഉപയോഗിക്കുന്നവരായുണ്ട് എന്നുള്ളതാണ് അദ്ദേഹത്തിന്റെ മറ്റൊരു വെളിപ്പെടുത്തൽ.

സുഹൃത്തുക്കൾ മയക്കുമരുന്നു നൽകി പീഡിപ്പിച്ചിരുന്നതായി കണ്ണൂർ സ്വദേശിയായ ഒരു സ്കൂൾ വിദ്യാർത്ഥിനി നടത്തിയ വെളിപ്പെടുത്തലും കേരളത്തിന്റെ ഇന്നത്തെ അവസ്ഥയുടെ നേർചിത്രമാണ്. താൻ മാത്രമല്ല, നിരവധി കുട്ടികൾ ഇത്തരത്തിൽ ദുരുപയോഗിക്കപ്പെടുകയും മയക്കുമരുന്നിന് അടിമകളാക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്നും പെൺകുട്ടി പറയുന്നു. എക്സൈസ് മന്ത്രിയുടെ തന്നെ വെളിപ്പെടുത്തൽ പ്രകാരം ഊർജ്ജവും ഉന്മേഷവും ലഭിക്കാൻ എന്ന പേരിലാണ് കുട്ടികളിലേക്ക് മയക്കുമരുന്ന് ഉപയോഗം വ്യാപിക്കുന്നത്. അതുതന്നെയാണ് കണ്ണൂരിൽ ദുരനുഭവങ്ങൾ നേരിട്ട പെൺകുട്ടിക്ക് പറയാനുള്ളതും. ഒരുപക്ഷെ, തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന് തിരിച്ചറിയാതെയാണ് ബഹുഭൂരിപക്ഷം കുട്ടികളും ഇതിന് അടിമകളാകുന്നുണ്ടാവുക. സങ്കൽപ്പിക്കാൻ കഴിയുന്നതിലും കൂടുതൽ അപകടകരമാണ് ഇന്നത്തെ സാഹചര്യം എന്ന സൂചനയാണ് ഇതുപോലുള്ള വെളിപ്പെടുത്തലുകളിലൂടെ ലഭിക്കുന്നത്.

അക്രമസ്വഭാവവും ആത്മഹത്യകളും കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഒരു സാഹചര്യംകൂടി ഇന്നത്തെ കേരളത്തിലുണ്ട്. കേവലം പത്തോ പന്ത്രണ്ടോ വയസ് മാത്രമുള്ള ഒരു ആൺകുട്ടി പണം ആവശ്യപ്പെട്ട് രൂക്ഷമായ അക്രമസ്വഭാവം പ്രകടിപ്പിക്കുന്ന ഒരു വീഡിയോ സമീപകാലത്ത് സോഷ്യൽമീഡിയയിൽ പ്രചരിച്ചിരുന്നു. കാരണമെന്തെന്ന് അറിയാതെയുള്ള ഇത്തരം പ്രകൃതങ്ങൾ കുട്ടികൾക്കിടയിൽ വർദ്ധിച്ചു വരുന്ന കാഴ്ചകൾക്ക് മയക്കുമരുന്ന് ഉപയോഗവുമായി ബന്ധമുണ്ടോ എന്ന് വ്യക്തമായ അന്വേഷണം ആവശ്യമുണ്ട്. എംഡിഎംഎ പോലുള്ള ആധുനിക സിന്തറ്റിക് മയക്കുമരുന്നുകളുടെ പ്രത്യേകത ഉപയോഗം വളരെ കുറഞ്ഞ അളവിലായാലും ലഹരി കൂടുതലായിരിക്കും എന്നുള്ളതാണ്. വളരെ കുറഞ്ഞ അളവിൽ ഉപയോഗിക്കപ്പെടുന്നതിനാൽ മാതാപിതാക്കൾക്കോ സുഹൃത്തുക്കൾക്കോ പോലും മയക്കുമരുന്ന് ഉപയോഗിക്കുന്നതായി സൂചന ലഭിച്ചെന്ന് വരില്ല. സ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾക്ക് കാരണം മറ്റെന്തെങ്കിലുമാകാം എന്ന് സംശയിച്ചേക്കാം. ഒരുപക്ഷെ അത്തരത്തിലുള്ള സൂചനകൾ കൊടുക്കാതിരിക്കാൻ ഉപയോഗിക്കുന്നവരും മുൻകരുതലുകൾ സ്വീകരിക്കാനിടയുണ്ട്. പക്ഷെ, ഒരു ഘട്ടം കഴിയുമ്പോൾ കാര്യങ്ങൾ കൈവിട്ടുപോവുകയും, വലിയ മാനസിക – ആരോഗ്യ പ്രശ്നങ്ങളിലേക്കും അഡിക്ഷനിലേയ്ക്കും വ്യക്തി എത്തിച്ചേരുകയും ചെയ്യും. കാരണമറിയാത്തതും വർദ്ധിച്ചുവരുന്നതുമായ ആത്മഹത്യകൾക്ക് പിന്നിലും മയക്കുമരുന്നിന്റെ ഉപയോഗമുണ്ടോ എന്നുള്ളതും സംശയിക്കാവുന്നതാണ്.

സൗജന്യമായി ലഭിച്ചുതുടങ്ങുന്ന മയക്കുമരുന്നിന് ക്രമേണ അടിമകളായിത്തുടങ്ങുമ്പോൾ തുടർന്ന് അത് പണം കൊടുത്ത് വാങ്ങേണ്ടതായി വരുന്ന സാഹചര്യം ഉടലെടുക്കുന്നു. അപ്പോൾ ഉപയോഗിക്കുന്ന കുട്ടികൾ തന്നെ കാരിയർമാരും ആയിമാറുന്ന അവസ്ഥയുമുണ്ടാകുന്നു. അത്തരത്തിലാണ് കുട്ടികൾക്കിടയിൽ മയക്കുമരുന്ന് വളരെ വേഗത്തിൽ പ്രചരിക്കുന്നത് എന്നാണ് സൂചനകൾ. ഇത്തരത്തിൽ കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്ന് വ്യാപിപ്പി

www.malankaralibrary.com



ക്കൽ ലക്ഷ്യമിടുന്ന മാഫിയകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് സുവ്യക്തമാണ്. ഇത്തരം യാഥാർഥ്യങ്ങളെല്ലാം വളരെ വ്യക്തമായിട്ടും സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കാത്തത് ദുരൂഹമാണ്.

ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സൂചനകൾ പ്രകാരം കേരളത്തിൽ വളരെ വ്യാപകമായി മാരകമായ പുതുതലമുറ മയക്കുമരുന്നുകൾ ഉപയോഗിക്കപ്പെടുന്നുണ്ട് എന്നും, മന്ത്രിയുടെ തന്നെ ധാരണകൾ പ്രകാരം അത്തരം മയക്കുമരുന്നുകൾ വരുന്നത് അഫ്ഘാനിസ്ഥാൻ, ഇറാൻ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നാണ് എന്നും വരുമ്പോൾ മയക്കുമരുന്നും തീവ്രവാദ പ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധം തള്ളിക്കളയാനാവില്ല. ഒരു വലിയ തലമുറയുടെ പ്രവർത്തനശേഷിയേയും, നാടിന്റെ തന്നെ ഭാവിയെയും നേരിട്ട് ബാധിക്കുന്ന വിധത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം ഇവിടെ വർദ്ധിച്ചിട്ടുണ്ടെങ്കിൽ അക്കാര്യത്തിലും ദേശവിരുദ്ധ ശക്തികളുടെ പങ്ക് സ്വാഭാവികമായും സംശയിക്കാം. കേന്ദ്ര അന്വേഷണ ഏജൻസികളെയും, സംസ്ഥാന പോലീസ് സേനയെയും, എക്സൈസ് വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ അന്വേഷണങ്ങളാണ് ഇവിടെ ഉണ്ടാകേണ്ടത്. ഒപ്പം, വിദ്യാർത്ഥികൾക്കിടയിൽ സംഭവിച്ചിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിന്റെ ആഴവും വ്യാപ്തിയും കണ്ടെത്തി സ്കൂളുകളുടെയും അധ്യാപകരുടെയും സഹായത്തോടെ അതിൽനിന്ന് അവരെ മോചിപ്പിക്കാനുള്ള ഫലപ്രദമായ ശ്രമങ്ങൾ ഉണ്ടാകണം. രാഷ്ട്രീയ സ്വാധീനങ്ങളുടെയും, വർഗ്ഗീയ ശക്തികളുടെ ഇടപെടലുകളുടെയും പേരിൽ ഇത്തരമൊരു വിഷയത്തെ നിസ്സാരവൽക്കരിച്ച് നാടിന്റെ ഭാവി നശിപ്പിക്കാൻ ഭരണകൂടം കൂട്ടുനിൽക്കാൻ പാടില്ല.




## കെസിബിസിയുടെ ഒരുവർഷം നീളുന്ന ലഹരിവിരുദ്ധ പോരാട്ടത്തിന് തുടക്കം

കേരളം മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ വിവിധ രൂപതകളെയും കെസിബിസിയുടെ വിവിധ കമ്മീഷനുകളെയും സഹകരിപ്പിച്ചുകൊണ്ടുള്ള ഊർജ്ജിത ലഹരി വിരുദ്ധ കർമ്മ പരിപാടികൾക്ക് പാലാരിവട്ടം പിഒസിയിൽ തുടക്കമായി. കാരിത്താസ് ഇന്ത്യയുമായി ചേർന്ന് മയക്കുമരുന്ന് വ്യാപനത്തിനെതിരെ അവതരിപ്പിക്കുന്ന ഒരുവർഷം നീണ്ട ക്യാംപെയിൻ 'സജീവം' ഒക്ടോബർ ഏഴിന് നടന്ന ഏകദിന ശില്പശാലയോടെയാണ് ആരംഭിച്ചത്. ഐജി പി വിജയൻ ഐപിഎസ് ശിൽപ്പശാല ഉത്ഘാടനം ചെയ്തു. പ്രായോഗിമായ കർമ്മപരിപാടികളോടെ ലഹരിക്കെതിരെ ഊർജ്ജിത ബോധവത്കരണ പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുവാൻ കാരിത്താസ് ഇന്ത്യയുമായി ചേർന്ന് കെസിബിസിയുടെ സോഷ്യൽ സർവ്വീസ്, മദ്യവിരുദ്ധ സമിതി, യുവജന, വിദ്യാഭ്യാസ, ജാഗ്രതാകമ്മീഷനുകൾ ചേർന്ന് പ്രവർത്തിക്കും.

www.malankaralibrary.com



## ലഹരിക്കെതിരായ സർക്കാർ നീക്കം അഭിനന്ദനാർഹം; കൂടുതൽ കരുതലും ജാഗ്രതയും ആവശ്യം: കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

മയക്കുമരുന്നിന്റെ വിപണനവും ഉപഭോഗവും കൂടുതൽ ഗൗരവമായി കേരളം ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് ഒരുവർഷം പൂർത്തിയാവുകയാണ്. മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വെല്ലുവിളികളുടെ രൂക്ഷത മലയാളികൾ ഏറ്റവും വ്യക്തമായി മനസ്സിലാക്കിയതും ഈ ഒരു വർഷത്തിനിടയിൽ തന്നെയാണ്. ഈ പശ്ചാത്തലത്തിൽ, കേരളത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിയന്ത്രിക്കാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കുന്നതായുള്ള പ്രഖ്യാപനം അഭിനന്ദനാർഹമാണ്. നാർക്കോട്ടിക് കേസുകളിൽ പ്രതികൾക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്തുക, വിദ്യാലയ പരിസരങ്ങളെ ലഹരി വിമുക്തമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക തുടങ്ങിയ നടപടികൾ ഉചിതമാണ്.

വിദ്യാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ലഹരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ യുക്തമാണെങ്കിലും, പുതുതലമുറ മാരക മയക്കുമരുന്നുകൾ വിതരണം ചെയ്യപ്പെടുന്ന പ്രത്യേക മേഖലകളും കേന്ദ്രങ്ങളും, അവയ്ക്ക് പിന്നിലെ മാഫിയകളും തിരിച്ചറിയപ്പെടുകയും പ്രതിരോധിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. പ്രണയം നടിച്ച് ലഹരി വിതരണ സംഘങ്ങളുടെ ഭാഗമാക്കി മാറ്റപ്പെടുന്ന പെൺകുട്ടികൾ, ലഹരി നൽകി ലൈംഗിക ചൂഷണത്തിന് വിധേയമാക്കുന്ന കേസുകളുടെ വർധനവ്, ലഹരി വ്യാപനത്തിന് അനുബന്ധമായി വളരുന്ന സ്വർണ്ണ കടത്ത്, കുഴൽപ്പണ ഇടപാടുകൾ, അവയ്ക്ക് പിന്നിലെ ശക്തികൾ തുടങ്ങിയവയെല്ലാം വിശദമായ അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും വിധേയമാകേണ്ടതുണ്ട്. ആയിരക്കണക്കിന് കോടികളുടെ മയക്കുമരുന്ന് വിൽപ്പന നമുക്കിടയിൽ നടക്കുന്നുണ്ട് എന്ന വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ, അതിന്റെ പിന്നാമ്പുറത്ത് മറഞ്ഞിരിക്കുന്ന ഗൂഢ സംഘങ്ങളെ വെളിച്ചത്ത് കൊണ്ടുവരാൻ അന്വേഷണ ഏജൻസികൾ തയ്യാറാകണം. കേരളത്തെ മയക്കുമരുന്നിന്റെ നാടാക്കി മാറ്റിക്കൊണ്ടിരിക്കുന്ന അത്തരം മാഫിയകളെ തിരിച്ചറിഞ്ഞ് തുടച്ചു നീക്കിയെങ്കിൽ മാത്രമേ മയക്കുമരുന്നിൽനിന്ന് കേരളം പൂർണ്ണ വിമുക്തി നേടുകയുള്ളൂ.

കുട്ടികളെയും യുവാക്കളെയും ലഹരിക്ക് അടിമപ്പെടുത്തുന്ന വിവിധ ചതിക്കുഴികളെക്കുറിച്ച് വ്യക്തമായ ബോധവൽക്കരണം ആവശ്യമുണ്ട്. ലഹരി പ്രോത്സാഹിപ്പിക്കുന്ന സിനിമകൾ വർധിച്ചിരിക്കുന്ന സാഹചര്യത്തിൽ അത്തരം സിനിമകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകണം. ലഹരിവിരുദ്ധ ബോധവൽക്കരണ പദ്ധതികൾ വിവിധ തലങ്ങളിൽ നടപ്പാക്കാൻ സർക്കാർ പ്രത്യക സംവിധാനങ്ങൾ ഒരുക്കുകയും, സന്നദ്ധ സംഘടനകളുടെ സഹായങ്ങൾ തേടുകയും വേണം. കെസിബിസി ഐക്യജാഗ്രതാ കമ്മീഷനോട് ചേർന്ന് പ്രവർത്തിക്കുന്ന രൂപതാതല ജാഗ്രതാ സമിതികൾ ഈ ലക്ഷ്യങ്ങൾക്കായി നിലകൊള്ളുന്നതാണ്. 01/ 09/ 2022

**പുതുതലമുറ മാരക മയക്കുമരുന്നുകൾ വിതരണം ചെയ്യപ്പെടുന്ന പ്രത്യേക മേഖലകളും കേന്ദ്രങ്ങളും, അവയ്ക്ക് പിന്നിലെ മാഫിയകളും തിരിച്ചറിയപ്പെടുകയും പ്രതിരോധിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. പ്രണയം നടിച്ച് ലഹരി വിതരണ സംഘങ്ങളുടെ ഭാഗമാക്കി മാറ്റപ്പെടുന്ന പെൺകുട്ടികൾ, ലഹരി നൽകി ലൈംഗിക ചൂഷണത്തിന് വിധേയമാക്കുന്ന കേസുകളുടെ വർധനവ്, ലഹരി വ്യാപനത്തിന് അനുബന്ധമായി വളരുന്ന സ്വർണ്ണ കടത്ത്, കുഴൽപ്പണ ഇടപാടുകൾ, അവയ്ക്ക് പിന്നിലെ ശക്തികൾ തുടങ്ങിയവയെല്ലാം വിശദമായ അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും വിധേയമാകേണ്ടതുണ്ട്.**

www.malankaralibrary.com



**ലഹരിമാഫിയയുടെ തായ്‌വേരറുക്കണം**
**കെ.സി.ബി.സി മദ്യവിരുദ്ധസമിതി**

സംസ്ഥാനത്ത് അതിഭീകരമായവിധം പിടിമുറുക്കിയിരിക്കുന്ന ലഹരിമാഫീയായുടെ തായ്‌വേരറക്കാൻ പ്രത്യേക ദൗത്യസേനയെ നിയോഗിക്കണമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കലും സംസ്ഥാന വക്താവായ അഡ്വ. ചാർളി പോൾ സർക്കാരിനോടാവശ്യപ്പെട്ടു.

പഞ്ചാബിൽ സംഭവിച്ച ലഹരിയുടെ ദുരന്തങ്ങൾ കേരളത്തേയും ബാധിച്ചു കഴിഞ്ഞു. 2018ൽ 6000 കേസുകളുണ്ടായിരുന്ന സംസ്ഥാനത്ത് ഈ വർഷം പകുതി ദിവസങ്ങൾ പിന്നിടുമ്പോൾ 16,000 കേസുകളായി ഉയർന്നു. കോടിക്കണക്കിനു രൂപയുടെ ലഹരി വസ്തുക്കളാണ് പ്രതിദിനം പിടിക്കപ്പെടുന്നത്. കഞ്ചാവ്, കൊക്കെയ്ൻ, എൽ.എസ്.ഡി, സ്റ്റാമ്പ്, ഹാഷിഷ് ഓയിൽ, എം.സി.എം.എ, കൂടാതെ കഴിഞ്ഞദിവസം നെടുമ്പാശേരി അന്തരാഷ്ട്ര വിമാനതാവളത്തിൽനിന്നും 60 കോടി രൂപാ വിലമതിക്കുന്ന മേഥനോൾ വരെ പിടിക്കൂടിയിരിക്കുകയാണ്. ലഹരിയുടെ ഹബ്ബായി കേരളം മാറി. കുഞ്ഞുകുട്ടികൾ വരെ ലഹരിമുക്ത ചികിത്സാകേന്ദ്രങ്ങളിലുണ്ട്. മനസിൽ വിചാരിക്കുമ്പോഴേക്കും പടിവാതുക്കൽ മയക്കുമരുന്നുകൾ എത്തുംവിധം സർവ്വസജ്ഞമാണ് ലഹരിമാഫിയ. പോലീസ് ഉദ്യോഗസ്ഥർ വരെ ലഹരിവാഹകരായി മാറുന്നു. ലഹരി സംഘങ്ങളുടെ തായ്‌വേര് അറുത്തു കേരളത്തെ ലഹരിവിപത്തിൽ നിന്ന് രക്ഷിച്ചേ തീരൂ. കോവിഡിനെ കേരളം ഫലപ്രദമായി നേരിട്ടപോലെ ലഹരിയെ നേരിടാനും "ബ്രേക്ക് ദ ചെയ്യാൻ" പോലുള്ള കാര്യക്ഷമമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

ലഹരിവേട്ടകൾ സർവ്വസജ്ജമായി തുടർന്നുകൊണ്ടിരിക്കണം. വിവിധ വകുപ്പുകളുടെ ഏകോപിത മുന്നേറ്റം ഇക്കാര്യത്തിലുണ്ടാകണം. ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കാനും പുനരധിവസിപ്പിക്കാനും കൂടുതൽ ചികിത്സാകേന്ദ്രങ്ങൾ സർക്കാർ ആരംഭിക്കണം. ലഹരിമാഫിയയുടെ പിന്നിലുള്ള അദൃശ്യ ശക്തികളെ പുറത്തുകൊണ്ടുവരണം. രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങൾ അവരുടെ മുഖ്യ അജണ്ടയായി ലഹരിവിരുദ്ധ പ്രവർത്തനം ഏറ്റെടുക്കണമെന്നും ഫാ. ജോൺ അരീക്കലും അഡ്വ. ചാർളിപോളും ആവശ്യപ്പെട്ടു. (26/8/2022)

---

**ലഹരിഭീകരതക്കെതിരെ പ്രതിഷേധ നിൽപ്പ്സമരം**

കൊച്ചി: കേരളത്തിൽ വർധിച്ചുവരുന്ന ലഹരിഭീകരതക്കെതിരെ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും കേരള മദ്യവിരുദ്ധ ഏകോപനസമിതിയുടെയും ആഭിമുഖ്യത്തിൽ സംഘ ടിപ്പിച്ച പ്രതിഷേധ നിൽപ്പ്സമരം സംഘടിപ്പിച്ചു. കോവിഡിനെ നേരിട്ടപോലെ ലഹരിഭീകരതയെ നേരിടാനും "ബ്രേക്ക് ദ ചെയിൻ" പോലുള്ള കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കണമെന്ന് കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സർക്കാരിനോടാവശ്യപ്പെട്ടു. കച്ചേരിപ്പടി ഗാന്ധിസ്ക്വയറിൽ നടന്ന പ്രതിഷേധ നിൽപ്പുസമരത്തിൽ ഫാ.മാർട്ടിൻ പോൾ, ജോൺസൺ പാട്ടത്തിൽ, ഷൈബി പാപ്പച്ചൻ, ഹിൽട്ടൺ ചാൾസ്, എം.പി.ജോസി, കെ.വിജയൻ, എം.എൽ.ജേസഫ്, ജോണി പിടിയത്ത് ഡേവീസ് ചക്കാലക്കൽ, തോമസ് മറ്റപ്പിള്ളി, കെ.കെ.സൈനബ, സിസ്റ്റർ റോസ്മിൻ, റപ്പായി കണ്ണമ്പുഴ, ചെറിയാൻ മുണ്ടാടൻ തുടങ്ങിയവർ പ്രസംഗിച്ചു. ലഹരിക്കെതിരെ വരും ദിനങ്ങളിൽ 51 കേന്ദ്രങ്ങളിൽ ലഹരി വിരുദ്ധ പ്രതിഷേധ സദസ്സുകൾ നടത്താനും ലഹരിവിരുദ്ധ കർമ്മസേനകൾ രൂപീകരിക്കാനും തീരുമാനിച്ചു. (30/8/2022)

**കേരളത്തിലെ മയക്കുമരുന്ന് ഉപഭോഗത്തിന്റെയും കേസുകളുടെയും കണക്കുകൾ നടുക്കമുളവാക്കുന്നവയാണ്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം, അഞ്ചും എട്ടും മടങ്ങു വലിപ്പമുള്ള സിറ്റികളായ മുംബൈ, ബാംഗൂർ, ഇൻഡോർ തുടങ്ങിയ നഗരങ്ങൾക്ക് തൊട്ടു പിന്നിലാണ് കൊച്ചിയുടെ സ്ഥാനം. കേവലം 92 ചതുരശ്ര കിലോമീറ്റർ മാത്രമുള്ള കൊച്ചിയിൽ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിരിക്കുന്നത് 910 കേസുകളാണ്.**

www.malankaralibrary.com

# ഗർഭച്ഛിദ്രം
# അവകാശമോ അപരാധമോ?



***ഫാ.മൈക്കിൾ പുളിക്കൽ*** CMI
*സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ*

തന്റെ ഉദരത്തിലുള്ള കുഞ്ഞിനെ കൊല്ലാനുള്ള അനുവാദം തേടി ഒരു യുവതി സുപ്രീംകോടതിയിൽ എത്തിയതും തുടർന്ന് അന്താരാഷ്ട്ര സുരക്ഷിത ഗർഭഛിദ്രദിനമായ സെപ്റ്റംബർ 29 ന് ഉണ്ടായ വിധിയും ഈ ദിവസങ്ങളിൽ വാർത്താപ്രാധാന്യം നേടിയിരുന്നു. അവിവാഹിതയായ ആ ഇരുപത്തഞ്ചുകാരി ഉഭയസമ്മതപ്രകാരമുള്ള ബന്ധത്തിൽനിന്ന് ഗർഭിണിയാവുകയും എന്നാൽ, പങ്കാളി വിവാഹം കഴിക്കാൻ വിസമ്മതിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് 23 ആഴ്ച പിന്നിട്ട ഗർഭം അലസിപ്പിക്കാൻ ഇവർ അനുമതി തേടിയത്. അവിവാഹിതയാണ് എന്ന കാരണത്താൽ ഈ ആവശ്യം ഡൽഹി ഹൈക്കോടതി നിരസിക്കുകയായിരുന്നു. തുടർന്ന് ഇവർ സുപ്രീം കോടതിയെ സമീപിച്ചു. അവിവാഹിതരായവർക്കും വിവാഹിതരായവരെ പോലെ 24 ആഴ്ച വരെ പ്രായമായ ഗർഭം അലസിപ്പിക്കാൻ അവകാശമുണ്ട് എന്ന നിരീക്ഷണമാണ് സുപ്രീം കോടതി നടത്തിയത്. വിവാഹിതർക്കുള്ളതുപോലെ പ്രത്യുത്പാദനപരമായ അധികാരം അവിവാഹിതർക്കുമുണ്ട് അതുകൊണ്ട് തന്നെ, ഗർഭച്ഛിദ്രത്തിന് വിവാഹിത അവിവാഹിത വേർതിരിവ് ഭരണഘടനയുടെ 14ആം വകുപ്പ് പ്രകാരം തുല്യതക്കുള്ള അവകാശത്തിന്റെ നിഷേധമാണെന്നും കോടതി ചൂണ്ടികാട്ടി. ഗർഭച്ഛിദ്രം തീരുമാനിക്കാനുള്ള അവകാശം സ്ത്രീക്ക് മാത്രമാണെന്നും വിധിയിൽ പറയുന്നു.




**നിയമം പറയുന്നത്**

1971 മുതൽ ഇന്ത്യയിൽ ഗർഭഛിദ്രം നിയമവിധേയമാണ്. 1971 ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗനൻസി (MTP) നിയമപ്രകാരം, ഗർഭഛിദ്രം അനുവദനീയമായത് മൂന്ന് കാരണങ്ങൾ ഉള്ളപ്പോഴാണ്. (1) ഗർഭിണിയായ സ്ത്രീയ്ക്കോ, ഉദരത്തിലുള്ള കുഞ്ഞിനോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുന്ന പക്ഷം, ഒരു ആരോഗ്യ വിദഗ്ധന് 12 ആഴ്ചകൾക്കുള്ളിൽ അബോർഷൻ നിർദ്ദേശിക്കാം. 12 മുതൽ 20 ആഴ്ചകൾ വരെയുള്ള ഗർഭാവസ്ഥയിൽ ഗർഭം അലസിപ്പിക്കണമെങ്കിൽ രണ്ടിൽ കുറയാത്ത ഡോക്ടർമാരുടെ അനുമതി ആവശ്യമാണ്. (2) ബലാൽസംഗം മൂലമാണ് ഒരു സ്ത്രീ ഗർഭം ധരിക്കുന്നതെങ്കിൽ, അത്തരം ഗർഭാവസ്ഥ ഒരാളിൽ സൃഷ്ടിച്ചേക്കാവുന്ന ഗുരുതരമായ മനസികാഘാതം പരിഗണിച്ച് ഗർഭച്ഛിദ്രം അനുവദിക്കാവുന്നതാണ്. (3) കുഞ്ഞുങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഗർഭം ഒഴിവാക്കാൻ സ്വീകരിച്ച എന്തെങ്കിലും മാർഗ്ഗം പരാജയപ്പെട്ടതുമൂലം അപ്രതീക്ഷിതമായി ഗർഭിണിയാകുന്ന അവസ്ഥ സ്ത്രീക്ക് വലിയ മനസികാഘാതത്തിന് കാരണമാകുന്ന പക്ഷം അവിടെയും അബോർഷൻ അനുവദിക്കാവുന്നതാണ്.

ഈ മൂന്ന് കാരണങ്ങളാൽ അബോർഷൻ അനുവദനീയമെങ്കിലും, അബോർഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളും നല്കപ്പെട്ടിട്ടുണ്ട്. പതിനെട്ട്

www.malankaralibrary.com

വയസിൽ താഴെയുള്ള പെൺകുട്ടികൾ ഗർഭം ധരിക്കുന്ന സാഹചര്യത്തിലോ, മനോനിലയ്ക്ക് തകരാറുള്ള സ്ത്രീകളുടെ കാര്യത്തിലോ ഗർഭഛിദ്രം ചെയ്യുന്നതിന് രക്ഷിതാക്കളുടെ സമ്മതം ആവശ്യമാണ്. അല്ലാതെയുള്ള എല്ലാ സാഹചര്യങ്ങളിലും ഗർഭിണിയായ സ്ത്രീയുടെയും പങ്കാളിയുടെയും സമ്മതം ഉണ്ടായിരിക്കണം എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നിർദേശം. ചുരുക്കത്തിൽ, ഗുരുതരമായ മാനസിക ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ ഗർഭധാരണത്തോട് ബന്ധപ്പെട്ട് സ്ത്രീക്ക് ഉണ്ട് എന്ന് ചികിത്സകന് ബോധ്യപ്പെടുകയും, ഗർഭഛിദ്രാനുമതി തേടുന്ന സ്ത്രീയുടെ പൂർണ്ണ സമ്മതം ഉണ്ടാവുകയും ചെയ്താൽ മാത്രമാണ് അബോർഷന് സാധ്യതയുണ്ടായിരുന്നത്.

1971 ലെ MTP ആക്ടിന് ഏറ്റവും ഒടുവിൽ പരിഷ്കരണം ഉണ്ടായത് 2021 ലാണ്. ഈ പരിഷ്കരണം ചില ചർച്ചകൾക്കും പ്രതിഷേധങ്ങൾക്കും അന്ന് വഴിയൊരുക്കിയിരുന്നു. ഗർഭച്ഛിദ്രത്തെ കൂടുതൽ ഉദാരവൽക്കരിക്കുന്നു എന്നതാണ് ഏറ്റവും കൂടുതൽ ഉയർന്ന ആരോപണം. ഗർഭം അലസിപ്പിക്കാനുള്ള പരമാവധി സമയപരിധി 20 ആഴ്ചയിൽനിന്ന് 24 ആഴ്ചയാക്കി ഉയർത്തിയതാണ് പ്രധാനമായി സംഭവിച്ച മാറ്റം. പുതിയ നിയമപരിഷ്കരണം പ്രാബല്യത്തിൽ വന്ന 2021 മുതൽ, ഇരുപത് ആഴ്ചവരെയുള്ള ഗർഭം അലസിപ്പിക്കാൻ ഒരു ഡോക്ടറുടെ അനുമതി മതി.

എങ്കിലും, അടിസ്ഥാന ആശയത്തിന് ഈ നിയമത്തിലും മാറ്റം വരുന്നില്ല. പ്രാഥമികമായി നിയമം അനുശാസിക്കുന്നതനുസരിച്ച്, ഗർഭാവസ്ഥയിൽ തുടരുന്നത് സ്ത്രീയുടെ ജീവിതത്തെ അപകടത്തിലാക്കുന്ന വിധത്തിലുള്ള ഗുരുതരമായ ശാരീരിക, മാനസിക പ്രശ്നങ്ങൾ ഉളവാകുന്ന പക്ഷം അബോർഷൻ ആകാമെന്നാണ്. കുഞ്ഞ് ജനിക്കുമ്പോൾ ഗുരുതമായ വൈകല്യങ്ങളോട് കൂടിയായിരിക്കുമെന്ന കണ്ടെത്തൽ ഉണ്ടെങ്കിലും ഗർഭം അലസിപ്പിക്കാൻ നിയമം അനുമതി നൽകുന്നു. 1971 ലെ നിയമത്തിൽനിന്നോ, 2003 ലെ അതിന്റെ ചട്ടങ്ങളിൽ നിന്നോ കൂടുതലായ മാറ്റങ്ങളൊന്നും 2021 ലെ MTP അമന്റ്മെന്റ് ആക്ടിൽ കാണാൻ കഴിയില്ല. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഈ നിയമവും അടിവരയിട്ടു പറയുന്നത്.

### വിചിത്രമായ വ്യാഖ്യാനങ്ങൾ

2003 ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി റൂൾസ്, 2021 ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് അബോർഷൻ സംബന്ധമായ കേസുകൾ വിചാരണ ചെയ്യപ്പെടുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14, ആർട്ടിക്കിൾ 21 എന്നിവയുടെ അടിസ്ഥാനത്തിൽ ഉയർന്നിട്ടുള്ള വാദഗതികൾ തുടർന്നുള്ള വിധികളെ സ്വാധീനിച്ചിട്ടുണ്ട്. ഈ കേസിൽ, 2003 ലെ MTP റൂൾസ് പ്രകാരം, അവിവാഹിതർക്ക് 20 ആഴ്ചയിൽ അധികം പ്രായമുള്ള ഗർഭത്തെ അലസിപ്പിക്കാൻ അനുമതി നൽകുന്നില്ല എന്ന സാങ്കേതികവശമാണ് ഒരു പ്രധാന ഘടകമായി മാറിയത്. മതം, ജാതി, വർഗ്ഗം, ലിംഗം, ജനന സ്ഥലം തുടങ്ങിയവയുടെപേരിൽ പൗരന്മാർക്ക് വിവേചനം പാടില്ല എന്ന് അനുശാസിക്കുന്ന ആർട്ടിക്കിൾ 14 പ്രകാരം, വിവാഹിത, അവിവാഹിത എന്ന വേർതിരിവും നിയമവിരുദ്ധമാണ് എന്നാണ് ഈ വിധിയിലെ കോടതി പരാമർശം.

നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചല്ലാതെ ഒരാളുടെയും ജീവനോ വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാക്കാൻ പാടുള്ളതല്ല എന്ന് അനുശാസിക്കുന്ന ആർട്ടിക്കിൾ 21 പ്രകാരമാണ്, MTP നിയമം അനുവദിക്കുന്ന വിധത്തിൽ ഗർഭച്ഛിദ്രം ചെയ്യാനുള്ള അനുമതി അവിവാഹിതയ്ക്കും അവകാശപ്പെട്ടതാണെന്ന് വിധിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. വ്യക്തി സ്വാതന്ത്ര്യം അവകാശമാണെന്ന് സ്ഥാപിക്കുമ്പോൾ തന്നെ, ഉദരത്തിലുള്ള കുഞ്ഞിന്റെ ജീവൻ അവഗണിക്കപ്പെടുന്നത് നീതിനിഷേധം കൂടിയാണെന്ന് നിയമ സംവിധാനങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. 1978 ലെ മേനക കേസിലെ സുപ്രീംകോടതി വിധിയനുസരിച്ച് ആർട്ടിക്കിൾ 21 പ്രകാരം നിയമം



www.malankaralibrary.com

നടപ്പാക്കുമ്പോൾ അത് നീതിനിഷ്ഠമാണെന്ന് ഉറപ്പുവരുത്തിയിരിക്കണം. ഇവിടെ, ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട വാദപ്രതിവാദങ്ങളിൽ പലപ്പോഴും നിശബ്ദമായി പോകുന്നത് ഉദരത്തിൽ വച്ച് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജീവനുകളുടെ പക്ഷമാണ് എന്നുള്ളത് ലോകം തിരിച്ചറിയേണ്ടിയിരിക്കുന്നു. ആ നീതിനിഷേധം നിരുപാധികം തുടരുന്നതും വർധിക്കുന്നതും ക്രൂരതയാണ്.

**ഗർഭച്ഛിദ്രത്തെ മഹത്വവൽക്കരിക്കുന്നവർ**

മുന്നോട്ടുള്ള ജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന വിധത്തിലുള്ള മാനസിക ശാരീരിക പ്രശ്നങ്ങൾ തിരിച്ചറിയുന്ന പക്ഷം മാത്രമാണ് നിയമം അബോർഷന് അനുമതി നൽകുന്നതെങ്കിലും കഴിഞ്ഞ കുറച്ചുകാലങ്ങളായി സമൂഹത്തിൽ പ്രചരിക്കുന്ന വ്യാഖ്യാനങ്ങൾ വിചിത്രമാണ്. അത്തരം വ്യാഖ്യാനങ്ങളുടെ തുടർച്ചയായി കോടതിവിധികളും പരിണമിക്കുന്നത് ദൗർഭാഗ്യകരമാണ്. ഗർഭച്ഛിദ്രത്തെ ലളിതവത്കരിക്കാനും മഹത്വവത്കരിക്കാനും പലവിധ ന്യായങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. ഇത്തരം ന്യായങ്ങളിൽ മുഖ്യം ഗർഭധാരണവും ഗർഭച്ഛിദ്രവും സ്ത്രീയുടെ മാത്രം അവകാശമാണ് എന്നതാണ്. എന്നാൽ, ഗർഭധാരണത്തിൽ പങ്കാളിക്ക് പ്രാധാന്യം ഉണ്ടെങ്കിൽ, അതേ പ്രാധാന്യം ഗർഭച്ഛിദ്ര പ്രക്രിയകളിലും ഉണ്ടാകേണ്ടതുണ്ട്. ബലാത്സംഘ കേസുകളിൽ മാത്രമാണ് ഈ നിലപാടിനൊരു വ്യത്യാസം ഉണ്ടാകേണ്ടതുള്ളു. സർക്കാർ സംവിധാനങ്ങൾ പോലും അബോർഷൻ സ്ത്രീയുടെ അവകാശം എന്ന നിലപാടിന്റെ പ്രചാരകരായി മാറുന്നുണ്ട്. ഉദാഹരണമായി, കേരള സർക്കാരിന്റെ വനിതാ ശിശുക്ഷേമ വകുപ്പ് ഔദ്യോഗികമായി അവതരിപ്പിച്ച 'ഇനിവേണ്ട വിട്ടുവീഴ്ച' എന്ന ക്യാംപെയ്നിംഗിൽ അവതരിപ്പിക്കപ്പെട്ട പല ആശയങ്ങളിൽ ഒന്ന് അബോർഷനുള്ള സ്വാതന്ത്ര്യമായിരുന്നു. അതിനെത്തുടർന്ന് 'എന്റെ ശരീരം എന്റെ അവകാശം' എന്നിങ്ങനെയുള്ള ഹാഷ്ടാഗുകൾക്ക് സോഷ്യൽമീഡിയയിൽ വലിയ പ്രചാരം ലഭിച്ചിരുന്നു.

സമീപകാലത്ത് പുറത്തിറങ്ങിയ ചില സിനിമകളുടെ പ്രമേയവും ഇത്തരത്തിലായിരുന്നു. 'സാറാസ്', 'സന്തോഷത്തിന്റെ ഒന്നാം രഹസ്യം' തുടങ്ങിയ ചില മലയാള ചലച്ചിത്രങ്ങൾ അവതരിപ്പിക്കുന്നത് 'പ്രോ ചോയ്സ്' പോലുള്ള നവീന ആശയങ്ങളാണ്. നിയമത്തിന്റെ വ്യാഖ്യാനങ്ങളും ചട്ടക്കൂടുകളും ഭേദിച്ച് എല്ലാത്തിനുമുള്ള സ്വാതന്ത്ര്യം പോലെ ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്, അതിന് ഒരു 'യെസ്' മാത്രമേ വേണ്ടൂ എന്ന് ഇത്തരം ചലച്ചിത്രങ്ങളുടെ സൃഷ്ടാക്കളും ചില ന്യൂ എയ്ജ് മുന്നേറ്റങ്ങളുടെ വക്താക്കളും സ്ഥാപിക്കാൻ ശ്രമിക്കുന്നു. അത്തരത്തിൽ ഗർഭച്ഛിദ്രമെന്നത് വളരെ ലഘുവായി അവതരിപ്പിക്കപ്പെടുമ്പോൾ, ഉദരത്തിൽ വളരുന്ന കുഞ്ഞ് നിഷ്ഠൂരമായി കൊലചെയ്യപ്പെടുന്നു എന്ന ഭീകര യാഥാർഥ്യം സമർത്ഥമായി മറച്ചുവെക്കപ്പെടുകയാണ്. ഒരമ്മയുടെ ഉദരമെന്ന സുരക്ഷിതത്വം പോലും നിഷേധിക്കപ്പെടുന്ന നിസഹായ ജീവന്റെ നിലവിളിയെ അവഗണിക്കുന്ന കൊടുംക്രൂരത ഒരു പരിഷ്കൃത സമൂഹത്തിന് ചേരുന്നതല്ല.

> **മുന്നോട്ടുള്ള ജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന വിധത്തിലുള്ള മാനസിക ശാരീരിക പ്രശ്നങ്ങൾ തിരിച്ചറിയുന്ന പക്ഷം മാത്രമാണ് നിയമം അബോർഷന് അനുമതി നൽകുന്നതെങ്കിലും കഴിഞ്ഞ കുറച്ചുകാലങ്ങളായി സമൂഹത്തിൽ പ്രചരിക്കുന്ന വ്യാഖ്യാനങ്ങൾ വിചിത്രമാണ്.**

മേൽപ്പറഞ്ഞ കോടതി വിധിയുടെ കാര്യത്തിലുണ്ടായതുപോലെ സമാനമായ വിഷയങ്ങൾ മാധ്യമങ്ങൾ ചർച്ച ചെയ്യുമ്പോഴും കോടതി പരാമർശങ്ങളുടെ യഥാർത്ഥ കാരണങ്ങൾക്കും അതിന്റെ സാങ്കേതിക വശങ്ങൾക്കും വ്യക്തത നൽകുന്നതിന് പകരം, തെറ്റിദ്ധാരണാജനകവും പല വാസ്തവങ്ങളും മറച്ചുവച്ചുള്ളതുമായ ശൈലിയാണ് പലപ്പോഴും അവലംബിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിലെ വിവിധ തലക്കെട്ടുകൾ ഉദാഹരണങ്ങളാണ്. സ്ത്രീയുടെ അവകാശത്തെക്കുറിച്ചും അധികാരത്തെക്കുറിച്ചും വിവരിക്കുമ്പോഴും കൊല്ലപ്പെടുന്ന കുഞ്ഞിനെക്കുറിച്ചുള്ള ആകുലത തീരെയും പ്രകടമല്ലാതായി മാറുന്നു.

**മാറുന്ന സംസ്കാരം**

ഉഭയസമ്മതപ്രകാരമുള്ള ലൈംഗികബന്ധം നിയമപ്രകാരം തെറ്റല്ല എന്ന മാറിയ നിലപാടും കൂട്ടി വായിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ ധാർമ്മികനിലവാരത്തെയും കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിലകൽപ്പിക്കാതെയുള്ള ഇത്തരം നിലപാട് മാറ്റങ്ങളുടെ തുടർച്ചയായി ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള മനോഭാവവും മാറുന്നത് അപകടകരമാണ്. കുത്തഴിഞ്ഞ ജീവിതശൈലിയിലേയ്ക്ക് തി

www.malankaralibrary.com

രിയുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തെ കൂടുതൽ ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ലഹരിയുടെ ഉപയോഗം, സുഹൃദ്വലയങ്ങളുടെ സ്വാധീനം എന്നിങ്ങനെ വിവാഹപൂർവ ലൈംഗികതയിലേയ്ക്ക് അനേകരെ വലിച്ചടുപ്പിക്കുന്ന സാഹചര്യങ്ങൾ വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

വിവാഹപൂർവ്വ ലൈംഗികത, ഒന്നിൽ കൂടുതൽ പേർ തമ്മിലുള്ള ബന്ധങ്ങൾ തുടങ്ങി ഉഭയ സമ്മതപ്രകാരമുള്ള ലൈംഗിക ബന്ധങ്ങളിലൂടെയുണ്ടാകുന്നതും അശ്രദ്ധകൊണ്ട് സംഭവിക്കുന്നതുമായ ഗർഭധാരണങ്ങളാണ് കൂടുതലും അബോർഷനുകളിലേയ്ക്ക് എത്തപ്പെടുന്നത്. വാസ്തവത്തിൽ, ഇത്തരമുള്ള സാഹചര്യങ്ങളെ 2021 MTP നിയമം പരിഗണിക്കുന്നില്ല. ബലാൽസംഗം മൂലം ഉണ്ടാകുന്ന ഗർഭാവസ്ഥയും, അതുണ്ടാക്കിയേക്കാവുന്ന മനോവൈഷമ്യവുമാണ് അവിവാഹിതരുടെ ഗർഭധാരണവുമായി ബന്ധപ്പെട്ട് നിയമം അടി




വരയിട്ട് പറയുന്ന ആശയങ്ങൾ. എന്നാൽ, ബലാൽസംഗം മൂലം ഗർഭം ധരിക്കാനുള്ള സാധ്യത വളരെ വിരളമാണ് എന്നാണ് ആരോഗ്യവിദഗ്ധർ അഭിപ്രായപ്പെടുന്നത്. അത്തരം അപൂർവ്വമായ സാഹചര്യങ്ങൾ എന്നുള്ളതിനപ്പുറം, ഉഭയസമ്മതത്തോടെയുള്ള വിവാഹപൂർവ ബന്ധങ്ങൾ മൂലമുണ്ടാകുന്ന ഗർഭവും നിഷ്പ്രയാസം അലസിപ്പിക്കാൻ നിയമ പരിരക്ഷ ലഭിക്കുമെന്നു വരുന്നത് വലിയ സാമൂഹിക പ്രത്യാഘാതങ്ങൾക്കും അധാർമ്മിക പ്രവണതകൾക്കും വഴിയൊരുക്കും.

**ഗർഭച്ഛിദ്രത്തിൽ ഭയാനകമായ വർദ്ധനവ്**

പുതിയ നിയമനിർമ്മാണങ്ങളും നിയമത്തിന്റെ ദുർബ്ബലമായ വ്യാഖ്യാനങ്ങളും ഇന്ത്യയിലെ അബോർഷൻ നിരക്ക് കുത്തനെ ഉയർത്തിയിരിക്കുകയാണ്. പെൺകുട്ടികൾ ഗർഭാവസ്ഥയിൽ കൊല്ലപ്പെടുന്ന അവസ്ഥ പതിവായിരുന്ന ഒരുകാലത്ത് അത്തരം ഗർഭച്ഛിദ്രങ്ങളെ നിയമവിധേയമാക്കാൻ നിർമ്മിച്ച അതേ നിയമം തന്നെ ദുരുപയോഗിക്കപ്പെടുന്നതിനാലാണ് ഇക്കാലത്ത് ഗർഭച്ഛിദ്രത്തിന്റെ നിരക്ക് ഉയർന്നിരിക്കുന്നത്. ഇന്ത്യയിൽ പതിനഞ്ചിനും നാൽപ്പത്തൊമ്പതിനും ഇടയിൽ പ്രായമുള്ള ഓരോ ആയിരം സ്ത്രീകളിലും 47 അബോർഷനുകൾ നടക്കുന്നുണ്ട് എന്നാണ് ചില കണക്കുകൾ സൂചിപ്പിക്കുന്നത്.

ലോകമെമ്പാടും ഓരോ വർഷവും 5.6 കോടി ഗർഭഛിദ്രങ്ങൾ നടക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ 1.6 കോടി ഗർഭച്ഛിദ്രങ്ങൾ പ്രതിവർഷം നടക്കുന്നതായാണ് കണക്കുകൾ. സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ വച്ച് നടത്തപ്പെടുന്ന ഗർഭഛിദ്രങ്ങൾ ഓരോ വർഷവും 70,000 ഗർഭിണികളുടെ മരണത്തിനും, ലക്ഷക്കണക്കിന് സ്ത്രീകൾക്ക് ശാരീരിക വൈകല്യം സംഭവിക്കുന്നതിനും കാരണമാകുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒരേസമയം കുഞ്ഞിന്റെ മരണത്തിനും ശാരീരികവും മാനസികവുമായി അമ്മയുടെ വൈകല്യത്തിനും കാരണമാകുന്നവയാണ് അബോർഷന്റെ നടപടിക്രമങ്ങൾ. അബോർഷനെ തുടർന്ന് മാനസികമായ പ്രശ്നങ്ങളിലേക്ക് പതിക്കുന്ന സ്ത്രീകളുടെ എണ്ണവും വളരെയേറെയാണ്.

**കത്തോലിക്കാ സഭയുടെ നിലപാടുകൾ**

കത്തോലിക്കാ സഭയ്ക്ക് ഗർഭച്ഛിദ്രത്തിനെതിരായി വ്യക്തമായ നിലപാടുണ്ട്. ലക്ഷ്യമായോ മാർഗ്ഗമായോ തീരുമാനിക്കപ്പെടുന്ന പ്രത്യക്ഷമായ ഗർ

www.malankaralibrary.com

ഭ്രൂണഹത്യ... ഭഛിദ്രം ഗൗരവപൂർണ്ണമാംവിധം ധാർമ്മിക നിയമത്തിനെതിരാണ് എന്നാണ് സഭയുടെ നിലപാട്. ഗർഭധാരണം മുതൽ ഒരു ഭ്രൂണം മനുഷ്യവ്യക്തിയായി തന്നെ വിലമതിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണമെന്ന കാഴ്ചപ്പാടാണ് സഭയ്ക്കുള്ളത്. അതുകൊണ്ട്തന്നെ, ആഗോള തലത്തിൽ അബോർഷന് എതിരായ ശക്തമായ സമരത്തിലാണ് സഭ. അത് സ്ത്രീയുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കാനല്ല ജീവന്റെ ശ്രേഷ്ഠമായ മൂല്യത്തെ ഉയർത്തിപ്പിടിക്കുക, കുടുംബ ബന്ധങ്ങളുടെ പവിത്രതയെ പരിപോഷിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമാക്കിയുള്ളതാണ്. ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായ സുഖാന്വേഷണത്തിനും സ്വാർത്ഥതക്കും എതിരായ നിലപാട് ആണത്.

അതിനാൽത്തന്നെ, കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഗർഭഛിദ്ര നിയമങ്ങൾ ദുരുപയോഗിക്കപ്പെടുന്നതും, ദാരുണമായ രീതിയിൽ ഗർഭസ്ഥശിശുക്കൾ വ്യാപകമായി കൊലചെയ്യപ്പെടുന്നതും ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയാത്ത ആനുകാലിക യാഥാർത്ഥ്യങ്ങളാണ്. ഏതുവിധേനയും ഗർഭച്ഛിദ്രം ഒഴിവാക്കപ്പെടുകയും കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യാനുതകുന്ന സംവിധാനങ്ങൾ ലോക വ്യാപകമായി ഒരുക്കുന്നതിൽ സഭാ സംവിധാനങ്ങൾ ബദ്ധശ്രദ്ധമാണ്. കേരളത്തിലും ഒട്ടേറെയിടങ്ങളിൽ വിവിധകാരണങ്ങളാൽ ഗർഭിണികളാവുകയും എന്നാൽ, കുഞ്ഞിനെ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്ന സ്ത്രീകളെ ഗർഭകാലം മുഴുവൻ സംരക്ഷിക്കാൻ സജ്ജമായ സ്ഥാപനങ്ങൾ കത്തോലിക്കാ സഭയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നുണ്ട്. എങ്ങനെയെങ്കിലും കുഞ്ഞിനെ ഒഴിവാക്കണമെന്ന് ചിന്തിച്ച ഒരുപാട് പേരുടെ കുഞ്ഞുങ്ങളുടെ പരിപാലനം ഇതിനകം അത്തരം സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും സുരക്ഷിതരായി വളരുകയും ചെയ്തുവരുന്നു.

'ഗർഭച്ഛിദ്രം നീചമായ ഒരു കുറ്റകൃത്യമാണെന്നത് എനിക്ക് പകൽപോലെ വ്യക്തമാണ്' എന്നത് മഹാത്മാഗാന്ധിയുടെ വാക്കുകളാണ്. ഉദരത്തിൽ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ആയിരിക്കുമ്പോഴും വികാരങ്ങളും വിചാരങ്ങളുമുള്ള ഒരു മനുഷ്യവ്യക്തിയുമാണ് ഗർഭസ്ഥ ശിശു എന്ന് തിരിച്ചറിയാനോ അംഗീകരിക്കാനോ കഴിയാതെ പോകുന്നതിന് കാരണം മനുഷ്യ ജീവനോടുള്ള ആദരവ് നഷ്ടപ്പെടുന്നതാണ്. 'ഗർഭഛിദ്രം അനുവദിക്കുന്ന ഒരു രാജ്യം പൗരന്മാരെ സ്നേഹിക്കാനല്ല, കാര്യസാധ്യത്തിനായി എന്തു ക്രൂരതയും ചെയ്യാനാണ് പഠിപ്പിക്കുന്നത്. എന്തെന്നാൽ, സ്നേഹത്തിന്റെ ഏറ്റവും വലിയ ധ്വംസകനാണ് ഗർഭഛിദ്രം' എന്നാണ് ഏറ്റവും കൂടുതൽ അനാഥ കുഞ്ഞുങ്ങളെ കൈനീട്ടിവാങ്ങി വളർത്തിയിട്ടുള്ള വി. മദർ തെരേസ പറഞ്ഞിട്ടുള്ളത്. വിവിധ രാജ്യങ്ങൾ അബോർഷൻ നിയമങ്ങൾ കൂടുതൽ കർശനമാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അത്തരമൊരു കൃത്യം കൂടുതൽ ഉദാരവൽക്കരിക്കുന്ന പ്രവണത ഇന്ത്യയിൽ വളരുന്നത് ആശാസ്യമല്ല.

**ജീവനെ സംരക്ഷിക്കാൻ സന്നദ്ധമായ ഒരു സംസ്കൃതിയിലേക്കാണ് രാജ്യം വളരേണ്ടത്. പെറ്റമ്മയ്ക്ക് വേണ്ടാത്ത ഒന്നായി ഗർഭസ്ഥ ശിശു മാറുന്നെങ്കിൽ, ആ സാഹചര്യത്തിൽ ഇടപെടാനും കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും സർക്കാരും സമൂഹവും തയ്യാറാകണം.**

ജീവനെ സംരക്ഷിക്കാൻ സന്നദ്ധമായ ഒരു സംസ്കൃതിയിലേക്കാണ് രാജ്യം വളരേണ്ടത്. പെറ്റമ്മയ്ക്ക് വേണ്ടാത്ത ഒന്നായി ഗർഭസ്ഥ ശിശു മാറുന്നെങ്കിൽ, ആ സാഹചര്യത്തിൽ ഇടപെടാനും കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും സർക്കാരും സമൂഹവും തയ്യാറാകണം. അവിഹിതഗർഭം പേറി അബോർഷൻ നടത്തുന്നതിന് പകരം, ആ കുഞ്ഞിനെ ജീവിക്കാൻ അനുവദിക്കുന്നത് മാനുഷിക മൂല്യങ്ങളുടെ പ്രകടനമാണെന്ന് ആ വഴിയിലൂടെ സഞ്ചരിക്കേണ്ടിവരുന്നവർ തിരിച്ചറിയട്ടെ. കുഞ്ഞിനെ വളർത്താൻ കഴിയില്ല എന്ന ഒറ്റക്കാരണത്താലാണ് പലരും കുഞ്ഞിനെ നശിപ്പിക്കാൻ തീരുമാനമെടുക്കുന്നത്. ഇവിടെയാണ് ഭരണകൂടങ്ങളുടെയും നീതിപീഠത്തിന്റെയും ഇടപെടലുകൾ ഉണ്ടാകേണ്ടത്. അത്തരക്കാർക്ക് ധൈര്യം കൊടുത്ത് കുഞ്ഞിനെ സംരക്ഷിക്കാൻ തീരുമാനിക്കുന്നതിന് പകരം കുഞ്ഞിനെ നശിപ്പിക്കാനുള്ള തീരുമാനം അവകാശമാണെന്ന് സ്ഥാപിക്കുകയും അതിനായി വാദിക്കുകയും ചെയ്യുന്ന പ്രവണത മൗഢ്യവും അപകടകരവും അധാർമ്മികവുമാണ്. ഗർഭവതിയെക്കുറിച്ച് മാത്രമല്ല, കുഞ്ഞുങ്ങളെക്കുറിച്ച് കൂടി കരുതലുള്ളവരാകുവാൻ നമുക്ക് കഴിയട്ടെ.

www.malankaralibrary.com



# സർക്കാരിന്റെ പ്രവൃത്തിദിനാഹ്വാനവും കെസിബിസിയുടെ അവധി പ്രഖ്യാപനവും

## ഗാന്ധി ജയന്തിയോടനുബന്ധിച്ച വിവാദങ്ങൾക്ക് പിന്നിലെന്ത്?

ഒക്ടോബർ രണ്ട് ഞായറാഴ്ച അപ്രതീക്ഷിതമായി പ്രവൃത്തി ദിനമായി പ്രഖ്യാപിച്ച സർക്കാർ നടപടിയോട് ആദ്യഘട്ടത്തിൽ കേരള കത്തോലിക്കാ സഭ പ്രതിഷേധിക്കുകയും, ഭരണനേതൃത്വം വകവയ്ക്കാതിരുന്ന സാഹചര്യത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രതികരിക്കുകയുമുണ്ടായി. ക്രൈസ്തവരിൽ ബഹുഭൂരിപക്ഷവും സഭയുടെ നിലപാടിനെയും പ്രതികരണത്തെയും പിന്തുണച്ചും അഭിനന്ദിച്ചും സോഷ്യൽമീഡിയയിൽ സജീവമായപ്പോൾ അപൂർവ്വം ചിലർ വിരുദ്ധാഭിപ്രായങ്ങളുയർത്തി വിവാദങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുകയുമുണ്ടായി. അതേത്തുടർന്ന് ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ അവഹേളിച്ചുകൊണ്ടും കത്തോലിക്കാ സഭയെയും നേതൃത്വത്തെയുംചോദ്യംചെയ്തുകൊണ്ടും നിരവധിപ്പേരാണ് രംഗത്തുവന്നത്. വിവിധ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലും ചില മുഖ്യധാരാ മാധ്യമങ്ങളിലും നടന്ന ചർച്ചകൾ സഭയെയും ക്രൈസ്തവ വിശ്വാസത്തെയും കരിവാരിത്തേയ്ക്കുക ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു. സമൂഹനന്മ മാത്രം കാംക്ഷിച്ചുകൊണ്ട് നൂറ്റാണ്ടുകളായി ഈ സമൂഹത്തിൽ പ്രവർത്തനനിരതമായിരിക്കുന്ന ഒരു സമൂഹത്തെ കാരണങ്ങൾ സൃഷ്ടിച്ച് അവഹേളിക്കാനും അനാവശ്യമായി ചോദ്യം ചെയ്യാനും ചിലർ സംഘടിതമായി ശ്രമിക്കുന്നതിന്റെ ഒടുവിലെ ഉദാഹരണമായിരുന്നു അത്. ഒക്ടോബർ രണ്ട് സംബന്ധിച്ച പ്രഖ്യാപനം ഒറ്റപ്പെട്ട സംഭവമായിരുന്നില്ല എന്നതിനാലാണ് ക്രൈസ്തവ സമൂഹവും സഭയും പ്രതികരിക്കാൻ നിർബ്ബന്ധിതരായത് എന്നുള്ളതാണ് വാസ്തവം.




**ഞായറാഴ്ചകൾ**
**പ്രവൃത്തിദിനങ്ങളാക്കുന്ന രീതി**

വാരാന്ത്യ അവധി ദിനം എന്ന നിലയിൽ സകലരും അർഹിക്കുന്നതും ക്രൈസ്തവർക്ക് വിശുദ്ധ ദിനവുമായ ഞായറാഴ്ച പ്രവൃത്തിദിനങ്ങളാക്കുന്ന രീതി മുമ്പ് ഉണ്ടായിരുന്നതല്ല. എന്നാൽ, കഴിഞ്ഞ കുറച്ചുകാലമായി ഇത്തരമൊരു പ്രവണത ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ മാത്രം ഇതേവിഷയവുമായി ബന്ധപ്പെട്ട ചില വിവാദങ്ങൾ ഉടലെടുക്കുകയുണ്ടായിരുന്നു. കഴിഞ്ഞ ജൂലായ് മൂന്ന്, സെന്റ്തോമസ് ദിനം എന്ന നിലയിൽ കേരളത്തിലെ ക്രൈസ്തവർ വളരെ പ്രാധാന്യത്തോടെ ആചരിക്കുന്ന ദിവസം ഞായറാഴ്ച കൂടിയായിരുന്നിട്ടും അന്ന് സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രവൃത്തി ദിനമാക്കിയതും, ഓണത്തോട് അനുബന്ധിച്ച് ശനിയാഴ്ച ദിവസങ്ങളിൽ നടത്തിവന്നിരുന്ന വള്ളംകളി ഇത്തവണ ഞായറാഴ്ചയിലേയ്ക്ക് മാറ്റിയതുമൂലം പങ്കെടുക്കുന്നവരിൽ വലിയൊരു വിഭാഗമായ ക്രൈസ്തവരും പരിസരത്തുള്ള ക്രൈസ്തവ ദേവാലയങ്ങളിലെ ഞായറാഴ്ച ആചാരങ്ങളും പ്രതിസന്ധിയിൽ അകപ്പെട്ടതും രൂക്ഷമായ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയ സംഭവങ്ങളാണ്.

ആ അവസരങ്ങളിൽ കത്തോലിക്കാ സഭാ നേതൃത്വവും വിവിധ ക്രൈസ്തവ സമൂഹങ്ങളും സംഘടനകളും വളരെ വ്യക്തമായ രീതിയിൽ സർക്കാരിനെ പ്രതിഷേധം അറിയിക്കുകയും പരാതി നൽകുകയും ചെയ്തിരുന്നു. ക്രൈസ്തവരെ സംബന്ധിച്ച് ഞായറാഴ്ച ആചരണം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നു മാത്രമല്ല, ആഴ്ചയിൽ ഒരു ദിവസത്തെ അവധി ഏതൊരു വ്യക്തിയുടെയും അവകാശമാണെന്നതും, ആകെ ലഭിക്കുന്ന ഒരു ഒഴിവ് ദിവസത്തിൽ വ്യക്തിപരമായും കുടുംബപരമായുമുള്ള ആവശ്യങ്ങൾ മിക്കവർക്കും ഉണ്ടായിരിക്കും എന്നുള്ളതും പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഈ സാഹചര്യത്തിൽ ഏകപക്ഷീയമായെടുക്കുന്ന ഒരു തീരുമാനം അടിച്ചേൽപ്പിക്കുന്നത് ആശാസ്യമല്ല.

**അപ്രതീക്ഷിതമായ പ്രഖ്യാപനങ്ങൾ**

www.malankaralibrary.com



മുന്നനുഭവങ്ങൾ പ്രകാരം ഞായറാഴ്ചകളിൽ സർക്കാർ തീരുമാനപ്രകാരമുള്ള പരിപാടികൾ പ്രഖ്യാപിക്കുന്നത് എല്ലായ്പ്പോഴും തന്നെ ചുരുങ്ങിയ ദിവസങ്ങൾക്ക് മുമ്പ് മാത്രമാണ്. ജൂലായ് മൂന്ന് ഉദ്യോഗസ്ഥർക്ക് പ്രവൃത്തി ദിനമാണെന്ന തീരുമാനം പ്രഖ്യാപിച്ചതും, ഒക്ടോബർ രണ്ട് സ്കൂളുകൾക്ക്പ്രവൃത്തിദിനമാണെന്ന്പ്രഖ്യാപിച്ചതും കേവലം നാല് ദിവസങ്ങൾക്ക് മുമ്പ് മാത്രമാണ്. മാത്രമല്ല, അത്തരം പരിപാടികൾ ദിവസം മുഴുവനുമുള്ളതായിരിക്കുകയുമാണ് പതിവ്. വിശ്വാസപരവും, സാമുദായികവും, സ്വകാര്യവുമായ നിരവധി കാര്യങ്ങൾ മുൻകൂട്ടി തീരുമാനിച്ചിരിക്കുന്ന ബഹുഭൂരിപക്ഷത്തെ സംബന്ധിച്ച് ഇത്തരം അപ്രതീക്ഷിത പ്രഖ്യാപനങ്ങൾ വലിയ പ്രതിസന്ധികൾ സൃഷ്ടിക്കും.

ഇത്തരത്തിൽ, പെട്ടെന്നുള്ളതും അഭിപ്രായങ്ങൾ തേടാതെയുള്ളതുമായ പ്രഖ്യാപനങ്ങൾവലിയപ്രായോഗികബുദ്ധിമുട്ടുകൾക്ക് വഴിവയ്ക്കുന്നതായുള്ള നിരവധി പരാതികൾ സർക്കാരിന് മുമ്പിൽ നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് നാല് മാസത്തിനിടെ മൂന്നാമതും ഒക്ടോബർ രണ്ട്, ഞായറാഴ്ചയുമായി ബന്ധപ്പെട്ട് അപ്രതീക്ഷിതമായ പ്രഖ്യാപനം ഉണ്ടാകുന്നത്. രാജ്യം മുഴുവൻ സമുചിതമായി ആചരിക്കുന്ന ഒക്ടോബർ രണ്ട് - ഗാന്ധി ജയന്തി ദിനം മുമ്പും ഞായറാഴ്ചകളിൽ വന്നിട്ടുണ്ടെങ്കിലും അന്നൊന്നും നിർബ്ബന്ധിത പ്രവൃത്തിദിനമായി പ്രഖ്യാപിച്ചിട്ടുള്ളതല്ല. മുൻകാലങ്ങളിലെ രീതികൾക്ക് വിരുദ്ധമായി ഗാന്ധി ജയന്തി ആചരണം സംബന്ധിച്ച പ്രഖ്യാപനം വന്നപ്പോൾ ഉടൻ തന്നെ (സെപ്റ്റംബർ 28) കെസിബിസി പ്രതികരണം അറിയിക്കുകയും തീരുമാനം മാറ്റാൻ ഗവൺമെന്റിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ, ന്യായമായ ആ ആവശ്യത്തെ കണക്കിലെടുക്കാൻ സർക്കാർ തയ്യാറായില്ല.

**ഞായറാഴ്ചയിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ**

എല്ലാ ക്രൈസ്തവരും വിശുദ്ധബലി അർപ്പണത്തിനായി ദേവാലയത്തിൽ എത്തണമെന്ന് നിർബ്ബന്ധിതമായതു മാത്രമല്ല, കത്തോലിക്കാ സമൂഹത്തിലെ കുട്ടികൾക്കുള്ള മതബോധന ദിനങ്ങൾ കൂടിയാണ് ഞായറാഴ്ചകൾ. മതപരമായ ആചാരാനുഷ്ഠാനങ്ങൾക്കും മതബോധനത്തിനും ഏതൊരു പൗരനുമുള്ളത് ഭരണഘടനാപരമായ അവകാശമായതിനാൽ തടയപ്പെടാൻ പാടുള്ളതല്ല. മാത്രമല്ല, വേദപാഠ ക്ളാസുകളിലെ വിദ്യാർത്ഥികളുടെ മിഡ് ടേം പരീക്ഷയ്ക്ക് മാസങ്ങൾക്ക് മുമ്പേ നിശ്ചയിക്കപ്പെട്ടിരുന്ന ദിവസമാണ് 2022 ഒക്ടോബർ രണ്ട് ഞായറാഴ്ച. കേവലം മൂന്നോ നാലോ ദിവസങ്ങൾക്ക് മുമ്പ് തിടുക്കത്തിൽ സ്വീകരിച്ച മറ്റൊരു തീരുമാനം മൂലം അവ പുനഃക്രമീകരിക്കാൻ കഴിയുമായിരുന്നില്ല. ഉന്നയിക്കപ്പെട്ട ന്യായമായ ആവശ്യം പോലും പരിഗണിക്കാൻ സർക്കാർ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ് കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കാൻ (സെപ്റ്റംബർ 30) കേരള കത്തോലിക്കാ മെത്രാൻ സമിതി നിർബ്ബന്ധിതമായത്.

**കത്തോലിക്കാ സഭയുടെ സാമൂഹിക ഇടപെടലുകൾ**

മദ്യ ലഹരി വിരുദ്ധ പരിപാടികളും അതിനുള്ള വിവിധ പദ്ധതികളും മുതൽ എല്ലാവിധ സാമൂഹിക സേവന പരിപാടികളിലും കത്തോലിക്കാ സഭയും വിവിധ ക്രൈസ്തവ സമൂഹങ്ങളും എത്രമാത്രം സജീവമാണ് എന്നുള്ളത് പൊതുസമൂഹത്തിന് വ്യക്തതയുള്ള കാര്യമാണ്. ഒക്ടോബർ സർക്കാർ പുതുതായി പ്രഖ്യാപിച്ചിരിക്കുന്ന ലഹരി വിരുദ്ധ പദ്ധതികളിൽ പൂർണ്ണമായ സഹകരണം കത്തോലിക്കാ സമൂഹം ഉറപ്പു നൽകിയിട്ടുമുണ്ട്. സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പരിപാടികളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള പദ്ധതികളാണ് പ്രധാനം. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ എഴുപത് ശതമാനവും പഠിക്കുന്നത് എയ്ഡഡ് അൺഎയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലാണ്. അത്തരം സ്കൂളുകൾ ഭൂരിപക്ഷവും കത്തോലിക്കാ - ക്രൈസ്തവ മാനേജ്മെന്റുകളുടേതാണ്. മുൻകാലങ്ങളിൽ എന്നതുപോലെ ഇനിയും സർക്കാരിന്റെ എല്ലാവിധ പദ്ധതികളുമായും അത്തരം സ്കൂളുകൾ പരിപൂർണ്ണമായും സഹകരിക്കും എന്നുള്ളതിൽ സർക്കാരിന് പോലും യാതൊരു സംശയവും ഉണ്ടാകാനിടയില്ല. എങ്കിൽപ്പോലും, ക്രൈസ്തവ സമൂഹം നിയമപരമായും ഭരണഘടനാപരമായും അർഹിക്കുന്ന അവകാശങ്ങളെ സർക്കാർ അപ്രധാനമായി കാണാനിടയാകുന്നതും തീരുമാനങ്ങളെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതും ദൗർഭാഗ്യകരമാണ്.

വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും ഉൾക്കൊണ്ട്, ഏവരും അർഹിക്കുന്ന വാരാന്ത്യ അവധി ദിനവും ക്രൈസ്തവർ സവിശേഷമായി ആചരിക്കുന്ന ദിവസവുമായ ഞായറാഴ്ചകളിൽ മറ്റ് പരിപാടികൾ നിർദ്ദേശിക്കുന്ന പതിവ് ഇനിയുള്ള കാലം സർക്കാർ ഉപേക്ഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

www.malankaralibrary.com



# കേരളത്തിലെ മതനിന്ദാ കേസുകളും അതിതീവ്ര മതവാദവും

**മു**മ്പേതന്നെ മതപരമായ കാര്യങ്ങളിൽ അതിവൈകാരികത പ്രകടിപ്പിച്ചിരുന്ന ഒരു വിഭാഗം ഇപ്പോൾ കൂടുതൽ അസഹിഷ്ണുക്കളായി മാറികൊണ്ടിരിക്കുന്നതായിട്ടാണ് ചില സമീപകാലസംഭവങ്ങൾ സൂചിപ്പിക്കുന്നത്. അതിന് ഉത്തമ തെളിവാണ് മതനിന്ദ, പ്രവാചകനിന്ദ തുടങ്ങിയ വിവാദങ്ങളും കോലാഹലങ്ങളും ഇപ്പോൾ കേരളത്തിലും നിരന്തര വാർത്തയായി മാറിയിരിക്കുന്നത്. ഒരേസമയം മതമൗലികവാദത്തിന്റെയും അനുബന്ധ തീവ്രവാദ പ്രവർത്തനങ്ങളുടെയും രൂക്ഷത വർദ്ധിച്ചുകൊണ്ടിരിക്കുകയും, എന്നാൽ ഇത്തരം വിഷയങ്ങൾ പൊതുസമൂഹത്തിൽ ചർച്ചചെയ്യപ്പെടാൻ പാടില്ല എന്ന് നിഷ്കർഷിക്കുകയും ചെയ്യുന്ന അസാധാരണമായ ഒരു സ്ഥിതിവിശേഷം ഇന്നത്തെ കേരളത്തിലുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ പ്രവാചകനിന്ദയുടെ പേരിൽ കേരളത്തിൽ മാത്രം നിരവധി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും അവയിൽ ചിലതെല്ലാം വാർത്തകളാവുകയും ചെയ്തിട്ടുണ്ട്. അതേസമയം, മറ്റുമതങ്ങളുമായി ബന്ധപ്പെട്ട് അതിഗുരുതരമായ മതനിന്ദകൾ വിവിധ രീതികളിൽ സംഭവിച്ചിട്ടുണ്ട്. അത്തരം സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നിരവധി പരാതികൾ ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടും 99% കേസുകളിലും യുക്തമായ നിയമനടപടികൾ ഉണ്ടായതായി കാണുന്നില്ല. മാത്രവുമല്ല, ഇത്തരം സംഭവങ്ങളെ തമസ്കരിക്കുന്ന നിലപാടുകളാണ് മുഖ്യധാരാ മാധ്യമങ്ങൾ സ്വീകരിക്കാറുള്ളത് എന്നുള്ള വസ്തുതയും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതുണ്ട്.

**ഒരേസമയം മതമൗലികവാദത്തിന്റെയും അനുബന്ധ തീവ്രവാദ പ്രവർത്തനങ്ങളുടെയും രൂക്ഷത വർദ്ധിച്ചുകൊണ്ടിരിക്കുകയും, എന്നാൽ ഇത്തരം വിഷയങ്ങൾ പൊതുസമൂഹത്തിൽ ചർച്ചചെയ്യപ്പെടാൻ പാടില്ല എന്ന് നിഷ്കർഷിക്കുകയും ചെയ്യുന്ന അസാധാരണമായ ഒരു സ്ഥിതിവിശേഷം ഇന്നത്തെ കേരളത്തിലുണ്ട്**

തങ്ങളുടെ മതഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കുകയോ, 'ഇസ്ലാമിസ്റ്റ്', 'ജിഹാദ്' എന്നിങ്ങനെയുള്ള ചില പദങ്ങൾ സംസാരത്തിലോ രചനകളിലോ ഉപയോഗിക്കുകയോ പോലും ചെയ്താൽ അത് ഇസ്ലാം മതത്തിനെതിരായ നിന്ദയായി വ്യാഖ്യാനിക്കപ്പെടുകയും 153 A (IPC) പോലുള്ള വകുപ്പുകൾ ചുമത്തി കേസുകൾ എടുക്കുകയും ചെയ്യുന്നു. സ്ഥിരീകരിക്കപ്പെട്ട വിവരങ്ങൾ പ്രകാരം, ഇത്തരത്തിൽ ഈ വകുപ്പ് ദുരുപയോഗിച്ച് ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനങ്ങളിൽ മൂന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. ആഭ്യന്തരവകുപ്പ് പാർലമെന്റിൽ അവതരിപ്പിച്ച കണക്കുകൾ പ്രകാരം 2018 – 2020 വർഷങ്ങൾക്കിടയിൽ മാത്രം 552 കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂചനകൾ പ്രകാരം സമീപകാലങ്ങളായി ഇത്തരം കേസുകളിൽ വലിയ വർദ്ധനവുണ്ട്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം ഏറ്റവും കുറച്ചുപേർ (20.2%) ശിക്ഷിക്കപ്പെടുകയും ഏറ്റവും കൂടുതൽ (64.3%) പോലീസ് സ്റ്റേഷനുകളിൽ പെൻഡിങ്ങിൽ കിടക്കുകയും ചെയ്യുന്നത് ഇത്തരം കേസുകളാണ്. ഈ വകുപ്പ് വ്യാപകമായി ദുരുപയോഗിക്കപ്പെടുന്നതിന്റെ സൂചനയാണ് അത്.

പൊളിറ്റിക്കൽ ഇസ്ലാം പോലുള്ള തീവ്ര ആശയങ്ങൾ പ്രചരിപ്പിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവരെ സൂചിപ്പിക്കുന്ന പദമായാണ് "ഇസ്ലാമിസ്റ്റ്" പൊതുവേ കരുതപ്പെടുന്നത്. എന്നിട്ടും ഇത്തരം പദങ്ങൾ ഉപയോഗിച്ചു എന്നാരോപിച്ചുകൊണ്ട് ഗൗരവമുള്ള വകുപ്പുകൾ ചുമത്തി കേസുകൾ ഉണ്ടാകുന്നത് ഒരു വശം. അതേസമയം മറ്റു മതവിഭാഗങ്ങളെയും അവരുടെ വിശ്വാസങ്ങളെയും ഹീനമായ രീതിയിൽ അവഹേളിക്കുന്നത് നിയമത്തിന് മുന്നിൽ പലപ്പോഴും പരിഗണനീയമല്ലാതായി മാറുന്നത് മറ്റൊരുവശം. ഇപ്രകാരമുള്ള സംഭവങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെകുറിച്ച് മതേതര കേരളസമൂഹം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

www.malankaralibrary.com




### മതം പൊതുവത്കരിക്കപ്പെടുമ്പോൾ

സാധാരണയായി, വിശ്വാസവും വിശ്വാസ സംബന്ധിയായ വിഷയങ്ങളും ശരിയായ തലത്തിൽ ഗ്രഹിക്കുവാനും ഉൾക്കൊള്ളുവാനും അതത് വിശ്വാസ സമൂഹത്തിന് മാത്രമേ കഴിയാറുള്ളൂ. ആ സമൂഹത്തിന് പുറത്തുള്ളവർക്ക് അവയുടെ ചൈതന്യം ഗ്രാഹ്യമാകണമെന്നില്ല. പൊതുസമൂഹത്തിന്റെ ഐക്യത്തിനും സുസ്ഥിതിക്കും പൗരാവകാശങ്ങൾക്കും തടസമാകാത്തിടത്തോളം കാലം മതപരമായ കാര്യങ്ങൾ ഒരു പൊതുസമൂഹം ചർച്ച ചെയ്യേണ്ടതുമില്ല. മാത്രവുമല്ല, സംസ്കാര സമ്പന്നമായ പൊതുസമൂഹം, വിശിഷ്യാ, ഇന്ത്യ പോലെ ബഹുസ്വരതയുള്ള ഒരു സമൂഹം, ഓരോരുത്തരും പുലർത്തുന്ന വിശ്വാസങ്ങളോടും അനുഷ്ഠാന ആചാരങ്ങളോടും ആദരവ് പുലർത്തുന്ന സമീപനമാണ് സ്വീകരിക്കേണ്ടതും.

**മതവും മത ചിഹ്നങ്ങളും മതപരമായ ആശയങ്ങളും പൊതുസമൂഹത്തിൽ സജീവമായി നിൽക്കണം എന്ന തീവ്രമായ നിർബ്ബന്ധബുദ്ധിയോടെ വ്യാപരിക്കുന്ന ഒരു വിഭാഗത്തിന്റെ ഉദയവും വളർച്ചയും ഇന്ന് ഇവിടെ വ്യക്തമാണ്**

എന്നാൽ, സമീപകാല കേരളത്തിലെ കാഴ്ചകൾ മറ്റുചിലതാണ്. സമൂഹമാധ്യമങ്ങളുടെ അതിക്രമിച്ചുകയറ്റം ഒട്ടേറെ അനാവശ്യ വിഷയങ്ങളെ പൊതു ചർച്ചാവേദികളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യം ആണ്. എന്നാൽ ഇതിനും അതീതമായി, മതവും മത ചിഹ്നങ്ങളും മതപരമായ ആശയങ്ങളും പൊതുസമൂഹത്തിൽ സജീവമായി നിൽക്കണം എന്ന തീവ്രമായ നിർബ്ബന്ധബുദ്ധിയോടെ വ്യാപരിക്കുന്ന ഒരു വിഭാഗത്തിന്റെ ഉദയവും വളർച്ചയും ഇന്ന് ഇവിടെ വ്യക്തമാണ്. മുൻകാലങ്ങളിൽ കേരളസമൂഹം കണ്ടിട്ടില്ലാത്ത വിധത്തിലുള്ള വേഷങ്ങൾ വ്യാപകമായിരിക്കുന്നതും, ഒരു മതവിഭാഗത്തിന്റെ മാത്രം വിശ്വാസത്തിന്റെ ഭാഗമായ ഭക്ഷണനിഷ്ഠയും അതിന്റെ മുദ്രയും എല്ലാവരും സ്വീകരിക്കണമെന്ന ചിന്തയും, ചില മതപരമായ ആഘോഷങ്ങൾ മതേതര മുഖത്തോടെ വ്യാപകമാകുന്നതും അത്തരം കാര്യങ്ങൾ മഹത്വവൽക്കരിക്കപ്പെടുന്നതും തുടങ്ങി പലതും അതിന്റെ ചില ലക്ഷണങ്ങളാണ്. ചേലാകർമ്മത്തിന് (circumcision) മതേതരമായ വിധത്തിലുള്ള പ്രചാരം നൽകാൻ ഉദ്ദേശിച്ചുള്ള പരസ്യങ്ങൾ ധാരാളമായി കാണപ്പെടുന്നതും ഈ പ്രവണതയോട് ചേർത്തുവായിക്കാവുന്നതാണ്.




മതേതരരാജ്യമായ ഇന്ത്യയിൽ, മതബന്ധമല്ലാത്ത പൊതുസമൂഹത്തെ വിഭാവനം ചെയ്യുന്ന ഭരണഘടനയുള്ള ഒരു രാജ്യത്ത് ഒരു മതവുമായി മാത്രം ബന്ധപ്പെട്ടു നിൽക്കുന്ന ആശയങ്ങൾ പൊതുസമൂഹം സ്വീകരിക്കണമെന്നും ആ മതവുമായി ബന്ധപ്പെട്ടതും പൊതുസമൂഹത്തിന് ആപൽക്കരവുമായ പ്രവണതകളെ മൂടിവയ്ക്കണമെന്നുമുള്ള ചിന്ത മൗലികവാദമല്ലാതെ മറ്റെന്താണ്? അത്തരം ആശയപ്രചാരണങ്ങളുടെയും അനുബന്ധ നീക്കങ്ങളുടെയും തീവ്രത വർദ്ധിച്ചുവന്നതിന് ആനുപാതികമായാണ് ഇവിടെ ചില പ്രതികരണങ്ങൾ ഉണ്ടായിട്ടുള്ളത്.

മറ്റു മത വിശ്വാസങ്ങളെയും അവരുടെ ആചാരാനുഷ്ഠാനങ്ങളെയും പതിവായി അവഹേളിക്കുകയും പൊതുവേദികളിൽവച്ച് നിന്ദ്യമായ രീതിയിൽ ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരു ശൈലി ഇവിടെ രൂപപ്പെട്ടുവന്നിട്ടുണ്ട്. സമൂഹമാധ്യമങ്ങളിൽ പരതിയാൽ ഇത്തരം അവഹേളനപരമായ പരാമർശങ്ങളും ദുരാരോപണങ്ങളും പലരീതിയിൽ ധാരാളമായി കാണാം. എന്നാൽ, അതൊന്നും വലിയ കാര്യമാക്കാതെയും അവഗണിച്ചും മറ്റു സമൂഹങ്ങൾ മതേതരത്വം കാത്തുസൂക്ഷിച്ചു. പരിധികൾ ലംഘിക്കപ്പെട്ടു തുടങ്ങിയപ്പോൾ മാത്രമാണ് പലരും പ്രതികരിച്ചു തുടങ്ങിയത്. അത്രമാത്രം സഹിഷ്ണുത പുലർത്തി

www.malankaralibrary.com



പോന്നിരുന്ന, പൊതുവേദികളിൽ ഇത്തരം വിഷയങ്ങളെക്കുറിച്ച് പരാതികൾ ഉന്നയിക്കാതെ സംയമനം പാലിച്ചിരുന്ന മറ്റുമതസ്ഥരെ കടന്നാക്രമിക്കുന്ന ശൈലി പതിവായപ്പോൾ അതിനോട് പ്രതികരിക്കേണ്ടതായി വന്നു എന്നുള്ളത് വാസ്തവമാണ്. പ്രതികരിച്ചു തുടങ്ങിയപ്പോൾ മുതലാണ് പ്രവാചക നിന്ദ, മതനിന്ദ തുടങ്ങിയ ആരോപണങ്ങളെ തുടർന്നുള്ള കേസുകൾ കണ്ടുതുടങ്ങിയത്. പൊതുവേദിയിൽ 'മഹത്വീകരിക്കപ്പെടുന്ന മതം' ചർച്ചാവിഷയമാകണമെന്നും എതിർവാദങ്ങൾ നിശബ്ദമാക്കപ്പെടണമെന്നുമുള്ള ചിലരുടെ നിർബ്ബന്ധബുദ്ധിയും അതിന്റെഭാഗമായ ആസൂത്രിത ശ്രമങ്ങളും ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി സംശയിക്കാവുന്നതാണ്.

**മാ-നിഷാദ ഇനിയാരും പറയല്ലേ!**

വിവിധ തലങ്ങളിലുള്ള തീവ്രവാദ പ്രവർത്തനങ്ങൾ കേരളത്തിന്റെ ഉറക്കംകെടുത്തിത്തുടങ്ങിയിട്ട് ഒരുപാട് വർഷങ്ങളായി

അനുഭവം. കേംബ്രിഡ്ജ് ഡിക്ഷ്ണറിയിൽ പോലും ഇസ്ലാമിക തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമായി വിവരിച്ചിരിക്കുന്ന 'ഇസ്ലാമിസ്റ്റ്' എന്ന വാക്ക് സോഷ്യൽമീഡിയയിൽ ഉപയോഗിച്ചതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഖുറാനിലും ഹദീസുകളിലും എഴുതപ്പെട്ടിരിക്കുന്ന വാചകങ്ങൾ പരസ്യമായി ഉദ്ധരിച്ചു എന്നതിന്റെപേരിൽ ഇവിടെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാചക നിന്ദ ആരോപിക്കപ്പെട്ട വ്യക്തിയെ പിന്തുണച്ചു എന്ന കുറ്റത്തിന് ഒരാൾ പരസ്യമായി കഴുത്തറുത്ത് കൊല്ലപ്പെട്ട സംഭവവും, മുഹമ്മദ് എന്ന വാക്ക് ചോദ്യത്തിൽ ഉൾപ്പെടുത്തിയതിന്റെ പേരിൽ കരം ഛേദിക്കപ്പെട്ട സംഭവവും മുതൽ നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് എല്ലാവരെയും നിശ്ശബ്ദരാക്കാൻ നടത്തുന്ന ശ്രമങ്ങളും വരെ എല്ലാം ഒരേ പ്രത്യയശാസ്ത്രത്തിന്റെ വിവിധ മുഖങ്ങളാണ്.

സാധാരണക്കാരായ വ്യക്തികൾക്ക്

**കേംബ്രിഡ്ജ് ഡിക്ഷ്ണറിയിൽ പോലും ഇസ്ലാമിക തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമായി വിവരിച്ചിരിക്കുന്ന 'ഇസ്ലാമിസ്റ്റ്' എന്ന വാക്ക് സോഷ്യൽമീഡിയയിൽ ഉപയോഗിച്ചതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.**

ട്ടില്ല. കേരളത്തിൽനിന്ന് പോയിട്ടുള്ള അഭ്യസ്തവിദ്യർ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതും, ഇവിടെ തീവ്രവാദികൾ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ളതും, ഐഎസ് പോലുള്ള ഭീകരസംഘടനകൾക്ക് കേരളത്തിൽ വേരുകൾ ഉള്ളതും തുടങ്ങിയ റിപ്പോർട്ടുകളൊന്നും കെട്ടുകഥകളല്ല. വ്യാപകമാകുന്ന മയക്കുമരുന്ന് വിപണനത്തെകുറിച്ചും ഉപഭോഗത്തെകുറിച്ചുമൊക്കെ ദിനംപ്രതി വാർത്തകൾ ഉണ്ട്. നൂറുകണക്കിന് പെൺകുട്ടികളെ മതപരിവർത്തന ലക്ഷ്യങ്ങളോടെ പ്രണയിച്ച് കുടുംബങ്ങളിൽനിന്ന് ഇറക്കിക്കൊണ്ടുപോയിട്ടുള്ളതും അനിഷേധ്യമായ യാഥാർത്ഥ്യമാണ് എന്നാൽ, ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്ന തീവ്രവാദികളായ വിധ്വംസകശക്തികളെക്കുറിച്ച് ശബ്ദിച്ചുപോകരുത് എന്നാണ് ഭരണകൂടവും നിയമപാലകരും സ്വീകരിച്ചിരിക്കുന്ന നയം.

ലോകമെമ്പാടും ഇസ്ലാമിക ഭീകരവാദത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമായ 'ജിഹാദ്' എന്ന വാക്ക് പരസ്യമായി പറഞ്ഞാൽ കേരളത്തില് വ്യക്തിക്കെതിരെയും പ്രസിദ്ധീകരിച്ചാൽ മാധ്യമങ്ങൾക്കെതിരെയും കേസുകളുണ്ടാകും എന്നാണ് പലരുടെയും

നേരെയും നിയമത്തിന്റെ മാർഗ്ഗം ഉപയോഗിച്ചുള്ള നീക്കങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്. മനഃപൂർവ്വം വാർത്തയാക്കുന്നതും, വാർത്തയാകാതിരിക്കാൻ ശ്രദ്ധിക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത്തരം കേസുകൾ വാർത്തയാകുമ്പോൾ ഒട്ടുമിക്ക പത്രങ്ങളും ആ വാർത്ത പ്രസിദ്ധീകരിക്കാറുണ്ട്. സമീപകാലങ്ങളായി കണ്ടുവരുന്ന, വ്യാപകമായി കേസുകൾ കൊടുക്കുന്ന പ്രവണത ഒരു മുന്നറിയിപ്പുകൂടിയായിരിക്കാനാണ് സാധ്യത. അതോടൊപ്പം കൂടുതൽ തലവേദനയാകുന്നവരെ നിലയ്ക്ക് നിർത്താനും കേസുകൾ ഉപകരിക്കും. വളരെ നിസാരമായ കാരണങ്ങളുടെപേരിൽ കൊടുക്കുന്ന കേസുകളുടെ ഭാഗമായും മൊബൈൽ ഫോണും സിം കാർഡും മറ്റുപകരണങ്ങളും പോലീസ് പിടിച്ചുവയ്ക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിദേശയാത്രയ്ക്കും ജോലിക്കും മറ്റും ഉണ്ടാകാവുന്ന തടസങ്ങൾ വേറെ. അങ്ങനെ ഒരാളെ പരമാവധി ബുദ്ധിമുട്ടിക്കാൻ ഒരു കേസുകൊണ്ട് കഴിയും. അത്തരത്തിൽ ബുദ്ധിമുട്ടുണ്ടാക്കി തങ്ങൾക്കെതിരെ സംസാരിച്ചേക്കാവുന്നവരുടെ വായടപ്പിക്കാൻ ചിലർ ബോധപൂർവ്വം നീക്കങ്ങൾ നടത്തുന്നുണ്ട്.

www.malankaralibrary.com



### ദുരുപയോഗിക്കപ്പെടുന്ന സർക്കാർ സംവിധാനങ്ങൾ

പോലീസ് സ്റ്റേഷനുകളിലും രാഷ്ട്രീയത്തിന്റെയും ഭരണത്തിന്റെയും അകത്തളങ്ങളിലും ഉദ്യോഗസ്ഥ തലങ്ങളിലും സ്ഥാപിത താല്പര്യക്കാരുടെ കടന്നുകയറ്റം ഉണ്ടായിരിക്കുന്നത് ഗൗരവമുള്ള വിഷയമാണ്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ മാത്രം ഉയർന്നിട്ടുള്ള ആരോപണങ്ങൾ പലതും അതീവ ഗുരുതരവും രാജ്യസുരക്ഷയെത്തന്നെ ചോദ്യം ചെയ്യുന്നതും ആയിട്ടും വേണ്ടവിധത്തിലുള്ള മാധ്യമ ചർച്ചകളോ തുടർ അന്വേഷണങ്ങളോ ഉണ്ടായിട്ടില്ല. മതേതരത്വം എന്ന ഭരണഘടനാപരമായ ആശയം അപ്രായോഗികമായ ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു എന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്.

> **ഇവിടെ നിലനിൽക്കേണ്ടത് ജനാധിപത്യമാണ്, വളരേണ്ടത് പരസ്പരമുള്ള ആദരവിലും ബഹുമാനത്തിലും അധിഷ്ഠിതമായ മതേതരത്വമാണ്.**

പോലീസ് സ്റ്റേഷനുകളിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ വളരെ പ്രകടമാണ്. ഗൗരവമുള്ള ആരോപണങ്ങളുമായി പോലീസ് സ്റ്റേഷനുകൾ കയറിയിറങ്ങിയാലും കേസെടുക്കാനോ അന്വേഷിക്കാനോ വിസമ്മതിക്കുന്ന സാഹചര്യം ഇന്നത്തെ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. തട്ടിക്കൊണ്ടു പോകൽ ഭീഷണി പെൺകുട്ടികൾ നേരിട്ടിട്ടുള്ള സാഹചര്യത്തിലും, കടുത്ത അവഹേളനങ്ങൾ നേരിട്ടിട്ടുള്ള സാഹചര്യത്തിലും ഇത്തരം അനുഭവങ്ങൾ പലപ്പോഴായി ഉണ്ടായിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെ സംഭവിച്ചിട്ടുള്ള അധിക്ഷേപത്തിന്റെ പേരിൽ നൂറിലേറെ കേസുകൾ കൊടുത്തിട്ടും ഒന്നുപോലും രജിസ്റ്റർ ചെയ്യപ്പെടാതെ പോയിട്ടുള്ള അനുഭവങ്ങളുണ്ട്. കോടതി ഇടപെടലുകൾ ഉണ്ടായിട്ടു പോലും പോലീസ് നീതി പുലർത്താതിരുന്ന അനുഭവങ്ങളുണ്ട്. ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് പരാതിക്കാരൻ ആരെന്നുപോലും വെളിപ്പെടുത്താതെ മതനിന്ദ, പ്രവാചക നിന്ദ തുടങ്ങിയ ആരോപണങ്ങളിൽ കേസ് എടുക്കാനും അന്വേഷണം നടത്താനും അറസ്റ്റ് ചെയ്യാനുമൊക്കെ ചില പോലീസ് ഉദ്യോഗസ്ഥർ അമിതാവേശം പ്രകടിപ്പിക്കുന്നത്. കേരളാപോലീസിനുള്ളിലും ആപത്കരമായ ചില കടന്നുകയറ്റങ്ങൾ സംഭവിച്ചിരിക്കുന്നു എന്നതിന്റെ സൂചനയാണ് ഇത് നൽകുന്നത്. ഇത്തരത്തിൽ നിയമം പലപ്പോഴും സഹായത്തിന് എത്താതെ പോവുന്ന ഒരു സാഹചര്യം കേരളത്തിലെ മറ്റ് മത സമൂഹങ്ങൾക്ക് വിശിഷ്യാ, ക്രൈസ്തവ സമൂഹത്തിന് ഉണ്ടായിരിക്കുമ്പോൾ തന്നെ, അതേ നിയമത്തെ ദുരുപയോഗിച്ചുകൊണ്ടുള്ള അതിക്രമങ്ങളും നേരിടേണ്ടതായി വരുന്നു. നിയമസംവിധാനങ്ങളെ വിശ്വസിക്കാനും ആശ്രയിക്കാനും കഴിയില്ല എന്ന ഒരവസ്ഥ രൂപപ്പെട്ടിരിക്കുന്നെങ്കിൽ അത് അങ്ങേയറ്റം പരിതാപകരമാണ്.

ഇത്തരത്തിൽ കൊടുക്കുന്ന കേസുകൾക്ക് പിന്നിൽ ശക്തമായ സ്വാധീനവും ചില പോലീസ് ഉദ്യോഗസ്ഥരുടെ ഒത്താശയും ഉള്ളതായി മനസിലാക്കാനായിട്ടുണ്ട്. വാസ്തവത്തിൽ തങ്ങൾ വളർത്തിയെടുത്ത സ്വാധീനശേഷിയും രാഷ്ട്രീയ ശക്തിയും ഉപയോഗിച്ച് എതിരാളികളെ നിശ്ശബ്ദരാക്കാനുള്ള ശ്രമങ്ങളാണ് കണ്ടുവരുന്നത്. ഏതുവിധത്തിലുള്ള എതിർപ്പിന്റെ സ്വരങ്ങളെയും നിശബ്ദമാക്കാൻ തങ്ങൾക്ക് നിഷ്പ്രയാസം കഴിയുമെന്ന് ചിലർ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഇത് അപകടകരമായ ഒരു അവസ്ഥയാണ്. തങ്ങൾ പറയുന്നതും ചെയ്യുന്നതും മുഴുവൻ ശരിയാണെന്ന് വരുത്തിത്തീർക്കാൻ കഴിയുന്നതോടൊപ്പം, എതിർപ്പ് പറയുന്നവരെ കുറ്റവാളികളാക്കി ചിത്രീകരിക്കാനും കഴിയുകയും, അതിന് പൊതുമാധ്യമങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഭരണകൂടങ്ങളുടെയും പിന്തുണ നേടാൻ കഴിയുകയും ചെയ്യുന്നു എന്നുള്ളത് നിസ്സാരമായ കാര്യമല്ല. കേരളം എങ്ങോട്ടാണ് പോകുന്നതെന്ന് ഈ അവസ്ഥ ചൂണ്ടിക്കാണിക്കുന്നു.

സംഭവിക്കുന്ന മാറ്റങ്ങളും അതിക്രമങ്ങളും കടന്നുകയറ്റങ്ങളും കീഴ്പ്പെടുത്തലുകളും രാഷ്ട്രീയ നേട്ടങ്ങളെയും വോട്ടുബാങ്കുകളെയും മനസിൽക്കണ്ടുകൊണ്ട് അവഗണിക്കുന്ന ഭരണകൂട നിലപാട് അത്യന്തം ആപൽക്കരമാണ്. ഇവിടെ നിലനിൽക്കേണ്ടത് ജനാധിപത്യമാണ്, വളരേണ്ടത് പരസ്പരമുള്ള ആദരവിലും ബഹുമാനത്തിലും അധിഷ്ഠിതമായ മതേതരത്വമാണ്. വിമർശനങ്ങളും ചോദ്യങ്ങളും ഉയരുമ്പോൾ പൊതുസമൂഹത്തിന്റെ ആശങ്കകൾ ഉൾക്കൊണ്ട് അവയോട് ക്രിയാത്മകമായി പ്രതികരിക്കാനും ആവശ്യമായ തിരുത്തലുകൾ വരുത്താനും മത - സമുദായ നേതൃത്വങ്ങൾ തയ്യാറാകണം. മതപരമായവ നിർബന്ധബുദ്ധിയോടെ പൊതുവായി അടിച്ചേൽപ്പിക്കപ്പെടുന്നതും, മതനിന്ദാനിയമങ്ങൾ ദുരുപയോഗിച്ച് പൊതുസമൂഹം നിയന്ത്രിക്കപ്പെടുന്നതും ഇന്ന് കേരളം ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. അത്യന്തം ആപത്കരമായ ഇത്തരം പ്രവണതകളെ തിരുത്തുവാൻ സർക്കാർ സംവിധാനങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കുകയും വേണം.

www.malankaralibrary.com

# സഭ സമുദായം രാഷ്ട്രീയം

***ക്രൈസ്തവ സമൂഹത്തിന് ഉണ്ടായിരിക്കേണ്ട രാഷ്ട്രീയ അവബോധത്തെക്കുറിച്ചും സമുദായ ബോധത്തെക്കുറിച്ചും അത്തരത്തിൽ സഭയിൽ വരേണ്ട ചില മാറ്റങ്ങളെക്കുറിച്ചും പ്രഗത്ഭ പണ്ഡിതനും ചരിത്രകാരനും ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ജോൺ കച്ചിറമറ്റം സംസാരിക്കുന്നു.***

തയ്യാറാക്കിയത്: വിനോദ് നെല്ലയ്ക്കൽ



***ജോൺ കച്ചിറമറ്റം***

**ക്രൈ**സ്തവരായ യുവജനങ്ങൾക്ക് രാഷ്ട്രീയാവബോധം ഉണ്ടാവേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അക്കാമ്മ ചാണ്ടി, ആനി ബസന്റ്, ഷെവ. സിജെ വർക്കി, എംഒ ജോസഫ് നെടുംകുന്നത്ത്, കുഞ്ഞിത്തൊമ്മൻ, എംഎം വർക്കി, ബാരിസ്റ്റർ ജോർജ്ജ് ജോസഫ് തുടങ്ങിയ പഴയകാല രാഷ്ട്രീയ – സാമൂഹിക പ്രവർത്തകരൊക്കെ കടന്നുപോയ വഴികളും അവരുടെ അർപ്പണമനോഭാവവും ഈ കാലഘട്ടത്തിലെ ക്രൈസ്തവർ മനസിലാക്കിയിരിക്കേണ്ടത് ആവശ്യമാണ്. അക്കാര്യങ്ങൾ എന്നെങ്കിലും യുവതലമുറകളെ പഠിപ്പിക്കാൻ നാം ശ്രമിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനം സംബന്ധിച്ച ഇത്തരം വിഷയങ്ങൾ ഒരിക്കലും യുവജനങ്ങൾ ചിന്തിക്കുന്നത് പോലുമില്ല. ഒരു യുവജനസമ്മേളനത്തിൽ ഇത്തരം കാര്യങ്ങൾ അവതരിപ്പിച്ചാൽ അവർക്ക് അത് പുതുമയായിട്ടാവും അനുഭവപ്പെടുക.

**ആദർശരാഷ്ട്രീയത്തിന്റെ കാവലാളുകൾ**

സ്വാതന്ത്ര്യ ലബ്ദിക്ക് ശേഷം താമ്രപത്രം വാങ്ങാൻപോലും തയ്യാറാകാതിരുന്ന സ്വാതന്ത്ര്യസമര സേനാനികളുണ്ട്. ഒരു ദിവാന്റെ സെക്രട്ടറിയും സ്വാതന്ത്ര്യ സമര സേനാനിയും തുടർന്ന് പാർലമെന്റ് മെമ്പറും സംസ്ഥാന മന്ത്രിയുമായിരുന്ന മത്തായി മാഞ്ഞൂരാൻ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ബാങ്കിൽ ഉണ്ടായിരുന്നത് പത്തൊമ്പത് രൂപ മാത്രമായിരുന്നു. നാളത്തെ സുരക്ഷിതത്വത്തെക്കുറിച്ച് അവരൊന്നും ചിന്തിച്ചിരുന്നതുപോലുമില്ല. പി. ടി ചാക്കോ മരിച്ചപ്പോൾ അദ്ദേഹത്തിന് ഭീമമായ കടമാണ് ഉണ്ടായിരുന്നത്. പ്രമുഖ രാഷ്ട്രീയ നേതാവായിരുന്ന ആർ. വി തോമസ് മരിച്ചപ്പോൾ എ. ജെ ജോൺ തന്റെ കാറിന്റെ ഡിക്കിയിൽ ഒരു ചാക്ക് അരിയുമായാണ് അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് ചെന്നത്. വരുന്നവർക്ക് ഭക്ഷണം കൊടുക്കാൻ അദ്ദേഹത്തിന്റെ വീട്ടിൽ ഒന്നും ഉണ്ടാകില്ലെന്ന് എ. ജെ ജോണിന് വ്യക്തമായി അറിയാമായിരുന്നു. കെ. എം ചാണ്ടി റബർബോർഡ് ചെയർമാൻ ആയിരുന്ന കാലത്താണ് റബ്ബറിന് ഏറ്റവും കൂടുതൽ വിലയുണ്ടായിരുന്നത്. ഏതെങ്കിലും റബർ കമ്പനികളുമായി ഒരു ഒത്തുതീർപ്പിൽ എത്തിയിരുന്നുവെങ്കിൽ റബറിന്റെ വില കുറച്ച് കോടികൾ സമ്പാദിക്കാൻ അദ്ദേഹത്തിന് നിഷ്പ്രയാസം കഴിയുമായിരുന്നു. പക്ഷെ അദ്ദേഹം അങ്ങനെ ചെയ്യാൻ തയ്യാറായില്ല.




എന്തുകൊണ്ടാണ് അക്കാലത്ത് ഇങ്ങനെയൊക്കെ സംഭവിച്ചിരുന്നതെന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ, അക്കാലത്തെ നേതൃ സ്ഥാനങ്ങളിൽ ഉണ്ടായിരുന്നത് സത്യസന്ധരായ വ്യക്തികളായിരുന്നു. അങ്ങനെയുള്ളവർ ഉണ്ടെങ്കിൽ മാത്രമേ ഈ നാട്

www.malankaralibrary.com

നന്നാവുകയുള്ളൂ. അങ്ങനെയുള്ളവരുടെ ചരിത്രമാണ് നാം ഇവിടെ പഠിപ്പിക്കേണ്ടത്. എല്ലാം നഷ്ടപ്പെട്ടിട്ടും സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മയ്ക്കുവേണ്ടി പ്രയത്നിച്ച ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു എന്ന് പുതിയ തലമുറകളെ നാം പറഞ്ഞ് ബോധ്യപ്പെടുത്തണം. അങ്ങനെ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ യുവജനങ്ങളും ഭാവിയിലെ രാഷ്ട്രീയ പ്രവർത്തകരും ഇനിയും കുറേ അവസരവാദികളുടെ പുറകെ പോകുകയും, ഗ്രൂപ്പു കളികൾ നടത്തി സ്വന്തം നിലഭദ്രമാക്കാൻ ഏതറ്റം വരെയും പോകാൻ മടികാണിക്കാതിരിക്കുകയും ചെയ്യും. അത്തരക്കാർക്ക് സമൂഹത്തോടോ സമുദായത്തോടോ യാതൊരു കടപ്പാടും ഉണ്ടായിരിക്കുകയില്ല. ഇന്നു നടന്നുകൊണ്ടിരിക്കുന്നത് അതാണെന്ന് വിവിധ സംഭവവികാസങ്ങളിൽനിന്ന് നമുക്ക് വളരെ വ്യക്തമാണല്ലോ.

1960 വരെ കേരളത്തിൽ വലിയ അഴിമതികളൊന്നും ഉണ്ടായിരുന്നില്ല. അതിനുശേഷമാണ് ഇവിടെ എല്ലാ രാഷ്ട്രീയപാർട്ടികളിലും ധർമ്മച്യുതി ഉണ്ടായിട്ടുള്ളത്. പണ്ട് മാർക്സിസ്റ്റ് പാർട്ടിയിലെങ്കിലും അച്ചടക്കമുണ്ടായിരുന്നെങ്കിൽ ഇന്ന് അവിടെയും ഒന്നുമില്ലാതായിരിക്കുന്നു. ഈ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തെ കൂടുതൽ അപകടത്തിലാഴ്ത്തിയിട്ടുണ്ട് എന്നുള്ളതിന് സംശയമില്ല.

**എല്ലാം നഷ്ടപ്പെട്ടിട്ടും സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മയ്ക്കുവേണ്ടി പ്രയത്നിച്ച ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു എന്ന് പുതിയ തലമുറകളെ നാം പറഞ്ഞ് ബോധ്യപ്പെടുത്തണം.**

നമ്മുടെ യുവജനങ്ങൾക്ക് നമ്മൾ ശരിയായ പരിശീലനം നൽകുകയാണ് ആകെയുള്ള പരിഹാരം. സാമൂഹിക പരിഷ്കരണ രംഗത്തും, സ്വാതന്ത്ര്യസമര രംഗത്തും നമ്മുടെയാൾക്കാർ നൽകിയിട്ടുള്ള സംഭാവനകളെപ്പറ്റി നമുക്ക് ബോധ്യമുണ്ടാവുകയും അത് വരും തലമുറകളെ പഠിപ്പിക്കുകയും വേണം. അങ്ങനെയെങ്കിൽ മാത്രമേ ഈ കാലഘട്ടത്തിലും വരും കാലത്തും നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ.

### അൽമായപങ്കാളിത്തം സഭയിൽ

വളരെ മാതൃകാപരമായ രീതിയിൽ സഭയിൽ അൽമായ പങ്കാളിത്തം ഉണ്ടായിരുന്ന ഒരുകാലമുണ്ടായിരുന്നു. കേരളത്തിലെ അൽമായ വൈദിക സഹകരണവും അല്മയരുടെ പങ്കാളിത്തവും കണ്ടിട്ട്, കേരള സഭ ഒരു സ്വതന്ത്ര റിപ്പബ്ലിക്ക് ആണല്ലോ എന്ന് വിദേശികൾ അഭിപ്രായപ്പെട്ടിരുന്നു. മുട്ടുചിറ പള്ളിയുടെ ആരംഭത്തോട് അനുബന്ധിച്ച് എഴുതപ്പെട്ടിരിക്കുന്നത് മെത്രാനും ഇടവക വൈദികനും ഇടവകാംഗങ്ങളും ഒരുമിച്ച് ശിലാസ്ഥാപനകർമ്മം നിർവഹിച്ചു എന്നാണ്. പലയിടത്തും പഴയ ദേവാലയങ്ങളിൽ ഇത്തരത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് കാണാം.

പോർച്ചുഗീസുകാരുടെ വരവോടെയാണ് കേരളസഭയിലെ അൽമായ പങ്കാളിത്തത്തിന് കോട്ടംതട്ടിയത്. തുടർന്നുള്ളകാലത്ത് അവർ വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിക്കപ്പെട്ടില്ല. അവരുടെ നിലപാടുകൾ അംഗീകരിക്കപ്പെടാതെ വന്നു. തച്ചിൽ മാത്യു തരകന്റെ പ്രവർത്തനങ്ങൾ ഉദാഹരണമാണ്. ഇരുനൂറ് വർഷം മുമ്പ് തിരുവിതാംകൂർ സർക്കാരിന് പതിനെട്ട് ലക്ഷം രൂപ കടംകൊടുത്ത വ്യക്തിയാണ് അദ്ദേഹം. ആ തച്ചിൽ മാത്യു തരകനാണ് ആദ്യമായി തത്തംപള്ളിയിൽ വച്ച് പുനരൈക്യം നടത്തിയത്. എന്നാൽ, അന്നത്തെ ചില മെത്രാന്മാരുടെ നിഷേധാത്മക നിലപാടുകൊണ്ട് അവർക്ക് വീണ്ടും തിരിച്ചുപോകേണ്ടി വന്നു. പോർച്ചുഗീസ് മെത്രാന്മാരെ തുടർന്ന് അധികാരം ഏറ്റെടുത്ത നാടൻ മെത്രാന്മാരും പിന്നീട് അൽമായരോടുള്ള മുൻഗാമികളുടെ ശൈലി തുടരുകയാണ് ഉണ്ടായത്.

എങ്കിൽപ്പോലും കേരളത്തിലെ അൽമായ നേതൃത്വം സ്വതന്ത്രമായ നിലപാട് എക്കാലവും സ്വീകരിച്ചിരുന്നു. ക്രൈസ്തവ സമൂഹത്തെയും സമുദായത്തെയും ബാധിക്കുന്ന പൊതു പ്രശ്നങ്ങൾ വന്നപ്പോൾ, മെത്രാന്മാരോടോ വൈദികരോടോ അനുമതിയും പിന്തുണയും ആവശ്യപ്പെടാതെ തന്നെ സമൂഹത്തിന്റെ നന്മ മുന്നിൽ കണ്ടുകൊണ്ട് ആലോചിച്ച് പ്രവർത്തിക്കാൻ ദീർഘദൃഷ്ടിയും ആർജ്ജവവുമുള്ള അൽമായ പ്രമുഖർ ഇവിടെയുണ്ടായിരുന്നു. ഈ രംഗത്ത് അൽമായരെ തുറന്നമനസോടെ സഹായിച്ചിട്ടുള്ള ഒരേയൊരു വൈദികൻ നിധീരിക്കൽ മാണി കത്തനാരാണ്. അതിനുശേഷം ആരും തന്നെ ഉണ്ടായിട്ടില്ല. 1919ലെ പൗരസമത്വവാദ പ്രക്ഷോഭം നടത്തിയത് ഇത്തരത്തിൽ മെത്രാന്മാരുടെയോ വൈദികരുടെയോ പിന്തുണയില്ലാതെയാണ്. കാത്തലിക്ക് ഗ്രീവൻസസ് എന്ന മെമ്മോറാണ്ടം അൽമായർ തയ്യാറാക്കിയതും കൊടുത്തതും മറ്റാരുടെയും സഹായമോ പിന്തുണയോ ഇല്ലാതെയായിരുന്നു. വിദ്യാഭ്യാസ പ്രക്ഷോഭങ്ങളിൽ മാത്രമാണ് അക്കാലത്ത് വൈദികരുടെ സഹകരണം ഉണ്ടായിട്ടുള്ളത്.

ഇത്തരത്തിൽ, സാമൂഹികവും സാമുദാ

www.malankaralibrary.com

യികവുമായ വിഷയങ്ങളിൽ വളരെ ശക്തമായി നിലകൊണ്ടിരുന്ന ഒരു അൽമായ നേതൃത്വത്തിന്റെ കണ്ണി അറ്റുപോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം, അവർക്ക് അർഹിക്കുന്ന പ്രോത്സാഹനം നൽകാത്തതും പലപ്പോഴും കാണിച്ച നിസ്സഹകരണ മനോഭാവവുമാണ്. നാൽപ്പത് വർഷം നിയമസഭയിൽ അംഗമായിരുന്ന, സാമൂഹിക സമത്വത്തിനുവേണ്ടി ശക്തമായി വാദിച്ച കുഞ്ഞിത്തൊമ്മൻ എന്ന വ്യക്തിയെ അവസാന തെരഞ്ഞെടുപ്പിൽ തോൽപ്പിച്ചത് ഒരു മെത്രാപ്പൊലീത്തയുടെ ഇടപെടലാണ്. വലിയ ത്യാഗം സഹിച്ച് വിവിധ പ്രക്ഷോഭങ്ങളിലും സമരങ്ങളിലും പങ്കെടുത്ത് അതിനെ വിജയിപ്പിച്ച ആരെയുംതന്നെ വേണ്ടവിധത്തിൽ അംഗീകരിക്കാൻ അക്കാലത്തെ സഭാനേതൃത്വം തയ്യാറായിട്ടില്ല. ഇവരുടെയൊക്കെ ചരിത്രം ഏറ്റെടുക്കാനും പഠിപ്പിക്കാനും നാം ഇനിയെങ്കിലും തയ്യാറാകണം.

**ചരിത്രം പഠിക്കേണ്ടതിന്റെ ആവശ്യം**

ചങ്ങനാശ്ശേരി അതിരൂപതയുടെ വേദപാഠ ക്ളാസുകളിലേയ്ക്ക് വേണ്ടി ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പാഠപുസ്തകം തയ്യാറാക്കുകയുണ്ടായിരുന്നു. അവിടുത്തെ കുട്ടികളും അധ്യാപകരും വളരെ താൽപ്പര്യത്തോടെയാണ് ആ പുസ്തകത്തെ കണ്ടത്. ആ രീതിയിലുള്ള ചരിത്രപുസ്തകങ്ങൾ നാം ഇനിയും രചിക്കുകയും പ്രചരിപ്പിക്കുകയും വേണം. ക്രൈസ്തവ സമൂഹത്തിന്റെയും സമുദായങ്ങളുടെയും വളർച്ചയിലും നേട്ടങ്ങളിലും അൽമായ പ്രമുഖരുടെ പങ്ക് എന്താണെന്ന് ഇനിയും മനസിലാക്കാനും അംഗീകരിക്കാനും പഠിപ്പിക്കാനും തയ്യാറായില്ലെങ്കിൽ നാം തോറ്റുപോകും. ആദർശസുന്ദരമായ, ത്യാഗോജ്ജ്വലമായ ജീവിതം നയിച്ച ആൾക്കാരായിരുന്നു നമ്മുടെ ആൾക്കാരെല്ലാമെന്ന് നമ്മുടെ കുട്ടികൾ മനസിലാക്കണം. അവാർഡുകൾക്കോ അംഗീകാരങ്ങൾക്കോ നേട്ടങ്ങൾക്കോ വേണ്ടി അവർ ഒന്നും ചെയ്തിട്ടില്ല. അത്തരത്തിലുള്ള ഒരു തലമുറയ്ക്ക് ശേഷം നാം ഇന്ന് ഈ നിലയിൽ എത്തിനിൽക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കപ്പെടേണ്ടതുണ്ട്.

സമുദായനേതാക്കന്മാരെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും വ്യക്തമായ ബോധ്യം ഇക്കാലത്തെ സഭാ മേലധ്യക്ഷന്മാർക്കും വൈദികർക്കും വിശ്വാസികൾക്കും ഉണ്ടാകേണ്ടതുണ്ട്. അത് മനസിലാക്കിയാൽ അതിൽനിന്നും ആവേശം ഉൾക്കൊണ്ട് അൽമായരെ പ്രോത്സാഹിപ്പിക്കാനും അവരിൽനിന്ന് നല്ല നേതൃത്വങ്ങളെ വളർത്തിയെടുക്കാനും ശ്രമിക്കും എന്നുള്ളതിൽ സംശയമില്ല. കത്തോലിക്കാ സമൂഹത്തിന്റെ പൊതുപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാനും ചർച്ച ചെയ്യാനും ബോധവാന്മാരായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് ആവശ്യം. നേതൃത്വത്തിൽ അൽമായ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയണം. ഇപ്പോൾ കാണുന്നതുപോലെ, സമുദായ നേതാവും ആത്മീയ നേതാവും ഒരാളാകുന്ന അവസ്ഥ ഗുണകരമല്ല. അങ്ങനെ സംഭവിച്ചാൽ രണ്ടു സ്ഥാനത്തോടും നീതിപുലർത്താൻ ആ വ്യക്തിക്ക് കഴിയാതെവരും. ഇപ്പോഴത്തെ സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങൾ, സ്ഥാപന നേതൃത്വങ്ങൾ തുടങ്ങിയ ഉത്തരവാദിത്തങ്ങൾ അൽമായ നേതൃത്വത്തെ ഭരമേല്പിക്കാൻ തയ്യാറായാൽ അത്തരമൊരു നേതൃനിര വളർന്നുവരും. അത്തരത്തിലുള്ള തീരുമാനങ്ങൾ സ്വീകരിക്കുവാൻ വൈദികരും മെത്രാന്മാരും ഇനിയുള്ള കാലത്ത് പ്രത്യേകം ശ്രദ്ധിക്കണം.



www.malankaralibrary.com



# പോപ്പുലർഫ്രണ്ടിന്റെ നിരോധനവും ആനുകാലിക കേരളവും

കേരളം ആസ്ഥാനകേന്ദ്രമായി വിവിധ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന പോപ്പുലർ ഫ്രണ്ടിനെയും അനുബന്ധ സംഘടനകളെയും നിരോധിച്ച കേന്ദ്രസർക്കാർ നടപടി അടിവരയിട്ട് ഉറപ്പിച്ചിരിക്കുന്നത് മുൻകാലങ്ങളിൽ ഇത്തരം സംഘടനകൾക്കെതിരെ ഉന്നയിക്കപ്പെട്ടിരുന്ന ആരോപണങ്ങളെല്ലാം വാസ്തവങ്ങളായിരുന്നു എന്നുതന്നെയാണ്. അന്താരാഷ്ട്ര തലത്തിൽ ഭീകരപ്രവർത്തനങ്ങളിൽ മുന്നിട്ടുനിൽക്കുന്ന വിവിധ പ്രസ്ഥാനങ്ങളുമായി ബന്ധം പുലർത്തിവന്നിരുന്നതടക്കമുള്ള ഗുരുതരമായ കുറ്റങ്ങളാണ് പോപ്പുലർ ഫ്രണ്ടിന് നേരെ ആരോപിക്കപ്പെട്ടിരിക്കുന്നത്. അത്തരം



# പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ചു

## ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിൽ കൈവെട്ട് കേസും കേരളത്തിലെ കൊലപാതകങ്ങളും
## കാമ്പസ് ഫ്രണ്ട് ഉൾപ്പെടെ അനുബന്ധ സംഘടനകൾക്കും അഞ്ചു വർഷത്തേക്കു വിലക്ക്

### നിരോധിക്കാനുള്ള കാരണങ്ങൾ

### അന്താരാഷ്ട്ര ഭീകരബന്ധം

### സംസ്ഥാന ജനറൽ സെക്രട്ടറി അറസ്റ്റിൽ

തീവ്രവാദ സംഘങ്ങളിലേയ്ക്ക് കേരളത്തിൽനിന്നും ആളുകളെ അയക്കുക, വിവിധ തീവ്രവാദ പ്രവർത്തനങ്ങൾക്കായി പണം സ്വീകരിക്കുകയും ചെലവഴിക്കുകയും ചെയ്യുക, രാജ്യത്തിന് അകത്തും പുറത്തും കള്ളപ്പണ ഇടപാടുകൾ നടത്തുക തുടങ്ങി വിവിധ രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നതായുള്ള മുൻകാലങ്ങളിലെ ആരോപണങ്ങളെല്ലാം വാസ്തവങ്ങളാണെന്ന് വ്യക്തത വന്നിരിക്കുന്നു.

നൂറുകണക്കിന് പേരാണ് റെയ്ഡും അനുബന്ധ സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ ജയിലിൽ കഴിയുന്നത്. കേരളസമൂഹത്തിന്റെ സാംസ്കാരി കമണ്ഡലത്തിൽ വി ... വിധ സ്ഥാ ... ന ... മാ ... ന ... ങ്ങളോടുകൂടി സ്വൈര്യമായി വിഹരിച്ചിരുന്നവരും അതിൽ പലരുമുണ്ട്. അത്തരക്കാർക്കെതിരെ ചൂണ്ടപ്പെട്ട വിരലുകളുടെ വിശ്വാസ്യതയാണ് ഇന്നലെവരെ ചോദ്യം ചെയ്യപ്പെട്ടിരുന്നത്. അത്തരക്കാർക്കെതിരെയും അവരുടെ നീക്കങ്ങൾക്കെതിരെയും ആരോപണങ്ങൾ ഉയർന്നിട്ടുള്ളപ്പോഴൊക്കെ

www.malankaralibrary.com



അവർക്ക് ക്ലീൻ ചിറ്റ് നൽകാനും, വെള്ള പൂശാനും സാംസ്കാരിക നായകർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരും, മുഖ്യധാരാ മാധ്യമങ്ങളും മത്സരിച്ചിരുന്നു.

കേരളത്തിൽ ഐഎസ് ഉൾപ്പെടെയുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിധ്യമുണ്ടെന്നും, കേരളത്തിൽനിന്ന് തീവ്രവാദികൾ റിക്രൂട്ട് ചെയ്യപ്പെടുന്നുണ്ടെന്നും, കേരളത്തിൽ ഭീകരപ്രവർത്തനങ്ങൾ പലവിധത്തിൽ നടക്കുന്നുണ്ടെന്നുമുള്ള വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടുള്ളപ്പോഴൊക്കെ 'അവർക്കുണ്ടായ വേദനയെ'ക്കുറിച്ച് ഇവിടെ ലേഖനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ, ആരോപണങ്ങളെല്ലാം സത്യങ്ങളായിരുന്നു എന്ന് വ്യക്തമായപ്പോഴും, പിടിക്കപ്പെട്ടവരിൽ ഏറെയും നമുക്കിടയിലൂടെ സഞ്ചരിച്ചിരുന്നവരാണെന്ന് മനസിലായപ്പോഴും വേണ്ട വിധമുള്ള ഒരു നടുക്കം കേരളത്തിന്റെ സാംസ്കാരിക മാധ്യമ മണ്ഡലങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടതായുണ്ട്. തള്ളിപ്പറയാനോ, വാസ്തവങ്ങൾ അംഗീകരിക്കാനോ ഉള്ള വൈമുഖ്യം വീണ്ടും പ്രകടമാണ്.

പോപ്പുലർ ഫ്രണ്ടിന്റെ ചരിത്രം ഒരു സുപ്രഭാതത്തിൽ ആരംഭിക്കുന്നതല്ല. 1977 ൽ സ്ഥാപിക്കപ്പെടുകയും 2001 ലെ അമേരിക്കൻ ഭീകരാക്രമണത്തെ തുടർന്ന് നിരോധിക്കപ്പെടുകയും ചെയ്ത സ്റ്റുഡന്റ് ഇസ്ലാമിക്ക് മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ തുടർച്ചയാണ് പോപ്പുലർ ഫ്രണ്ട്. കേരളത്തിൽ വച്ച് തീവ്രവാദ പരിശീലനം വരെ നടത്തിയ ചരിത്രമാണ് SIMI ക്ക് ഉള്ളത്. പ്രവർത്തിച്ചിരുന്ന കാലയളവിൽ ദേശവിരുദ്ധ ഭീകരവാദ പ്രവർത്തനങ്ങളിൽ ആദ്യ റെക്കോർഡുകൾ ഇന്ത്യയിൽ സ്ഥാപിച്ച SIMI ക്ക് ശേഷം രൂപം നൽകപ്പെട്ട പോപ്പുലർ ഫ്രണ്ട് പേരിൽ ഉൾപ്പെടെ മതേതര പ്രതിച്ഛായ നിലനിർത്തിക്കൊണ്ടാണ് പ്രവർത്തനങ്ങളിൽ മുന്നേറിയിരുന്നത്. പോപ്പുലർ ഫ്രണ്ടിന് ഒപ്പം കേന്ദ്ര സർക്കാർ നിരോധനം ഏർപ്പെടുത്തിയിരിക്കുന്ന മറ്റ് എട്ട് സംഘടനകളിൽ ഏഴിന്റെയും പേരുകൾ അവയുടെ സ്വഭാവം വെളിപ്പെടുത്തുന്നവയല്ല. സ്ത്രീ സമുദ്ധാരണം, മനുഷ്യാവകാശം, സാമൂഹിക പ്രവർത്തനം, യുവജന ക്ഷേമം എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളാണ് അവതരിപ്പിക്കപ്പെട്ടിരുന്നത്. എന്നാൽ, ഇത്തരം മുഖംമൂടികൾ അണിഞ്ഞ് ഈ സമൂഹത്തിൽ സജീവമായിരുന്നവരുടെ യഥാർത്ഥ ലക്ഷ്യങ്ങൾ എന്തെന്ന് പലപ്പോഴായി വെളിവാക്കപ്പെട്ടിരുന്നു.

ഒട്ടേറെ കൊലപാതകങ്ങൾ, ചോദ്യപ്പേപ്പർ വിവാദത്തെത്തുടർന്ന് അദ്ധ്യാപകന്റെ കൈവെട്ട്, തീവ്രവാദ പ്രചരണങ്ങൾ, കലാപ ആഹ്വാനങ്ങൾ, പ്രണയക്കെണികൾക്കും മയക്കുമരുന്ന് വിപണനത്തിനും പിന്തുണ നൽകുന്ന പദ്ധതികൾ...

> **സർക്കാർ സംവിധാനങ്ങളിൽ മുതൽ സാംസ്കാരിക മണ്ഡലങ്ങളിലും സാമൂഹിക പ്രവർത്തന വേദികളിലും മുഖംമൂടികൾ ധരിച്ച് കയറിക്കൂടിയിരിക്കുന്നവരെയും അവർക്ക് മുന്നിലും പിന്നിലുമുള്ളവരെയും തിരിച്ചറിഞ്ഞ് മാറ്റിനിർത്താൻ കേരളസമൂഹം തയ്യാറായെങ്കിലും മാത്രമേ ഈ പ്രതിസന്ധിക്ക് പരിഹാരമാകൂ.**

ഇത്തരത്തിൽ കേരളത്തിന്റെ ഓരോ മുക്കിലും മൂലയിലും ഈ സംഘടനയുടെ പ്രവർത്തകർ ഒളിഞ്ഞും തെളിഞ്ഞും തങ്ങളുടെ ഭീകര സ്വഭാവം വെളിപ്പെടുത്തിക്കൊണ്ടിരുന്നു. 'സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ' എന്ന തികഞ്ഞ മതേതര നാമത്തിൽ മറ്റൊരു രാഷ്ട്രീയ പാർട്ടിയും രജിസ്റ്റർ ചെയ്ത് മറ്റു പാർട്ടികളുമായി കരാർ വ്യവസ്ഥകളുണ്ടാക്കി രാഷ്ട്രീയത്തിലും പിടിമുറുക്കിയിരുന്ന ചരിത്രമാണ് പോപ്പുലർ ഫ്രണ്ടിന്റേത്. എന്നാൽ, പോപ്പുലർ ഫ്രണ്ടിന്റെ നിരോധനത്തിന് ശേഷവും അതിന്റെ രാഷ്ട്രീയ മുഖമായ SDPI കേരളത്തിൽ സ്വതന്ത്രമായ പ്രവർത്തന പദ്ധതികളുമായി മുന്നോട്ടു പോകുന്നതായി കാണാം.

മതേതര കേരളത്തിന് ആശങ്കകൾ സമ്മാനിച്ചുകൊണ്ടിരിക്കുന്ന ഭീകരവാദ പ്രവർത്തനങ്ങൾക്ക് ചില സംഘടനകളുടെ സാങ്കേതികമായ നിരോധനം ശാശ്വതമായ പ്രതിവിധിയാണെന്ന് കരുതാനാവില്ല. സർക്കാർ സംവിധാനങ്ങളിൽ മുതൽ സാംസ്കാരിക മണ്ഡലങ്ങളിലും സാമൂഹിക പ്രവർത്തന വേദികളിലും മുഖംമൂടികൾ ധരിച്ച് കയറിക്കൂടിയിരിക്കുന്നവരെയും അവർക്ക് മുന്നിലും പിന്നിലുമുള്ളവരെയും തിരിച്ചറിഞ്ഞ് മാറ്റിനിർത്താൻ കേരളസമൂഹം തയ്യാറായെങ്കിലും മാത്രമേ ഈ പ്രതിസന്ധിക്ക് പരിഹാരമാകൂ.

www.malankaralibrary.com



# പ്രവാസത്തിന്റെ രീതിമാറുന്നു: ഗൗരവമായി ചിന്തിക്കേണ്ട വിഷയങ്ങൾ

**ഇ**ന്ന് ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത് ഇന്ത്യയിൽ നിന്നുമാണ്. ഏകദേശം 17.5 ദശലക്ഷം ഇന്ത്യാക്കാരാണ് പ്രവാസികളായിട്ടുള്ളത്. ഇവരിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായവരും വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളും കേരളത്തിൽ നിന്നുള്ളവരാണ്. 2013 ലെ കണക്ക് പ്രകാരം കേരളത്തിൽ നിന്നും 24 ലക്ഷം ആളുകളാണ് വിദേശങ്ങളിലേക്ക് പോയിട്ടുള്ളത്. എന്നാൽ 2018 ആയപ്പോഴേക്കും പ്രവാസികളായി പോകുന്നവരുടെ എണ്ണം 2013 ലെതിനേക്കാളും 12% കുറഞ്ഞ് 21 ലക്ഷമായി മാറി. മാത്രവുമല്ല കേരള മൈഗ്രഷൻ സർവേ പ്രകാരം 2018 ൽ തിരിച്ചു കേരളത്തിലേക്ക് വന്നിട്ടുള്ള പ്രവാസികളുടെ എണ്ണം ഏകദേശം 13 ലക്ഷത്തോളമാണ്. അതായത് മൊത്തം പ്രവാസികളുടെ 60 ശതമാനത്തോളം. കോവിഡ് കാലത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെയും മറ്റും പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടും മറ്റും അനേകർ 2019 ലും തുടർന്നുള്ള വർഷങ്ങളിലും കേരളത്തിലേക്ക് തിരിച്ചു വന്നിട്ടും ഉണ്ട്. എന്നാൽ, തിരിച്ചുവന്നിട്ടുള്ളവരിൽ ബഹുഭൂരിപക്ഷവും വിവിധ ഗൾഫ് രാജ്യങ്ങളിൽനിന്നുള്ളവരാണ്. ഗൾഫ് കുടിയേറ്റ കാലഘട്ടം അവസാനിക്കുന്നതിൻറെ സൂചനയായി ഈ തിരിച്ചുവരവും പ്രവാസികളുടെ എണ്ണം കുറഞ്ഞുവരുന്നതും ചൂണ്ടിക്കാണിക്കപ്പെടുന്നതുണ്ട്.


പ്രവാസത്തെക്കുറിച്ച് ലഭ്യമായ കണക്കുകൾ ഇപ്രകാരമാണെങ്കിലും കേരള ക്രൈസ്തവ സമൂഹം പങ്കുവെക്കുന്ന ഒരു പ്രധാന ആശങ്ക, നമ്മുടെ യുവജനങ്ങൾ അനിയന്ത്രിതമായി പ്രവാസികളായി മാറുന്നു എന്നതാണ്. അതിനു കാരണമായി പല കാര്യങ്ങളും ചൂണ്ടികാണിക്കപ്പെടുന്നു:

*(i) നമ്മുടെ ഇടവകകളിൽ കുടുംബസമേതം പ്രവാസികളായിത്തീരുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ്.*
*(ii) വൃദ്ധരായ മാതാപിതാക്കൾ മാത്രം വസിക്കുന്ന ഭവനങ്ങളുടെ എണ്ണത്തിൽ ഓരോ വർഷവും ഉണ്ടാകുന്ന വർദ്ധനവ്.*
*(iii) ആരും താമസിക്കാൻ ഇല്ലാതെ അനാഥമായി കിടക്കുന്ന ഭവനങ്ങളുടെയും പുരയിടങ്ങളുടെയും എണ്ണത്തിലുള്ള വർദ്ധനവ്.*

ഇതൊക്കെ സൂചിപ്പിക്കുന്നത് എന്താണ്? പൊതുവായ കണക്കുകളിൽനിന്ന് വ്യത്യസ്ഥമായി ക്രിസ്തീയ സമുദായത്തിൽനിന്നുള്ള വിദേശ കുടിയേറ്റം ഇപ്പോഴും തുടരുന്നു എന്നു മാത്രമല്ല, വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുമാണ്. ഇത്തരം കുടിയേറ്റങ്ങൾ താത്കാലികമായിട്ടുളതല്ല, മറിച്ച് സ്ഥിരസ്വഭാവമുള്ള കുടിയേറ്റങ്ങളാണ് എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു വസ്തുത. വിദേശത്ത് ജോലികൾ നേടാൻ നാം ഒരു കാലഘട്ടത്തിൽ സഭാംഗങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യാപകമായ രീതിയിലുള്ള വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം നമ്മുടെ നാടിനും വിശിഷ്യാ സമുദായത്തിനും ദോഷകരമാണ് എന്ന നിഗമനമാണ് പൊതുവേയുള്ളത്.

### ഗൾഫിലെ ജോലിയും മറ്റു വികസിത രാജ്യങ്ങളിലേക്കുള്ള കുടിയേറ്റവും

1960 – 70കൾ മുതലാണ് ഗൾഫിലെ ജോലിക്കായി ഒട്ടേറെപ്പേർ കേരളത്തിൽനിന്നും പോയിതുടങ്ങിയത്. ഗൾഫ് രാജ്യങ്ങളിലേക്ക് പോയിരുന്നവരിൽ ബഹുഭൂരിപക്ഷവും ജോലിക്കായി മാത്രം പോയവരും സാമ്പത്തിക സുസ്ഥിതി നേടുന്നതിനനുസരിച്ച് തിരികെ എത്തി നാട്ടിൽ ജീവിക്കാൻ ആഗ്രഹിച്ചവരുമായിരുന്നു. കുടുംബത്തോടൊപ്പം ജീവിക്കാനുള്ള സാഹചര്യങ്ങൾ അവിടെ പരിമിതമായിരുന്നു എന്നതായിരുന്നു ഇതിനുള്ള ഒരു പ്രധാന കാരണം. ചുരുക്കത്തിൽ, ഗൾഫിലെ പ്രവാസജീവിതം പൊതുവേ താത്കാലിക കുടിയേറ്റമായിരുന്നു. എന്നാൽ ഇന്ന് മറ്റു വിദേശരാജ്യങ്ങളിലേക്കാണ് -



www.malankaralibrary.com



പ്രധാനമായും കാനഡ, ആസ്ത്രേലിയ, വിവിധ യൂറോപ്യൻ രാജ്യങ്ങൾ - ആളുകൾ കുടിയേറികൊണ്ടിരിക്കുന്നത്. പത്തുവർഷം മുമ്പുവരെ കുടിയേറ്റത്തെ നിരുത്സാഹപ്പെടുത്തിയിരുന്ന ചില രാജ്യങ്ങൾ പോലും ഇപ്പോൾ ഇന്ത്യയിൽനിന്നും മറ്റുമുള്ള ജോലിക്കാരെയും വിദ്യാർത്ഥികളെയും തുറന്ന മനസോടെ സ്വാഗതം ചെയ്യുന്നുണ്ട്. ഇക്കാലഘട്ടത്തിൽ ജോലിക്കായും പഠനത്തിനായും അന്യരാജ്യങ്ങളിൽ പോകുന്നവരിൽ ചെറിയൊരു ശതമാനം പോലും ജന്മനാട്ടിലേയ്ക്ക് തിരിച്ചു വരാൻ ആഗ്രഹിക്കുന്നവരല്ല. കാരണം:

*(i) വികസിത രാജ്യങ്ങളിലെ ജീവിത നിലവാരം*
*(ii) കുടുംബത്തോടൊപ്പം ജീവിക്കാനുള്ള സാഹചര്യങ്ങൾ*
*(iii) മികച്ച വരുമാനത്തോടുകൂടിയതും മനുഷ്യാവകാശങ്ങളെ മാനിക്കുന്നതുമായ തൊഴിൽ സാഹചര്യങ്ങൾ*
*(iv) വിദ്യാർത്ഥികളെ സംബന്ധിച്ചാണെങ്കിൽ പഠനത്തിനാവശ്യമായ സ്കോളർഷിപ്പുകളുടെ ലഭ്യതയും, പഠനാനന്തരം ജോലിയിൽ പ്രവേശിക്കാനുള്ള നിരവധി സാധ്യതകളും*

**ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യാപകമായ രീതിയിലുള്ള വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം നമ്മുടെ നാടിനും വിശിഷ്യാ സമുദായത്തിനും ദോഷകരമാണ് എന്ന നിഗമനമാണ് പൊതുവേയുള്ളത്.**

**വിദേശ ജീവിതം ഒരു ലക്ഷ്യമാകുമ്പോൾ**

പുതുതായി ധാരാളം വിദ്യാഭ്യാസ അവസരങ്ങൾ ഉള്ളതിനാൽ പ്ലസ് ടു പഠനം കഴിഞ്ഞ ഉടനെ വിദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന കുട്ടികളുടെ എണ്ണവും ഇപ്പോൾ വർദ്ധിച്ചുവരുന്നുണ്ട്. പഠിക്കുന്ന രാജ്യങ്ങളിൽത്തന്നെ ജോലി ലഭിക്കാനുള്ള സാധ്യതകൂടി പരിഗണിച്ചാണ് ഒരു വലിയ വിഭാഗം അത്തരമൊരു സാധ്യത തെരഞ്ഞെടുക്കുന്നത്. വിദ്യാർത്ഥികളായ കുട്ടികളോട് സംവദിച്ചിട്ടുള്ളതിൽനിന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുള്ള കാര്യം, ഇന്ന് നമ്മുടെ കുട്ടികളിൽ ചെറിയൊരു ശതമാനത്തിന് മാത്രമാണ് നാട്ടിൽ തൊഴിൽ കണ്ടെത്തി ജീവിക്കാൻ ആഗ്രഹമുള്ളത് എന്നാണ്. എംബിബിഎസ് തുടങ്ങിയ അപൂർവ്വം ചില കോഴ്സുകൾ പഠിക്കുന്നവരിൽ മാത്രമാണ് അത്തരമൊരു ചിന്ത വ്യക്തമായുള്ളത്. പുറത്തേയ്ക്ക് പോയി ജോലിചെയ്യാൻ ആഗ്രഹിക്കുന്നവരുടെയും, ഇപ്പോൾ പോകാൻ ഒരുങ്ങുന്നവരുടെയും അനുപാതം ശ്രദ്ധിച്ചാൽ ആ പ്രവണത കേരളത്തിൽ ഏറ്റവുമധികമുള്ളത് ക്രൈസ്തവരിലാണ് എന്നുകാണാം. വിവിധ ക്രൈസ്തവ സമൂഹങ്ങളിൽ തന്നെ കത്തോലിക്കർക്കിടയിലും, കത്തോലിക്കാ സമൂഹത്തിൽ സിറോ മലബാർ സഭയിലുമാണ് കുടിയേറ്റത്തിൻറെ പ്രവണത കൂടുതലായുള്ളത്. ഇപ്പോൾ സ്കൂൾ വിദ്യാർത്ഥികളായിരിക്കുന്ന കുട്ടികളിലും അവരുടെ കുടുംബങ്ങളിലും വരെ വേരൂന്നിയിരിക്കുന്ന കുടിയേറ്റം എന്ന ചിന്ത മാറ്റിയെടുക്കുക എളുപ്പമുള്ള കാര്യമല്ല എന്നുള്ളത് പ്രധാനമായ ഒരു വസ്തുതയാണ്.

മുൻകാലങ്ങളിൽ ഒരു വിഭാഗം പേർ വിദേശ ജോലികൾക്കായി പുറംനാടുകളിൽ പോവുകയും, അതേസമയം മറ്റൊരു വിഭാഗം നാട്ടിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തുകയും, മറ്റൊരു വിഭാഗം കൃഷി, കച്ചവടം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തിരുന്നു. ഏറെക്കുറെ സന്തുലിതമായി പോയിരുന്ന ഈ രീതിക്ക് ക്രമേണ മാറ്റം വരികയും, വർഷങ്ങൾ കഴിയുംതോറും വിദേശ ജോലി ആഗ്രഹിക്കുന്നവരുടെ എണ്ണം കുത്തനെ ഉയരുകയും ചെയ്തു. നഴ്സിംഗ് രംഗത്തെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് ഭൂരിപക്ഷം പെൺകുട്ടികളും നഴ്സിംഗ് പഠിച്ചിറങ്ങി തുടങ്ങിയ 15, 20 വർഷങ്ങൾ മുമ്പ് മുതലുള്ള കാലഘട്ടത്തിലാണ് ഈ പ്രവണത വളർന്നുവന്നത്. പതിനായിരക്കണക്കിന് പെൺകുട്ടികൾ നഴ്സിംഗ് ജോലിക്കായി ഗൾഫ് രാജ്യങ്ങൾക്ക് പുറമേ യൂറോപ്യൻ രാജ്യങ്ങളിലേക്ക് പോയിത്തുടങ്ങുകയും ചെയ്തതോടെ വിവാഹശേഷം ഭർത്താക്കന്മാരെയും അവിടെ എത്തിക്കുകയും അവിടങ്ങളിൽത്തന്നെ വേരുറപ്പിക്കുകയും ചെയ്തുവന്നു.

നഴ്സിംഗിന് പുറമെയുള്ള മറ്റു ജോലിസാധ്യതകൾ വലിയതോതിൽ തെളിഞ്ഞുവന്നിട്ട് ഏറെക്കാലമായിട്ടില്ല. എന്നാൽ, മറ്റു തൊഴിൽമേഖലകളിലേക്കുള്ള സാദ്ധ്യതകളും ഇനിയങ്ങോട്ട് വളരുമെന്ന് തീർച്ചയാണ്. ഇതുവരെയും, നഴ്സുമാരും അവരുടെ കുടുംബങ്ങളുമാണ് വിദേശരാജ്യങ്ങളിൽ താമസമുറപ്പിച്ചിരിക്കുന്നവരിൽ കൂടുതലും. ഐടി പ്രൊഫഷണലുകളും മറ്റു തൊഴിലുകൾ ചെയ്യുന്നവരും ഒട്ടേറെയുണ്ട്. ആരംഭ ഘട്ടത്തിൽ വിദേശ ജോലി നേടി സാമ്പത്തിക സുസ്ഥിതി ആർജ്ജിച്ചവരിൽ നല്ലൊരു പങ്കും കേരളത്തിൽ വലിയ വീടുകൾ പണിതുയർത്തുകയുണ്ടായിട്ടുണ്ട്. എന്നാൽ, ആ പ്രവണതയ്ക്ക്

www.malankaralibrary.com



ഗണ്യമായ രീതിയിൽ കുറവുവന്നുകൊണ്ടിരിക്കുന്നു എന്നാണ് സൂചനകൾ. ഒരു മടക്കം ആഗ്രഹിക്കാത്തവരുടെ എണ്ണം കൂടിവരുന്നു എന്ന് അതിൽനിന്ന് മനസിലാക്കാം.

### ക്രൈസ്തവ കുടുംബങ്ങളിൽനിന്നുള്ള കുടിയേറ്റങ്ങൾ

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ നിന്നും വിദേശങ്ങളിലേക്കുള്ള ക്രിസ്തീയ യുവജനങ്ങളുടെ കുടിയേറ്റം ഏറ്റവും ഉയർന്ന തോതിലാണ്. വിദേശഭാഷാ പഠന കേന്ദ്രങ്ങളിൽ നിന്നും പ്രധാനപ്പെട്ട ട്രാവൽ ഏജൻസികളിലും നിന്നും ശേഖരിച്ച വിവരങ്ങൾ ഇതു ശരിവെയ്ക്കുന്നുമുണ്ട്. വിദേശ ഭാഷാ പഠനം നടത്തുന്ന ഓരോ ആയിരം പേരിലും എഴുന്നൂറോളം പേർ ക്രിസ്ത്യാനികളാണ് എന്നാണ് പൊതുവായ കണക്കുകൂട്ടൽ. ഈ എഴുന്നൂറിൽ അറുന്നൂറോളം ആളുകൾ കത്തോലിക്കാരാണ് എന്നത് ശ്രദ്ധേയമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ വിദേശത്തേക്ക് പഠനത്തിനായും ജോലിക്കായും പോകുന്നവരിൽ 70% ആളുകൾ ക്രിസ്തീയ സമുദായത്തിൽ നിന്നും ഉള്ളവരാണ്. അതിൽ തന്നെ ബഹുഭൂരിപക്ഷവും കത്തോലിക്കാ സഭാംഗങ്ങളാണ്. ഇപ്പോഴുള്ള കോവിഡാനന്തര സാഹചര്യങ്ങളിൽ ആതുരമേഖലയിലും ഐ ടി മേഖലയിലും മുൻകാലങ്ങളിൽ സംഭവിച്ചിട്ടില്ലാത്തതുപോലെ ഉദാരമായ അവസരങ്ങൾ യൂറോപ്പ്യൻ രാജ്യങ്ങളിലും ക്യാനഡയിലുമൊക്കെ ലഭ്യമാണ്.

ക്രൈസ്തവ കുടുംബങ്ങളിൽനിന്നുള്ള കുടിയേറ്റത്തിൻറെ രീതികൾ ശ്രദ്ധിച്ചാൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മനസിലാക്കാം. പ്രധാനമായും കാനഡ, വിവിധ യൂറോപ്യൻ രാജ്യങ്ങൾ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് ഗൾഫ് ഇതര കുടിയേറ്റങ്ങളിൽ ഏറിയപങ്കും നടന്നിട്ടുള്ളത്. അതിൽ ഭൂരിപക്ഷവും ക്രൈസ്തവ കുടുംബങ്ങളിൽനിന്നാണ്. അത്തരത്തിൽ ജോലിക്കായി പോയി കുടുംബമായി അവിടെ താമസമാക്കിയവരിൽ ഏറിയ പങ്കും നഴ്സിംഗ്, ഐടി മേഖല തുടങ്ങിയതും ഉയർന്ന കഴിവ് ആവശ്യമുള്ള (skilled labour) മറ്റ് ഒട്ടേറെ രംഗങ്ങളുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. വിദേശ ജോലിക്കായി കേരളം വിട്ടിട്ടുള്ളവരിൽ ബഹുഭൂരിപക്ഷവും പഠനത്തിലും ജോലിയിലും മികവ് പുലർത്തിയിട്ടുള്ളവരും എല്ലാവിധത്തിലും ഈ സമൂഹത്തിന് സംഭാവനകൾ നൽകാൻ കെൽപ്പുള്ളവരുമായിരുന്നു. ഒരു കുത്തൊഴുക്ക് പോലെ ഇപ്പോൾ നാടുവിട്ടുകൊണ്ടിരിക്കുന്നവരും വിടാൻ ആഗ്രഹിക്കുന്നവരും അത്തരക്കാർ തന്നെയാണ്.

വിദേശ തൊഴിലവസരങ്ങൾ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ ഏറ്റവുമധികം പ്രയോജനപ്പെടുത്തിയിട്ടുള്ളത് കേരളത്തിൽ മുസ്ലീങ്ങളാണ് എന്നുകാണാം. എന്നാൽ, അവരുടെ ജോലിക്കായുള്ള കുടിയേറ്റം ക്രൈസ്തവ സമൂഹത്തിന്റേതിൽനിന്ന് വ്യത്യസ്ഥമായിരുന്നു. ഗൾഫ് രാജ്യങ്ങളിലെ വൈദഗ്ദ്യം ആവശ്യമില്ലാത്ത (unskilled labours) തൊഴിൽമേഖലകളിലേക്കാണ് ലക്ഷക്കണക്കിന് മുസ്ലീങ്ങൾ എത്തിപ്പെട്ടത്. ധനസമ്പാദനം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. താരതമ്യേന വിദ്യാഭ്യാസവും കഴിവും കുറഞ്ഞവർ വിദേശത്തേയ്ക്ക് പോയി പണം സമ്പാദിച്ചപ്പോൾ, കഴിവുള്ളവരെ ഉയർന്ന വിദ്യാഭ്യാസം നേടി നാട്ടിലെ വിവിധ തൊഴിൽമേഖലകൾ കണ്ടെത്താൻ അവർ പരിശീലിപ്പിച്ചു. അതിൻറെ അടയാളങ്ങളാണ് ഇന്ന് ജനസംഖ്യാനുപാതത്തിലും വളരെ ഉയർന്ന രീതിയിൽ ഉയർന്ന സ്ഥാനങ്ങളിൽ കൂടിയ പങ്ക് മുസ്ലീങ്ങൾ ഉണ്ടായിരിക്കുന്നത്. ഐഎഎസ്, ഐപിഎസ് മുതലുള്ള മേഖലകളിലും, നിയമ, നീതിന്യായ മേഖലകളിലും മറ്റ് ഭരണ രംഗങ്ങളിലും, ഉദ്യോഗസ്ഥ തലങ്ങളിലും രാഷ്ട്രീയത്തിലുമെല്ലാം ഈ മാറ്റം പ്രകടമാണ്.

### ഇപ്രകാരം സംഭവിക്കുന്നതിൻറെ കാരണങ്ങൾ

ഇപ്പോഴും തൊഴിൽ ലക്ഷ്യംവച്ചുകൊണ്ടുള്ള കുടിയേറ്റത്തെ നമ്മുടെ സമൂഹം പൂർണ്ണമായും പ്രോത്സാഹിപ്പിക്കുകയും യുവാക്കളെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ബഹുഭൂരിപക്ഷവും മുൻഗണന കൊടുത്തുവരുന്നത് പുറംരാജ്യങ്ങളിൽ ജോലി ലഭിക്കാനുള്ള



www.malankaralibrary.com



സാധ്യതകൾക്കാണ്. ഇപ്രകാരം സംഭവിക്കുന്നതിന് പല കാരണങ്ങളുണ്ട്.

*1. രാഷ്ട്രീയമായ ചില കാരണങ്ങൾകൊണ്ടും, നാട്ടുകാരും ബന്ധുക്കളുമായ മുൻഗാമികൾ ഒട്ടേറെപ്പേർ വിവിധ വിദേശ രാജ്യങ്ങളിൽ ഉള്ളതുകൊണ്ടും ക്രൈസ്തവ കുടുംബങ്ങളിലെ കുട്ടികൾക്ക് സാദ്ധ്യതകൾ കൂടുതലാണ്.*
*2. സാമ്പത്തിക സുരക്ഷിതത്വത്തിന് ക്രൈസ്തവ കുടുംബങ്ങൾ പ്രഥമ പരിഗണന നൽകുന്നു.*
*3. കുടിയേറ്റങ്ങൾ, പറിച്ചുനടലുകൾ ക്രൈസ്തവ കുടുംബങ്ങളിൽ നല്ലൊരു വിഭാഗത്തിനും പരിചിതമാണ്. മലബാർ, ഇടുക്കി കുടിയേറ്റങ്ങൾ മുതൽ വിവിധ സംസ്ഥാനങ്ങളിലേക്കും ഇപ്പോൾ വിവിധ രാജ്യങ്ങളിലേക്കും കുടിയേറുന്നവരിൽ ഏറിയ പങ്കും ക്രൈസ്തവരാണ്. ക്രൈസ്തവ കുടുംബങ്ങളെ സംബന്ധിച്ച് മറ്റു സംസ്കാരങ്ങളിലേയ്ക്ക് കടന്നു ചെന്ന് അവരിൽ ഒരാളായി ജീവിക്കാൻ എളുപ്പമാണ്.*
*4. സ്വന്തം രാജ്യം എന്ന വികാരവും, നാട്ടിൽ ജീവിക്കാനുള്ള ആഗ്രഹവും പൊതുവെ വളരെ കുറവാണ്.*
*5. നാട്ടിലെ ജീവിതത്തെ കുറിച്ചുള്ള അരക്ഷിത ചിന്തകൾ ക്രൈസ്തവർക്കിടയിൽ കൂടുതലാണ്. സാമ്പത്തികമായ ആശങ്കകൾക്ക് പുറമെ, സാമുദായികവും സാമൂഹികവുമായ മറ്റ് ആശങ്കകളുമുണ്ട്. ക്രൈസ്തവർ ഇന്ത്യയിൽ നേരിടുന്ന വിവിധ അതിക്രമങ്ങളും കേരളത്തിലെ ഇന്നത്തെ അവസ്ഥയും ഭാവിതലമുറകൾക്ക് ഇവിടെ സുരക്ഷിതമായി ജീവിക്കാൻ കഴിയുമെന്ന വിശ്വാസം നഷ്ടപ്പെടുത്തിയിരിക്കുന്നത് ഒരു കാരണമാണ്.*
*6. റിസ്കെടുക്കാനും, കച്ചവടമോ, സ്വയം തൊഴിലുകളോ ചെയ്യാനുമുള്ള തല്പരത പൊതുവെ കുറവാണ്, ഇപ്പോൾ വളരെയധികം കുറഞ്ഞിരിക്കുന്നു.*
*7. കാർഷിക മേഖലയിലെ സ്ഥിരതയില്ലായ്മയും കൃഷി ചെയ്ത് ജീവിക്കാമെന്നുള്ള ആത്മവിശ്വാസം നഷ്ടപ്പെട്ടതും.*
*8. ക്രിസ്ത്യൻ രാജ്യങ്ങളിലേക്കുള്ള തൊഴിൽപരമായ കുടിയേറ്റത്തിന് സഭ നൽകിവന്നിരുന്ന പ്രോത്സാഹനം.*

**പരിഹാര നിർദ്ദേശങ്ങൾ**

ശാശ്വത പരിഹാരം എളുപ്പമല്ലാത്ത ഒരു പ്രതിസന്ധിയാണ് ഇന്ന് നമുക്ക് മുന്നിലുള്ളത് എന്നുള്ളതാണ് നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നത്. ഇപ്പോഴുള്ള ഒഴുക്ക് വരും വർഷങ്ങളിലും കൂടുതൽ ശക്തമായി തുടരാനാണ് സാധ്യത. ആരംഭ ഘട്ടത്തിൽ കൂടുതൽ പേർ ജോലിക്കെത്തിയിരുന്ന ഇംഗ്ലണ്ടിലേയ്ക്കുള്ള കുടിയേറ്റം ഇടക്കാലത്ത് അൽപ്പം കുറഞ്ഞിരുന്നെങ്കിലും വീണ്ടും സജീവമായിട്ടുണ്ട്. കേരളത്തിൽനിന്നുള്ള നഴ്സുമാർക്ക് കൂടുതൽ രാജ്യങ്ങൾ ഉയർന്ന തൊഴിലവസരങ്ങൾ നൽകിത്തുടങ്ങിയിട്ടുണ്ട്. ജർമ്മനിയാണ് ഏറ്റവും ഒടുവിലെ ഉദാഹരണം. കൂടുതൽ രാജ്യങ്ങൾ ഈ രീതിയിൽ മുന്നോട്ടുവരാൻ സാധ്യതയുണ്ട്. ഇത്തരം സാദ്ധ്യതകൾ മുന്നിൽക്കണ്ട് കൂടുതൽ കുട്ടികൾ ഇപ്പോഴും നഴ്സിംഗ് പഠനം തെരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. പെൺകുട്ടികൾ കൂട്ടത്തോടെ വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്ന പ്രവണത വർഷങ്ങളോളം തുടരാനാണ് സാധ്യത. എങ്കിലും ഒരു വിഭാഗം പേരെ നാട്ടിൽ നിർത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അതിനായി ചെയ്യാവുന്ന ചില കാര്യങ്ങളുണ്ട്.

> **പ്രധാനമായും കാനഡ, വിവിധ യൂറോപ്യൻ രാജ്യങ്ങൾ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് ഗൾഫ് ഇതര കുടിയേറ്റങ്ങളിൽ ഏറിയപങ്കും നടന്നിട്ടുള്ളത്. അതിൽ ഭൂരിപക്ഷവും ക്രൈസ്തവ കുടുംബങ്ങളിൽനിന്നാണ്.**

*1. സിവിൽ സർവീസ് തുടങ്ങിയ സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ടുള്ള പരിശീലന പദ്ധതികൾ സ്കൂൾ തലം മുതൽ ആവിഷ്കരിക്കുക. എല്ലാ രൂപതകളും ട്രെയിനിംഗ് സെൻററുകൾ ആരംഭിക്കുകയും കഴിവുള്ള പരമാവധി കുട്ടികളിൽ അത്തരം താൽപ്പര്യങ്ങൾ ഉണർത്തുകയും ചെയ്യുക.*
*2. വിവിധ ഗവണ്മെൻറ് ജോലികൾ, സ്കോളർഷിപ്പുകൾ, സംവരണങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ശേഖരിക്കാനും അത്തരം ജോലികൾ നേടിയെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കാനും ആവശ്യമായ സംവിധാനങ്ങൾ കീഴ്ത്തട്ടു മുതൽ സംഘടിതമായും, കേന്ദ്രീകൃതമായും ഒരുക്കുക. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും ഇടവകാ, മേഖലാ തലങ്ങളിൽ നൽകുക.*
*3. പ്രാദേശികമായി കൂട്ടായ പരിശ്രമങ്ങളിലൂടെ ചെറിയ മുതൽമുടക്കിൽ ആരംഭിക്കാവുന്ന സംരംഭങ്ങൾ കണ്ടെത്തുകയും ആരംഭിക്കാൻ ആവശ്യമായ പിന്തുണ ഇടവകാ, ഫൊറോനാ തലങ്ങളിൽ നൽകുകയും ചെയ്യുക. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രൊഡക്ഷൻ, മൽസ്യ മാംസാദികളുടെ വിപണനം, വിവിധ സേവന മേഖലകൾ തുടങ്ങി*

www.malankaralibrary.com



ഓരോ ദേശത്തും കണ്ടെത്താൻ കഴിയുന്ന സാധ്യതകളെ വളർത്തിക്കൊണ്ടുവന്ന് യുവാക്കളെ തൊഴിലും വരുമാനവും ഉള്ളവരാക്കി മാറ്റാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക.

4. കത്തോലിക്കാ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയുള്ള സംരംഭങ്ങൾ രൂപതകളുടെയും ഇടവകകളുടെയും സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ ആരംഭിക്കുകയും മാന്യമായി ജീവിക്കാൻ കഴിയുന്ന വരുമാനം ഉറപ്പുവരുത്തുകയും ചെയ്യുക. 'ഒരു വർഷം പതിനായിരം തൊഴിലവസരങ്ങൾ' എന്നോമറ്റോ ഉള്ള ആപ്തവാക്യവുമായി കേന്ദ്രീകൃതമായ ഒരു പദ്ധതി പ്രഖ്യാപിക്കുകയും ബന്ധപ്പെട്ട കമ്മീഷനുകളുടെ മേൽനോട്ടത്തിൽ ഒരു സ്വതന്ത്ര സമിതിയെ നടത്തിപ്പ് ചുമതല ഏൽപ്പിക്കുകയും ചെയ്യാവുന്നതാണ്.

5. ഇടവകകളിൽ മുതൽ സഭയുടെ വിവിധ പ്രവർത്തനതലങ്ങളിൽ ആത്മാർത്ഥമായും സജീവമായും മുന്നിട്ടു നിൽക്കുകയും എക്കാലവും അപ്രകാരം തുടരുമെന്ന് ബോധ്യമുണ്ടായിരിക്കുകയും ചെയ്യുന്നവരെ ചേർത്തുനിർത്തുവാനുള്ള പ്രത്യേക ശ്രദ്ധ നേതൃത്വത്തിനുണ്ടാകണം. അത്തരത്തിലുള്ളവർക്ക് ജോലി അവസരങ്ങളിലും മറ്റും പ്രത്യേക പരിഗണന നൽകേണ്ടത് പ്രധാനമായും സഭയുടെ ആവശ്യമാണെന്ന ചിന്ത ഉണ്ടാകണം. യൂത്ത് കമ്മീഷൻ ഇത്തരമൊരു വിഷയം മുൻനിർത്തി പ്രത്യേകമായ ഒരു സംവിധാനമുണ്ടാക്കുന്നത് നന്നായിരിക്കും. സഭയ്ക്കുവേണ്ടി നിലകൊള്ളാൻ ആർജ്ജവമുള്ള അനേകർ നഷ്ടപ്പെട്ടുപോയിട്ടുള്ളത് ഇത്തരമൊരു ശ്രദ്ധ ഇതുവരെയും ഉണ്ടായിട്ടില്ല എന്നുള്ളതിനാലാണ് എന്ന നിരീക്ഷണമുണ്ട്.

6. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മാന്യമായി ശമ്പളം ലഭിക്കുന്ന സ്ഥാപനങ്ങളിലും സന്തുലിതവും തൃപ്തികരവുമായ പരിഗണന യുവതീയുവാക്കൾക്ക് ഉറപ്പുവരുത്തുക.

7. കത്തോലിക്കാ മാനേജ്മെൻറുകൾ നടത്തുന്ന മറ്റു സ്ഥാപനങ്ങളിലും മാന്യമായ ശമ്പളവും, നമ്മുടെ യുവതീയുവാക്കൾക്ക് അർഹമായ പ്രാതിനിധ്യവും ഉറപ്പുവരുത്തുക.

8. കഴിവും താൽപ്പര്യവുമുള്ളവരെ മാധ്യമ, രാഷ്ട്രീയ രംഗങ്ങൾ തെരഞ്ഞെടുത്ത് ക്രിയാത്മകമായി പ്രവർത്തിക്കുവാൻ ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുക.



www.malankaralibrary.com



# രണ്ടു പ്രത്യയശാസ്ത്രങ്ങൾക്കിടയിലെ സംഘർഷവും, ക്രൈസ്തവരുടെ ആശയക്കുഴപ്പങ്ങളും

മുൻകാലങ്ങളിലൊന്നുമില്ലാത്ത രീതിയിൽ ക്രൈസ്തവ മുസ്ലീം ബന്ധം കേരളത്തിൽ വഷളായിക്കൊണ്ടിരിക്കുകയാണ്. തീവ്ര ഇസ്ലാമിക സംഘടനകളുടെ ഭാഗത്തുനിന്ന് വിവിധ രീതികളിൽ പൊതുസമൂഹവും പ്രത്യേകിച്ച് ക്രൈസ്തവരും അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് അടുത്തകാലങ്ങളിലായി അനേകർ ബോധവാന്മാരായതിൻറെ ഭാഗമായ പ്രതികരണങ്ങളും അതിൻറെ തുടർച്ചയായ പ്രചാരണങ്ങളും വാഗ്വാദങ്ങളും ചേരിപ്പോരുകളും തുടർച്ചയായുണ്ട്. ആർഎസ്എസ്, ഹിന്ദു ഐക്യവേദി മുതലായ ഹിന്ദുത്വവാദ സംഘടനകളും പോപ്പുലർ ഫ്രണ്ട്, എസ്ഡിപിഐ മുതലായ തീവ്ര ഇസ്ലാമിക സംഘടനകളും അടിസ്ഥാനപരമായി ശത്രുത പുലർത്തുന്നവരായതിനാലും, അത്തരം സംഘടനകളുടെ പ്രവർത്തകർ തമ്മിലുള്ള ഏറ്റുമുട്ടലുകളും പരസ്പരമുള്ള വിദ്വേഷ പ്രചരണങ്ങളും പതിവായതിനാലും ഇപ്പോഴുള്ള ക്രൈസ്തവ പ്രതികരണങ്ങളും അതിൻറെ തുടർചിത്രങ്ങളും സങ്കീർണ്ണമാണ്.

### സംഘപരിവാർ ഇസ്ലാമിസ്റ്റ് സംഘർഷങ്ങൾ കേരളത്തിൽ

ആർഎസ്എസ് കാലങ്ങളായി ഉയർത്തുന്ന ആരോപണങ്ങളെ ബൗദ്ധികമായ ഒരു മറ സൃഷ്ടിച്ച് പ്രതിരോധിക്കുന്നതിൽ എക്കാലവും കേരളത്തിലെ ഇസ്ലാമിസ്റ്റുകൾ വിജയിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്ലാമി പോലുള്ള സംഘടനകൾ വലിയ രീതിയിൽ മുതൽമുടക്ക് നടത്തി സെക്കുലർ മുഖഭാവങ്ങളോടുകൂടിയ മാധ്യമങ്ങളും അനുബന്ധ സംവിധാനങ്ങളും (ഉദാഹരണമായി മാധ്യമം പത്രമാസികകൾ, മീഡിയാ വൺ ചാനൽ, യൂട്യൂബ് ചാനലുകൾ തുടങ്ങിയവ) വർഷങ്ങളായി വിജയകരമായി നടത്തിവരുന്നുണ്ട്. സന്നദ്ധ സംഘടനകൾ, എൻജിഒകൾ എന്നിങ്ങനെ സെക്കുലർ നാമങ്ങളോടുകൂടിയ ഒട്ടേറെ പ്രസ്ഥാനങ്ങളും (ഉദാഹരണമായി കാമ്പസ് ഫ്രണ്ട് ഓഫ് ഇന്ത്യ, നാഷണൽ വിമെൻസ് ഫ്രണ്ട്, സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടി ഓഫ് ഇന്ത്യ) ഇത്തരക്കാർക്കുണ്ട്. ഇപ്രകാരമൊക്കെ സൃഷ്ടിക്കപ്പെട്ട സ്വാധീനവലയം ഉപയോഗിച്ച്, തങ്ങൾക്കെതിരെ ഉയരുന്ന എല്ലാവിധ ആരോപണങ്ങൾക്കും തടയിടാൻ ഒരുപരിധിവരെ അവർക്ക് കഴിഞ്ഞിട്ടുണ്ട്. സംഘടനാ സംവിധാനങ്ങളെയും മാധ്യമങ്ങളെയും കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് ഒരേസമയം തങ്ങളുടെ യഥാർത്ഥ മുഖത്തെ മറച്ചുവയ്ക്കുകയും ഒപ്പം ഹിന്ദുത്വ സംഘടനകളുടെ ഭീകരതയും, അവരുടെ ലക്ഷ്യങ്ങളും എല്ലായ്പ്പോഴും പ്രൊജക്ട്ചെയ്യുകയും ചെയ്യുകയായിരുന്നു ജമാഅത്തെ ഇസ്ലാമി ഉൾപ്പെടെയുള്ള വിവിധ മുസ്ലീം ഗ്രൂപ്പുകൾ ചെയ്തുവന്നിരുന്നത്. ബിസിനസ് ബന്ധങ്ങൾ വഴിയായി വളർത്തിയെടുത്ത സ്വാധീനം ഉപയോഗിച്ചും, അച്ചടി ദൃശ്യ മാധ്യമങ്ങളിലൂടെയും ഇതേ നിലപാട് ആവർത്തിച്ചുറപ്പിക്കുവാനും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഇസ്ലാമിക ഭീകരതയ്ക്കെതിരെ എന്ന രീതിയിൽ രൂപംകൊണ്ടതെങ്കിലും ക്രമേണ ഒരു തികഞ്ഞ വർഗ്ഗീയ സംഘടനയായി മാറിയ ആർഎസ്എസിന് വിവിധ സംസ്ഥാനങ്ങളിൽ വേരാഴ്ത്താൻ കഴിഞ്ഞെങ്കിലും കേരളത്തിൽ കാര്യമായ മുന്നേറ്റം നടത്താൻ അടുത്തകാലം വരെയും കഴിഞ്ഞിരുന്നില്ല. തീവ്ര ഹിന്ദുത്വ സംഘടനകൾക്ക് ഹൈന്ദവ സമൂഹത്തിൽ തന്നെയും വലിയ സ്വീകാര്യത മുമ്പേ ഇല്ലാത്തതും, നേരെ വിപരീതമായി തീവ്ര ഇസ്ലാമിക സംഘടനകളെ തള്ളിപ്പറയാൻ മുസ്ലീം സമുദായം





www.malankaralibrary.com



ഒരിക്കലും മുന്നോട്ടുവരാത്തതും ഇത്തരമൊരു പ്രവർത്തന പദ്ധതിയുടെ വിജയത്തിൻറെ പ്രധാന കാരണങ്ങളിൽ ചിലതാണ്.

**ഇസ്ലാമിസ്റ്റുകളെ പ്രതിരോധിക്കാൻ ഹിന്ദുത്വ സംഘടനകളുടെ സഹായം തേടുന്നതിലെ അപകടങ്ങൾ**

ഹിന്ദുത്വ സംഘടനകളും ഇസ്ലാമിസ്റ്റുകളും തമ്മിലുള്ള സംഘർഷങ്ങളിൽ രണ്ടാമത്തെ കൂട്ടർ നൽകുന്ന വ്യാഖ്യാനങ്ങളാണ് പൊതുസമൂഹത്തിന് കൂടുതൽ സ്വീകാര്യം എന്ന പ്രത്യേക സാഹചര്യം നിലനിന്നിരുന്ന പശ്ചാത്തലത്തിലാണ് ഇസ്ലാമിസ്റ്റുകളുടെ ഭാഗത്തുനിന്നുള്ള വെല്ലുവിളികൾ പരിധിവിട്ടപ്പോൾ ക്രൈസ്തവരിൽ പലരും പ്രതികരിക്കാൻ മുന്നോട്ടുവന്നത്.

**'സംഘി ഭീകരത'യെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന മതേതര ക്രൈസ്തവർക്ക് പോലും ഇസ്ലാമിക ഭീകരത എന്നൊന്നുണ്ടെന്ന് തിരിച്ചറിയാൻ കഴിയാത്തതിന് കാരണം ഇവിടെ നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങളാണ്.**

കച്ചവട മേഖലകളിലെ ചതികളിൽ മുതൽ പ്രണയക്കെണികളിൽ വരെ അകപ്പെടുന്നവരുടെ എണ്ണം കഴിഞ്ഞ കുറച്ചുവർഷങ്ങളായി വർദ്ധിച്ചു വന്നിരുന്നെങ്കിലും കാര്യമായ പ്രതികരണങ്ങൾ ക്രൈസ്തവരുടെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നില്ല. പ്രതികരിക്കാനുള്ള ഭയവും, ഒരുമിച്ചുനിൽക്കാനുള്ള മടിയും, പിന്തുണകൾ ഇല്ലാത്തതും മറ്റുമായിരുന്നു കാരണങ്ങൾ. ആ ഘട്ടത്തിലാണ്, ക്രൈസ്തവരെ ഈ വിഷയത്തിൽ ഒപ്പം നിർത്തിയാൽ രാഷ്ട്രീയമായ ഗുണങ്ങളുണ്ട് എന്ന് മനസിലാക്കിയ ഹിന്ദുത്വ സംഘടനാ നേതാക്കൾ 'ലൗജിഹാദ്' കേസുകളിൽ ചെറിയ ചില ക്രൈസ്തവ ഗ്രൂപ്പുകൾക്ക് പിന്തുണ നൽകിത്തുടങ്ങിയത്. ഏതാണ്ട് അഞ്ചുവർഷങ്ങൾക്ക് മുമ്പ് തന്നെ അത്തരം ചില കേസുകളിൽ അവർ ഇടപെടുകയും കുറെ പെൺകുട്ടികളെ രക്ഷപെടുത്തുകയുമുണ്ടായിട്ടുണ്ട്. അക്കാലത്ത് 'ക്രിസ്ത്യൻ ഹെൽപ്പ് ലൈൻ' എന്ന പേരിൽ ഒരു ആർഎസ്എസ് സ്പോൺസേർഡ് സംഘടന ആരംഭിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇടപെടുന്ന കേസുകളെ ഉടനടിത്തന്നെ രാഷ്ട്രീയ മുതലെടുപ്പുകൾക്ക് ഉപയോഗിക്കുന്ന ശൈലി അവർ സ്വീകരിച്ചിരുന്നതിനാൽ അത്തരം ഇടപെടലുകൾ ഗുണത്തേക്കാളേറെ ദോഷമായിത്തീർന്നു. ലൗജിഹാദ് കേസുകൾ ഉയർന്നുവരുമ്പോഴെല്ലാം, ആർഎസ്എസ് പ്ലാറ്റ്ഫോമുകളിൽ തീവ്ര പ്രചാരണങ്ങൾ നടന്നിരുന്നതിനാൽ, പെൺകുട്ടി ക്രിസ്ത്യാനി ആണെങ്കിലും ആർഎസ്എസിൻറെ കള്ളക്കളിയാണ് എന്ന മറുപക്ഷത്തിൻറെ വാദത്തിന് കൂടുതൽ വിശ്വാസ്യത ലഭിച്ചുകൊണ്ടിരുന്നു.

പിന്നീടും ക്രൈസ്തവരും മുസ്ലീങ്ങളും മാത്രം ബന്ധപ്പെടുന്ന വിവാദങ്ങളായാലും അതിൽ ആർഎസ്എസും പോഷക സംഘടനകളും രാഷ്ട്രീയ മുതലെടുപ്പുകൾ നടത്താൻ തിടുക്കം കൂട്ടുന്നതിനാലാണ് ശരിയായ രീതിയിൽ അത്തരം പ്രതിസന്ധികളുടെ വാസ്തവങ്ങൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയിട്ടുള്ളത്. ഇത്തരമൊരു സാഹചര്യം കഴിഞ്ഞ അഞ്ചു വർഷങ്ങളായി നിലനിൽക്കുന്നതിനാൽ തന്നെ, പരസ്പര വിരുദ്ധമായ വാദഗതികൾ ഉയർത്തിയും ഒരു വിഭാഗത്തെ തെറ്റിദ്ധരിപ്പിച്ചും സമൂഹത്തിൽ വലിയ ആശയക്കുഴപ്പം നിലനിർത്താൻ തൽപ്പരകക്ഷികൾക്ക് കഴിഞ്ഞിട്ടുണ്ട്. 'സംഘി ഭീകരത'യെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന മതേതര ക്രൈസ്തവർക്ക് പോലും ഇസ്ലാമിക ഭീകരത എന്നൊന്നുണ്ടെന്ന് തിരിച്ചറിയാൻ കഴിയാത്തതിന് കാരണം ഇവിടെ നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങളാണ്.

**സംഘപരിവാറിൻറെ ലക്ഷ്യം പ്രശ്നപരിഹാരമോ?**

കഴിഞ്ഞ അഞ്ചുവർഷങ്ങളായി സംഘപരിവാർ സംവിധാനങ്ങളോട് സഹകരിച്ചുകൊണ്ടുള്ള ഈ രംഗത്തെ പ്രവർത്തനങ്ങൾ ആത്യന്തികമായി ക്രൈസ്തവ സമൂഹത്തിന് വലിയ ദോഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന ഇത്തരം പ്രതിസന്ധികൾ പരിഹരിക്കപ്പെടണമെന്ന് ആഗ്രഹമില്ലാതെയാണ് ആർഎസ്എസും ബിജെപിയും ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളതാണ് വാസ്തവം. കാരണം, കേരളത്തിൽ സ്ഥിതിഗതികൾ കൂടുതൽ വഷളാവുകയാണ് അവരുടെ ആവശ്യം എന്നുള്ളതുതന്നെ. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു പഞ്ചായത്തിൽ പോലും ഭരണം പിടിക്കാൻ ശേഷിയില്ലാത്തവിധം അത്രമാത്രം പിന്തള്ളപ്പെട്ടു നിൽക്കുന്ന പാർട്ടിയാണ് ബിജെപി. ഹിന്ദുസമൂഹത്തിൽനിന്ന് പോലും വേണ്ടവിധത്തിലുള്ള പിന്തുണയില്ലാത്തതാണ് കാരണം. എന്നാൽ, ഇവിടെ സ്ഥിതിഗതികൾ കൂടുതൽ വഷളാവുകയും ബിജെപിയെക്കൊണ്ടുമാത്രമേ കേരളത്തെ രക്ഷപെടുത്താൻ കഴി

www.malankaralibrary.com



യൂ എന്ന പ്രതീതി സൃഷ്ടിക്കപ്പെടുകയും ചെയ്താൽ മാത്രമേ രാഷ്ട്രീയമായി അത് അവർക്കു ഗുണംചെയ്യൂ. അതിനുള്ള പ്രത്യക്ഷവും പരോക്ഷവുമായ ശ്രമങ്ങളും പ്രചാരണങ്ങളുമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ ഇത്തരം ക്രൈസ്തവ അനുകൂല നിലപാടുകൾ സ്വീകരിക്കുന്ന സംഘപരിവാർ സംഘടനകൾ മറ്റ് സംസ്ഥാനങ്ങളിൽ സ്വീകരിക്കുന്ന ക്രൈസ്തവ വിരുദ്ധ നയങ്ങൾ അവഗണിക്കാനാവാത്തതാണ്. ബി ജെ പി ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും പാസാക്കിയിട്ടുള്ള മതപരിവർത്തന നിരോധന ബില്ലുകൾ, നമ്മുടെ സ്ഥാപനങ്ങൾക്കെതിരായിട്ടുള്ള നിയമ നടപടികൾ, വർഗീയ അതിക്രമങ്ങൾ ഇവയൊക്കെ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കേരളത്തിലെ ക്രിസ്ത്യാനികളോട് മാത്രം കാണിക്കുന്ന സ്നേഹം കേവലം രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് എന്നത് വ്യക്തമാണ്. ന്യൂനപക്ഷമോർച്ച പോലെയുള്ള സംവിധാനങ്ങളിലൂടെ ക്രൈസ്തവരെ അവർ തെറ്റിധരിപ്പിക്കുകയും വിഭാഗീയത സൃഷ്ടിക്കുകയും ചെയ്യുന്നു എന്ന് വേണം അനുമാനിക്കാൻ. കേരളത്തിൽ ഇപ്പോൾ രൂപപ്പെട്ടിട്ടുള്ള ഇസ്ലാം വിരുദ്ധതയെ ആളികത്തിക്കാനും ദുരുപയോഗം ചെയ്യാനുമാണോ ഈ ബാന്ധവം എന്ന് നാം നിരന്തരം നിരീക്ഷിക്കേണ്ടിയിരിക്കുന്നു.

### ഇസ്ലാമിസ്റ്റുകളുടെ പ്രവർത്തനപദ്ധതികൾ

തീവ്ര ഇസ്ലാമിക സംഘടനകളും പ്രവർത്തകരും വളരെ ബുദ്ധിപൂർവ്വവും സമർത്ഥമായുമാണ് തങ്ങളുടെ പ്രവർത്തനങ്ങളിൽ മുന്നോട്ടുപോകുന്നത് എന്നുള്ളതാണ് നാം ആദ്യം മനസിലാക്കിയിരിക്കേണ്ട വസ്തുത. വളരെ വർഷങ്ങൾക്ക് മുമ്പുമുതൽ ചിലർ പദ്ധതിയിട്ടു പ്രവർത്തിച്ചുവന്നതിൻറെ ഫലങ്ങളാണ് ഇന്ന് നാം കാണുന്നത്. ഒരുപക്ഷെ സമുദായ ശാക്തീകരണത്തിൻറെ ഒരു വലിയ മാതൃകതന്നെ ഈ സമൂഹത്തിൻറെ കഴിഞ്ഞ ചില ദശകങ്ങളിലെ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും. സ്വാതന്ത്ര്യാനന്തര ഭാരതത്തിൻറെ ആദ്യ കാലങ്ങളിൽത്തന്നെ ഒരു മാസ്റ്റർ പ്ലാനുമായാണ് അവർ മുന്നേറിയിരുന്നത് എന്ന് കരുതാം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ഒരു നൂറ്റാണ്ട് തികയുന്ന 2047 മുൻനിർത്തിക്കൊണ്ടുള്ള വലിയ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ സമീപകാലങ്ങളിലായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. സമസ്ത പോലുള്ള മുഖ്യധാരാ മുസ്ലീം സംഘടനകളും അവരുടെ പ്രവർത്തന സംവിധാനങ്ങളും മാത്രമല്ല, എസ്ഡിപിഐ, പോപ്പുലർ ഫ്രണ്ട് തുടങ്ങിയ തീവ്ര സംഘടനകളും 'മിഷൻ 2047' എന്ന ആശയത്തെ സമീപകാലങ്ങളിലായി പ്രത്യേകം എടുത്തുപറയുന്നുണ്ട്.

സ്വാതന്ത്ര്യത്തിൻറെ നൂറാം വർഷത്തോടെ മുസ്ലീം സമൂഹം അവർ ലക്ഷ്യംവയ്ക്കുന്ന വളർച്ച നേടുക എന്നതാണ് ഒറ്റവാക്യത്തിൽ മിഷൻ 2047 അർത്ഥമാക്കുന്നത്. ഏതുതരത്തിലുള്ള നേട്ടങ്ങളാണ് അവർ ലക്ഷ്യംവയ്ക്കുന്നത് എന്നുള്ളതിന് ഭാഗികമായ അറിവേ ഇതുവരെ നമുക്കുള്ളൂ. എന്തുതന്നെയായാലും, കഴിഞ്ഞ എഴുപത്തഞ്ച് വർഷങ്ങളായി ഒറ്റക്കെട്ടായി ആ ഒരു ലക്ഷ്യത്തിൻറെ പിന്നാലെയാണ് കേരളത്തിലെ ഇസ്ലാമിക സമൂഹം എന്നുള്ളത് വ്യക്തമാണ്. തങ്ങളുടെ ലക്ഷ്യങ്ങളിൽ അവർ വളരെയധികം മുന്നേറിക്കഴിഞ്ഞിരിക്കുന്നു എന്ന് കാണാം.

### വർദ്ധിക്കുന്ന ശത്രുതാ മനോഭാവം

സഹസമുദായം എന്നനിലയിലല്ല ഇന്ന് പലരും ഇസ്ലാം മതത്തിൽ പെട്ടവരെ കാണുന്നത്, ശത്രുക്കളായാണ്. ആർഎസ്എസ് പിന്തുണയോടെ ക്രൈസ്തവർക്കിടയിൽ വേരാഴ്ത്തിക്കൊണ്ടിരിക്കുന്ന ഈ മനോഭാവം അപകടകരമാണ്. അതേസമയം, വളർന്നുവരുന്ന മുസ്ലീം വിരോധം അടിസ്ഥാനമില്ലാത്തതല്ല താനും. രണ്ടുവശങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള നയരൂപീകരണവും നിലപാടുകളുമേ ശാശ്വതമായ പ്രശ്നപരിഹാരത്തിന് ഉപകരിക്കുകയുള്ളൂ. ഈ വിഷയത്തിൽ ക്രൈസ്തവർക്ക് 'നിരുപാധികം' പിന്തുണ പ്രഖ്യാപിച്ചിരിക്കുന്ന സംഘപരിവാർ ബിജെപി നേതൃത്വങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങളും, ഇസ്ലാമിസ്റ്റുകളുടെ പ്രവർത്തനപദ്ധതികളിലെയും ലക്ഷ്യങ്ങളിലെയും ക്രൈസ്തവ വിരുദ്ധവും ദോഷകരവുമായ വശങ്ങളെയും ക്രൈസ്തവർക്കിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അനാരോഗ്യകരമായ മുസ്ലീം വിരോധത്തെയും ഉൾക്കൊണ്ടുകൊണ്ട് ഒരു ശരിയായ നയരൂപീകരണം ഉണ്ടാകേണ്ടതുണ്ട്.

**ആർഎസ്എസ് പിന്തുണയോടെ ക്രൈസ്തവർക്കിടയിൽ വേരാഴ്ത്തിക്കൊണ്ടിരിക്കുന്ന ശത്രുതാ മനോഭാവം അപകടകരമാണ്. അതേസമയം, വളർന്നുവരുന്ന മുസ്ലീം വിരോധം അടിസ്ഥാനമില്ലാത്തതല്ല താനും.**

www.malankaralibrary.com



# സന്യാസത്തെ അശ്ലീലവൽക്കരിക്കുന്നവർ

മലയാള സാഹിത്യത്തിന്റെയും കലാസ്വാദനത്തിന്റെയും ഗതിമാറ്റത്തിന്റെ ഒരു വിലയിരുത്തലാണ് കഴിഞ്ഞ ദിവസം സാഹിത്യകാരൻ ടി പത്മനാഭൻ നടത്തിയത്. 'അശ്ലീല സാഹിത്യം സ്ത്രീ എഴുതിയാൽ കൂടുതൽ വിറ്റഴിയും. ഈ സ്ത്രീ ക്രിസ്തീയ സന്ന്യാസിനിയാണെങ്കിൽ അതിലും നല്ലത്. സഭാവസ്ത്രം അഴിച്ചാലും സിസ്റ്റർ എന്ന് പേരിനൊപ്പം ചേർക്കുകയും വേണം'. എന്നായിരുന്നു ഒരു സാഹിത്യ സദസിൽ വച്ച് അദ്ദേഹം അഭിപ്രായപ്പെട്ടത്. മുൻസന്യാസിനി ലൂസി കളപ്പുരയാണ് അദ്ദേഹത്തിന്റെ വാക്കുകൾക്കെതിരെ പ്രതിഷേധവുമായെത്തിയവരിൽ ഒരാൾ. അതിന്റെ കാരണം, ടി പത്മനാഭൻ തന്റെ പരാമർശത്തിൽ ഉദ്ദേശിച്ചവരിൽ ഒരാൾ താനാണെന്ന് അവർ കരുതിയതുകൊണ്ടാവാം. ലൂസി കളപ്പുരയുടെ ഉൾപ്പെടെ മലയാളത്തിൽ ഇറങ്ങിയിട്ടുള്ള ചില 'ആത്മകഥകൾ' വായിച്ചിട്ടുള്ളവർക്ക് ടി പത്മനാഭൻ പറഞ്ഞതിന്റെ പൊരുൾ എന്താണെന്ന് വ്യക്തമാകും. മുൻ സന്യാസിനിയായ ജെസ്മി എഴുതിയ 'ആമേൻ', ലൂസി കളപ്പുര എഴുതിയിട്ടുള്ള 'കർത്താവിന്റെ നാമത്തിൽ', ഒരു സന്യാസിനി പോലും ആയിരുന്നില്ലാത്ത അന്നമ്മ ചാണ്ടി വ്യാജ അവകാശവാദത്തോടെ എഴുതിയ 'സ്വസ്തി' തുടങ്ങി ചില ഗ്രന്ഥങ്ങൾ കേരളത്തിൽ കുറെയേറെ കോപ്പികൾ വിറ്റഴിഞ്ഞവയും വിവാദങ്ങൾ സൃഷ്ടിച്ചവയുമാണ്.

അത്തരം പുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ബഹുഭൂരിപക്ഷവും യാഥാർഥ്യവുമായി തീരെയും ബന്ധമില്ലാത്തവയാണെന്നും, ഭാവനകളിൽനിന്ന് ഉരുത്തിരിഞ്ഞ കഥകൾ മാത്രമാണ് അവയെന്നും സാമാന്യബുദ്ധിയുള്ള ഒരു മലയാളിക്ക് മനസിലാക്കാൻ ബുദ്ധിമുട്ടില്ല. എങ്കിലും അത്തരം രചനകൾക്ക് ഇവിടെ ആസ്വാദകർ ഏറുന്നു എന്നുള്ളതാണ് ടി പത്മനാഭന്റെ നിരീക്ഷണം. യാഥാർഥ്യമെന്ന് തോന്നിപ്പിക്കുന്ന വിധത്തിലുള്ള ഭാവനകളാണ് ആത്മകഥകളും ജീവിതാനുഭവങ്ങളും എന്ന വ്യാജേന ഇവിടെ പ്രചരിപ്പിക്കപ്പെടുന്നത്. ശുദ്ധ സാഹിത്യത്തിനും കാമ്പുള്ള രചനകൾക്കും വായനക്കാർ കുറയുമ്പോൾ തരംതാണ ഭാവനകൾക്കും കെട്ടിച്ചമയ്ക്കപ്പെട്ട ആരോപണങ്ങൾക്കും ശ്രോതാക്കളും വായനക്കാരും വർദ്ധിച്ചുവരുന്നത് സാംസ്കാരിക അധപതനത്തിന്റെ ലക്ഷണങ്ങളാണ്. അതിനെ മുതലെടുക്കാൻ മുൻനിര പ്രസാധകരും തുനിഞ്ഞിറങ്ങുന്നത് പരിതാപകരമായ അവസ്ഥയാണ്. അതിനാൽ, ടി പത്മനാഭന്റെ വാക്കുകൾ ആത്മവിമർശനമായെടുത്ത് തിരുത്തലുകൾ വരുത്തുവാൻ പ്രസാധകരും തയ്യാറാകണം.

### ആസ്വാദനത്തിന്റെ ഗതിമാറ്റങ്ങളും, സന്യാസിനിമാർ നേരിടുന്ന അവഹേളനങ്ങളും

കേരളത്തിലെ സന്യസ്തർ ഒരു പ്രത്യേക പ്രതിസന്ധിയിലാണ് അകപ്പെട്ടിരിക്കുന്നത്. തങ്ങളെ സംരക്ഷിക്കാൻ എന്ന ഭാവേന സോഷ്യൽമീഡിയയിൽ സജീവമായിരിക്കുന്ന ഒരു കൂട്ടരിൽനിന്നാണ് വാസ്തവത്തിൽ അവർക്ക് ഇപ്പോൾ സംരക്ഷണം ആവശ്യമായിരിക്കുന്നത്. സന്യാസിനിമാർ മുഴുവൻ പീഡിപ്പിക്കപ്പെടുന്നവരും അടിച്ചമർത്തപ്പെടുന്നവരും ചൂഷണം ചെയ്യപ്പെടുന്നവരുമാണ് എന്ന പ്രചാരണമാണ് 'രക്ഷകരുടെ' ഉദയത്തിന് ഒരു കാരണം. സമീപകാലത്ത് ഒരു സംഘടന, 'പീഡിപ്പിക്കപ്പെടുന്ന' സന്യസ്തർക്ക് നിയമസഹായം നൽകുന്നതിനായി ഒരു ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി പരസ്യമായി ധനാഭ്യർത്ഥന നടത്തിയിരിക്കുന്നതായി കാണുകയുണ്ടായി. മറ്റൊരു സംഘടന ഏതാനും വർഷങ്ങൾക്ക് മുമ്പ്, 'പുറംതള്ളപ്പെടുന്ന' സന്യാസിനിമാർക്ക് അഭയസ്ഥാനം ഒരുക്കുന്നതിനായി ഒരു വലിയ സെന്റർ പണിയുന്നതിനുവേണ്ടി കോടികൾ സമാഹരിക്കുന്നതായി അറിയാനിടയായിരുന്നു. ഇത്തരം 'പ്രോജക്ടുകൾക്ക്' പിന്നിൽ മുഖ്യമായും ആട്ടിൻതോൽ ധരിച്ച ചില തല്പരകക്ഷികൾ ആണെന്നുള്ളത് വ്യക്തമായിട്ടുണ്ടെങ്കിലും ഇത്തരം പ്രവർത്തനങ്ങൾക്കും ഒരുവിഭാഗം



www.malankaralibrary.com



നിഷ്കളങ്കർ പിന്തുണ നൽകുന്നതായി കാണാനിടയായിട്ടുണ്ട്. തികഞ്ഞ ഒരു അബദ്ധധാരണ സന്യാസിനിമാരെക്കുറിച്ചും സന്യാസഭവനങ്ങളെക്കുറിച്ചും സന്യാസസമൂഹങ്ങളെക്കുറിച്ചും രൂപപ്പെടുത്തുവാൻ ഏറ്റവും കൂടുതൽ കാരണമായി മാറിയത് മേൽപ്പറഞ്ഞതരം ആത്മകഥകളായി അവതരിപ്പിക്കപ്പെടുന്ന ഭാവനാസൃഷ്ടികളാണ്. ടി പത്മനാഭന്റെ തന്നെ ഭാഷയിൽ, അത്തരം അശ്ളീല സാഹിത്യത്തിന്റെ ആരാധകരാണ് ഈ രക്ഷക ദൗത്യം ഏറ്റെടുത്തിരിക്കുന്നവരിൽ മോശമല്ലാത്ത ഒരു വിഭാഗം. പതിനായിരങ്ങൾ ഒരു പരാതിയുമില്ലാതെ മഠത്തിന്റെ ആവൃതിക്കുള്ളിൽ ജീവിച്ച് ലാഭേഛയില്ലാതെ സേവനം ചെയ്യുമ്പോൾ, സഭാനിയമങ്ങളെയും മേലധികാരികളെയും അനുസരിക്കാൻ കൂട്ടാക്കാത്ത രണ്ടോ മൂന്നോ പേരുടെ വാക്കുകൾ വിശ്വസിച്ചുകൊണ്ടാണ് മഠങ്ങളിൽ മുഴുവൻ ചൂഷണമാണെന്ന മുറവിളിയുമായി കുറേപ്പേർ ഇറങ്ങുന്നത്!

സന്യാസത്തെക്കുറിച്ചും സന്യാസിനികളെക്കുറിച്ചും തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുക എന്ന ചില സ്ഥാപിത താല്പര്യക്കാരുടെ ലക്ഷ്യവും ഇതിനെല്ലാം പിന്നിലുണ്ട്. കേരളത്തിലും വെളിയിലും പാവപ്പെട്ടവരും അധസ്ഥിതരുമായ ഒരു വലിയ വിഭാഗത്തിനുവേണ്ടി, എല്ലാം ഉപേക്ഷിച്ച് ജീവിതം സമർപ്പിച്ചിരിക്കുന്ന ഒരു കൂട്ടർ എങ്ങനെയാണ് ലോകത്തിന് മുന്നിൽ തെറ്റുകാരാകുന്നത് അഥവാ, തെറ്റുകാരാക്കപ്പെടുന്നത് എന്നുള്ള വിചിന്തനം ആവശ്യമാണ്. സ്വന്തം സുരക്ഷിതത്വം എന്ന ആശയം മനസിന്റെ അടിത്തട്ടിൽ പോലുമില്ലാതെ ചേരികൾക്കുള്ളിൽ പോയി സേവനം ചെയ്യുന്ന നൂറുകണക്കിന് മലയാളി സന്യാസിനിമാരുണ്ട്. പതിറ്റാണ്ടുകളോളം നടത്തിയ ശ്രമഫലമായി ചേരികളെ ടൗൺഷിപ്പുകളാക്കി മാറ്റി ലോകത്തെ അമ്പരപ്പിച്ച സന്യാസിനിമാർ കേരളത്തിലുണ്ട്. മറ്റാർക്കും ചെയ്യാൻ കഴിയാത്ത കുറേക്കാര്യങ്ങളാണ് ഇവിടെ സന്യാസിനിമാർ ചെയ്തുകൊണ്ടിരിക്കുന്നതെന്നും, ഇത്തരത്തിൽ അവഹേളിക്കപ്പെടേണ്ടവരല്ല അവരെന്നും മനസിലാക്കാൻ ബുദ്ധിമുട്ടുള്ളവരല്ല മലയാളികൾ. എങ്കിലും, സന്യസ്തർക്കും അവരുമായി ബന്ധപ്പെട്ട യാഥാർഥ്യങ്ങൾക്കും വിരുദ്ധമായ പലതും ഇവിടെ പ്രചരിപ്പിക്കപ്പെടുന്നു. അതിന് പിന്നിലെ ലക്ഷ്യങ്ങൾ ഏത് പ്രത്യയശാസ്ത്രത്തിൽനിന്ന് ഉത്ഭവിച്ചതായാലും മനസ്സിൽ നന്മയുള്ള മലയാളികൾക്ക് അത് സ്വീകാര്യമാവില്ല എന്ന് തീർച്ച.



**ഒരു സാംസ്കാരിക നവോത്ഥാനം ആവശ്യം**

ഇന്നത്തെ കേരളത്തിൽ, വായന മുതൽ ദൃശ്യകല വരെയുള്ള എല്ലാ മേഖലകളിലും ഒരു ശുദ്ധീകരണം ആവശ്യമാണ്. ചില പതിറ്റാണ്ടുകൾക്ക് മുമ്പ് ഒരു ശരാശരി മലയാളിയുടെ ഭവനത്തിൽ കയറ്റുമായിരുന്നില്ലാത്ത രണ്ടാംകിട സാഹിത്യ രചനകൾ പോലും വർണ്ണാഭമായ പുറംചട്ടയോടും, കാഴ്ച്ചയിൽ ക്വാളിറ്റിയുള്ള പ്രിന്റിംഗിലും പുറത്തിറക്കി, കൂടിയ വിലയ്ക്ക് വിറ്റഴിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നത് ഇന്നത്തെ പതിവ് കാഴ്ചയാണ്. സോഷ്യൽമീഡിയ വഴിയും മുഖ്യധാരാ മാധ്യമങ്ങൾ വഴിയും സിനിമയിലൂടെയും ഇത്തരം മാന്യതകുറഞ്ഞ ആശയപ്രചരണങ്ങൾ നിർബ്ബാധം നടക്കുന്നു. കത്തോലിക്കാസഭയ്ക്കും സന്യസ്തർക്കും എതിരെ കുത്തഴിഞ്ഞ പ്രചരണങ്ങൾ നടക്കുന്നു എന്നുള്ളതിനേക്കാൾ, ഈ നാടിന്റെ സംസ്കാരത്തെ വളരെ ദോഷകരമായി ഇത്തരം പ്രവണതകൾ ബാധിച്ചുകഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട വസ്തുത. സമീപകാലത്ത് പുറത്തിറങ്ങിയ നിരവധി ചലച്ചിത്രങ്ങളിലൂടെയും അവയ്ക്ക് ലഭിച്ച നിരൂപക പ്രശംസയിലൂടെയും ഇന്നത്തെ കേരളത്തിന് ഇത്തരത്തിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ വിലയിരുത്താവുന്നതാണ്. അഴുകിയതും, ദുർഗന്ധം വമിക്കുന്നതും, നന്മയുടെ അംശം ലവലേശം പോലുമില്ലാത്തതുമായ 'കലാ സാഹിത്യ'സൃഷ്ടികൾക്ക് അമിത പ്രചാരമുണ്ടാകുന്ന ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകേണ്ടതുണ്ട്. ടി പത്മനാഭനെപ്പോലെയുള്ള സാഹിത്യകാരന്മാർ മാത്രമല്ല, സാമൂഹിക പ്രവർത്തകരും, കലാകാരന്മാരും, ചലച്ചിത്ര പ്രവർത്തകരും, പ്രസാധകരും, സർക്കാരും പുനർവിചിന്തനങ്ങൾക്കും തിരുത്തൽ നടപടികൾക്കും തയ്യാറാകട്ടെ.

www.malankaralibrary.com



# പരിഹാരമില്ലാതെ തുടരുന്ന അതിജീവന പ്രശ്നങ്ങൾ

## വിഴിഞ്ഞവും ബഫർസോണും

കേരളത്തിലെ സാധാരണക്കാരായ രണ്ടു പ്രധാന വിഭാഗങ്ങൾ കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. തീരദേശവാസികളും കർഷകരുമാണ് ആ രണ്ടു വിഭാഗങ്ങൾ. ഇരുകൂട്ടരുടെയും പ്രശ്നങ്ങൾ ഒരു സുപ്രഭാതത്തിൽ ഉടലെടുത്തതല്ല മറിച്ച്, പതിറ്റാണ്ടുകളുടെ ചരിത്രമുള്ളവയാണ്. ഒറ്റപ്പെട്ടതും, ചെറിയ രീതിയിലുള്ളതുമായ പല ശ്രമങ്ങൾ പലപ്പോഴായി നടത്തിയെങ്കിലും ഭരണകൂടത്തിന്റെ ശ്രദ്ധ നേടിയെടുക്കാനോ, ഇടപെടലുകൾ നടത്താനോ കഴിയാതെ വരികയും കാലം കഴിയുംതോറും പ്രതിസന്ധികൾ രൂക്ഷമാവുകയും ചെയ്ത സാഹചര്യത്തിൽ ഇരുകൂട്ടരും പ്രത്യക്ഷ സമര രംഗത്തേയ്ക്ക് സംഘടിതമായി ഇറങ്ങിയിരിക്കുകയാണ്.

### വിഴിഞ്ഞത്തെ പ്രതിസന്ധികൾ

വളരെ രൂക്ഷമായ തീരശോഷണത്തിന് കേരളത്തിലെ തീരപ്രദേശങ്ങൾ വിധേയമായിക്കൊണ്ടിരിക്കുന്നു എന്ന പഠനറിപ്പോർട്ടുകൾ പലതുണ്ട്. നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെൻറ് തങ്ങളുടെ പഠനങ്ങളിൽ കണ്ടെത്തിയിരിക്കുന്നത് കേരളത്തിലെ 63% തീരവും തീരശോഷണത്തിന് വിധേയമാണ് എന്നാണ്. ആ പ്രദേശവാസികളെല്ലാം കാലങ്ങളായി കടുത്ത ദുരിതത്തിൽ അകപ്പെട്ടിരിക്കുന്നു. ഓരോ വർഷം കഴിയുംതോറും കൂടുതൽ പേർക്ക് കിടപ്പാടവും തൊഴിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇത് കേരളത്തിന്റെ പൊതുവായ സാഹചര്യമാണെങ്കിൽ, വിഴിഞ്ഞം മുതൽ തെക്കോട്ടുള്ള തീരപ്രദേശത്ത് കൂടുതൽ അപകടകരമായ സാഹചര്യമാണുള്ളത്. 2015ൽ വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അദാനി ഗ്രൂപ്പുമായി കരാറിൽ എത്തുകയും അതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതോടെ തീരദേശത്ത് കടലാക്രമണവും, കടൽ കയറ്റവും പതിന്മടങ്ങായി വർദ്ധിക്കുകയും നൂറുകണക്കിന് കുടുംബങ്ങൾ ഭവനരഹിതരാവുകയും ചെയ്തു. തുറമുഖ നിർമ്മാണം മൽസ്യ ലഭ്യതയെയും വളരെ ദോഷകരമായി ബാധിച്ചിരിക്കുന്നതിനാൽ, ഒരേസമയം സ്വത്തും സമ്പാദ്യവും കിടപ്പാടവും നഷ്ടപ്പെടുകയും ഒപ്പം തൊഴിലും വരുമാനവും ഇല്ലാതാവുകയും ചെയ്തിരിക്കുന്ന സാഹചര്യമാണ് പതിനായിരക്കണക്കിന് തീരദേശവാസികൾക്ക് ഉള്ളത്.

മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്നത് മാത്രമാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തോടനുബന്ധിച്ച് നടന്നുകൊണ്ടിരിക്കുന്നത്. വിജയകരമായി പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന വിലയിരുത്തലുകളായിരുന്നില്ല പദ്ധതിയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയ ഏജൻസികൾക്ക് പ്രാരംഭം മുതലുണ്ടായിരുന്നത്. ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ (IFC), AECOM, ഏണസ്റ്റ് ആൻഡ് യംഗ് തുടങ്ങിയ ഏജൻസികൾക്ക് പുറമെ, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലും (CAG) 2010 മുതൽ 2015 വരെ പദ്ധതിയുടെ പ്രയോഗികതയിൽ വ്യക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയും മുന്നറിയിപ്പുകൾ നൽകുകയും ഉണ്ടായിട്ടുണ്ട്.

അത്തരം തടസങ്ങളെയെല്ലാം മറികടന്ന് പദ്ധതിയുമായി മുന്നോട്ടുപോയ സർക്കാരുകളും, അദാനി ഗ്രൂപ്പും കേരളത്തെ വലിയൊരു പ്രതിസന്ധിയുടെ മുനമ്പിലേയ്ക്ക് എത്തിക്കുകയായിരുന്നു. പദ്ധതി തുടങ്ങി ആദ്യവർഷം മുതൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കണ്ടുതുടങ്ങി. പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം കണ്ടെത്താനും, ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും സർക്കാർ ഇന്നോളവും തയ്യാറായിട്ടില്ല. മുൻകാല വാഗ്ദാനങ്ങൾ ഒരിക്കലും നടപ്പായിട്ടില്ലാത്ത ചരിത്രമാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളത്. പാർപ്പിടം മുതൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ടിരുന്ന സഹായവാഗ്ദാനങ്ങൾവരെ പാലിക്കപ്പെടാതെ അവശേഷിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് വിഴിഞ്ഞത്തെ തീരദേശവാസികൾ ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ പ്രത്യക്ഷ സമരമുഖത്തിലേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. ഈ അതിജീവന സമരത്തിൽ അവരെ പിന്തു

www.malankaralibrary.com



ണയ്ക്കാനും, അവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഒപ്പം ചേരാനുമുള്ള ധാർമ്മിക ചുമതല ഓരോ മലയാളിക്കുമുണ്ട്.

**സംരക്ഷിത വനമേഖലകൾക്ക് ചുറ്റും ബഫർസോൺ**

നീലഗിരി ബയോസ്ഫിയറുമായി ബന്ധപ്പെട്ട് ഗോദവർമ്മൻ തിരുമുൽപ്പാട് നൽകിയ കേസിൽ 1995ൽ വന്ന ആദ്യ വിധിയെ തുടർന്നുള്ള സംഭവപരമ്പരകളാണ് ഇപ്പോൾ കേരളത്തിലെ വലിയൊരു വിഭാഗം കർഷക ജനതയ്ക്ക് ഭീഷണിയായി എത്തിനിൽക്കുന്നത്. പരിസ്ഥിതി ദുർബ്ബലമേഖലകളിൽ പ്രത്യേക നിയന്ത്രണങ്ങൾ ആവശ്യമുണ്ട് എന്ന സുപ്രീംകോടതി വിലയിരുത്തലാണ് അടിസ്ഥാനം. സമാനമായ എല്ലാകേസുകളും 1995ന് ശേഷം ആദ്യകേസിന് അനുബന്ധമായാണ് കോടതി പരിഗണിച്ചുവരുന്നത്. ഈ വിഷയത്തെക്കുറിച്ച് പഠിച്ച് നിയന്ത്രണങ്ങൾ ആവശ്യമായ സ്ഥലങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിക്കാൻ സുപ്രീം കോടതി നിർദ്ദേശപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം രൂപംനൽകിയ സെൻട്രൽ എംപവേർഡ് കമ്മിറ്റി 2013ൽ കരട് മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുകയുണ്ടായിരുന്നു. തുടർന്ന് സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങളും പ്രതികരണങ്ങളും അറിയിക്കാൻ ആവശ്യപ്പെടുകയുണ്ടായെങ്കിലും കേരളത്തിൽനിന്ന് അതിനുള്ള നീക്കങ്ങളൊന്നും ഉണ്ടായില്ല.

ഇപ്പോൾ വർഷങ്ങൾക്ക് ശേഷം, സംരക്ഷിത ഭൂപ്രദേശങ്ങളായി വർഗ്ഗീകരിക്കപ്പെട്ടിട്ടുള്ള പരിസ്ഥിതി ദുർബ്ബല മേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ ബഫർസോൺ ആവശ്യമാണ് എന്ന് 2022 ജൂൺ മാസം സുപ്രീം കോടതി വിധിച്ചിരിക്കുന്നത് കേരളത്തിന്റെ പശ്ചാത്തലത്തിൽ അത്യന്തം ദോഷകരമാണ്. മാറിവന്ന സർക്കാരുകൾ ഈ വിഷയത്തിൽ പുലർത്തിവന്ന തികഞ്ഞ അനാസ്ഥയാണ് ലക്ഷക്കണക്കിന് പേരെ കടുത്ത ആശങ്കയിലേയ്ക്ക് തള്ളിവിട്ടിരിക്കുന്നത്. 18 വന്യജീവി സംരക്ഷണകേന്ദ്രങ്ങളും 5 ദേശീയ ഉദ്യാനങ്ങളുമായി 23 സംരക്ഷിത വനമേഖലകളാണ് കേരളത്തിലുള്ളത്. ഇവയുടെ സമീപപ്രദേശങ്ങളിലായി കൃഷി ചെയ്ത് ജീവിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങളുണ്ട്. പുതിയ നിയന്ത്രണങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാകുന്ന പക്ഷം, ഒരു അപ്രഖ്യാപിത കുടിയിറക്കാണ് സംഭവിക്കുക.

അത്തരത്തിൽ കടുത്ത പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന ഒരു വലിയ ജനസമൂഹത്തിന്റെ ആശങ്കകളെ ഏറ്റെടുത്തുകൊണ്ട് കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ അറുപതിൽപ്പരം കർഷകസംഘടനകളെ ഒരു കുടക്കീഴിൽ ഒരുമിപ്പിച്ചുകൊണ്ട് വിവിധ പ്രവർത്തന പദ്ധതികളുമായി മുന്നോട്ടുപോവുകയാണ്. മേഖലാതലങ്ങളിൽ മുതൽ കർഷകരെയും പ്രദേശവാസികളെയും സംഘടിപ്പിച്ചുകൊണ്ടുള്ള അതിജീവനസമര പരിപാടികളാണ് സംഘാടകസമിതി വിഭാവനം ചെയ്യുന്നത്.

**അനീതി പ്രവർത്തിക്കുന്ന ഭരണകൂടങ്ങൾ**

സംരക്ഷിത വനമേഖലകളും, തീരദേശവും സംബന്ധിക്കുന്ന പ്രതിസന്ധികളുടെ പൊതുവായ ഒരു വസ്തുത രണ്ടും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടതാണ് എന്നുള്ളതാണ്. ഒരുവശത്ത് പതിറ്റാണ്ടുകളായി പരിസ്ഥിതിയോട് ചേർന്ന് ജീവിക്കുന്ന സാധാരണക്കാരായ കർഷകർ പരിസ്ഥിതി വിരോധികളായ ചിത്രീകരിക്കപ്പെടുമ്പോൾ, തീരദേശ വിഷയത്തിൽ കടുത്ത പാരിസ്ഥിതിക ആഘാതവും തന്മൂലമുണ്ടാകുന്ന പ്രതിസന്ധികളും പൊതുജനശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്ന് അതിജീവനസമരം നടത്തുന്നവർ വികസന വിരോധികളായി ചിത്രീകരിക്കപ്പെടുകയാണ്. ജനങ്ങളോടും പരിസ്ഥിതിയോടും ആത്മാർത്ഥത പുലർത്താത്ത സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത് എന്നുള്ളതാണ് അടിസ്ഥാനപരമായ വസ്തുത. പരിസ്ഥിതി സംരക്ഷണം സർക്കാരുകളുടെയും ജനങ്ങളുടെയും കൂട്ടുത്തരവാദിത്തമാണ്. ജനങ്ങളെ പുറത്താക്കി പരിസ്ഥിതിയെ സംരക്ഷിക്കണമെന്ന ആശയം പരിസ്ഥിതി മൗലികവാദമാണ്. അതോടൊപ്പം, വികസനം ജനങ്ങളെ ഇല്ലാതാക്കിക്കൊണ്ടായാലും നടക്കണമെന്ന ചിന്തയും അതിന് പരിസ്ഥിതിയുടെ തകർച്ചയും തടസമല്ല എന്ന നിലപാടും അപകടകരമാണ്. അതിന്റെ പിന്നിൽ തികഞ്ഞ സ്ഥാപിത താല്പര്യങ്ങളുണ്ട്.

ജനങ്ങളോടും, പരിസ്ഥിതിയോടും നീതിപുലർത്താൻ സർക്കാർ സംവിധാനങ്ങളും ഉദ്യോഗസ്ഥ വൃന്ദങ്ങളും, പരിസ്ഥിതിവാദികളും കോർപ്പറേറ്റ് കമ്പനികളും തീരുമാനിക്കുക മാത്രമാണ് ഇപ്പോൾ കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം. ജനങ്ങൾ തെരുവിലിറങ്ങി പ്രക്ഷോഭമുണ്ടാക്കിയാൽമാത്രം അവരുടെ കാര്യം പരിഗണിക്കാമെന്ന നിലപാട് ഈ ജനാധിപത്യ രാജ്യത്തിൽ ഭൂഷണമല്ല.

www.malankaralibrary.com



# വലിയതുറയിലെ സിമന്റ് ഗോഡൗണിൽ താമസിക്കുന്ന അഭയാർഥികളുടെ പ്രശ്നങ്ങളിൽ മനുഷ്യാവകാശ കമ്മീഷനും, ബാലാവകാശ കമ്മീഷനും ഇടപെടണം

കൊച്ചി: തീരശോഷണം മൂലം ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കുവേണ്ടി താൽക്കാലിക ക്യാമ്പാക്കി മാറ്റിയ വലിയതുറയിലെ നൂറ്റമ്പത് വർഷത്തിലേറെ പഴക്കമുള്ള സിമന്റ് ഗോഡൗണിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി താമസിക്കുന്ന നൂറുകണക്കിന് പേരുടെ അവസ്ഥ വളരെ ശോചനീയമാണ്. മാസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞുങ്ങൾ മുതൽ, പ്രായമായവരും രോഗികളും വരെ അനാരോഗ്യകരമായ സാഹചര്യത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്ന അവസ്ഥയിൽ മനുഷ്യാവകാശ കമ്മീഷനും, ബാലാവകാശ കമ്മീഷനും അടിയന്തിരമായി ഇടപെടേണ്ടതാണ്. ഇവരുടെ പ്രശ്നങ്ങൾ കേൾക്കാനോ, പുനരധിവസിപ്പിക്കാനോ, നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനോ ഇതുവരെ തയ്യാറായിട്ടില്ലാത്ത സർക്കാർ കടുത്ത മനുഷ്യാവകാശ ലംഘനവും അനീതിയുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഗത്യന്തരമില്ലാതെയാണ് തീരദേശവാസികൾ സമരത്തിന് ഇറങ്ങിയിരിക്കുന്നത്. അവർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കപ്പെടുക തന്നെ വേണം. എത്രയും വേഗം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് സർക്കാർ മുൻകയ്യെടുത്ത് പ്രവർത്തിക്കുകയും, ബന്ധപ്പെട്ട കമ്മീഷനുകൾ അടിയന്തിരമായി പ്രസ്തുത ക്യാമ്പ് സന്ദർശിക്കുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. വലിയതുറയിലെ അഭയാർത്ഥി ക്യാമ്പും, വിഴിഞ്ഞം തുറമുഖ നിർമ്മാണത്തോട് അനുബന്ധിച്ചുള്ള അതിജീവന സമര വേദിയും, അനുബന്ധ പ്രദേശങ്ങളും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി, കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ക്ളീറ്റസ് കതിർപ്പറമ്പിൽ, യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ എന്നിവർ സന്ദർശിക്കുകയും സമരത്തിന് ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തു.



*വലിയതുറയിൽ താൽക്കാലിക അഭയാർത്ഥി ക്യാമ്പ് ആക്കി മാറ്റിയ 150 വർഷം പഴക്കമുള്ള സിമന്റ് ഗോഡൗൺ*



*അസൗകര്യങ്ങൾ നിറഞ്ഞ ടോയ്‌ലറ്റുകൾ*

www.malankaralibrary.com



## തീരദേശവാസികളുടെ പ്രതിസന്ധികൾ അതീവഗുരുതരം, സത്യസന്ധവും ക്രിയാത്മകവുമായ സർക്കാർ ഇടപെടലുകൾ അടിയന്തിരമായുണ്ടാകണം: കെസിബിസി

തുറമുഖവികസനത്തിന്റെ പേരിൽ വിഴിഞ്ഞത്തിന് സമീപത്തെ തീരപ്രദേശങ്ങളിൽ നിന്നും, പരമ്പരാഗതമായ ജീവനോപാധികളിൽ നിന്നും തീരദേശ ജനത പുറത്താക്കപ്പെടുന്ന ഇപ്പോഴത്തെ അവസ്ഥ കടുത്ത മനുഷ്യാവകാശ ലംഘനമാണ്. തുറമുഖവികസനത്തിന്റെ ഭാഗമായ നിർമ്മിതികളെത്തുടർന്നുള്ള പാരിസ്ഥിതിക ആഘാതവും അതിന്റെ പരിണിതഫലമായി പതിനായിരക്കണക്കിന് സാധാരണക്കാരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യവും അടിയന്തര പരിഗണന അർഹിക്കുന്നതാണ്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾമൂലം സംജാതമായിട്ടുള്ള കടുത്ത പരിസ്ഥിതിനാശം ന്യായീകരണമർഹിക്കുന്നതല്ല. കിലോമീറ്ററുകളോളം ഭാഗങ്ങളിൽ തീരം ഇല്ലാതാവുകയും കടൽ കയറി പുരയിടങ്ങളും റോഡുകളും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. അതിജീവനത്തിനായും പരിസ്ഥിതിയുടെ സംരക്ഷണത്തിനായും സംഘടിക്കുന്നവരെ വികസന വിരോധികൾ ഇന്ന് മുദ്രകുത്തി അപമാനിക്കാനുള്ള സംഘടിതശ്രമങ്ങളും ഇവിടെ നടന്നുകൊണ്ടിരിക്കുന്നു.

കുറെ വർഷങ്ങളായി വിഴിഞ്ഞം തുറമുഖ നിർമ്മാണം അനുബന്ധിച്ച് തദ്ദേശീയർ ഉയർത്തുന്ന ആശങ്കകൾ പരിഗണിക്കാനുള്ള വൈമുഖ്യം ജനാധിപത്യ വ്യവസ്ഥിതിക്ക് തന്നെ അപമാനകരമാണ്. അനേകർ തങ്ങളുടെ ഭവനങ്ങൾ നഷ്ടപ്പെട്ട് വർഷങ്ങളായി അടിസ്ഥാനസൗകര്യം പോലുമില്ലാത്ത പുനരധിവാസകേന്ദ്രങ്ങളിലാണ് എന്നുള്ളതും, ഓരോ വർഷം കഴിയുംതോറും കൂടുതൽ കുടുംബങ്ങൾ ജീവനും സ്വത്തിനും കടുത്ത ഭീഷണി നേരിടുന്നു എന്നുള്ളതും തികഞ്ഞ യാഥാർത്ഥ്യങ്ങളാണ്. ദിവസങ്ങളോളമായി നടന്നുവരുന്ന സമരത്തിനൊടുവിൽ കഴിഞ്ഞദിവസം നടന്ന ചർച്ചയിൽ ശുഭകരമായ സമീപനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതും, മുഖ്യമന്ത്രിയുമായി ചർച്ച തീരുമാനിക്കപ്പെട്ടതും അഭിനന്ദനാർഹമാണ്. എങ്കിലും, വർഷങ്ങളായുള്ള പല വാഗ്ദാനങ്ങളും ഇതുവരെ നിറവേറ്റപ്പെടുകയോ പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ ഉണ്ടാവുകയോ ചെയ്തിട്ടില്ലാത്തതിനാൽ മുൻവാഗ്ദാനങ്ങൾ നടപ്പിലാകാത്തിടത്തോളം കാലം സമരം തുടരും എന്ന നിലപാടാണ് സമരസമിതി സ്വീകരിച്ചിരിക്കുന്നത്.

ഈ ഘട്ടത്തിൽ നിലനിൽപ്പിനു വേണ്ടി പോരാടുന്ന തീരദേശവാസികൾക്കും അവരുടെ പോരാട്ടത്തിന് നേതൃത്വം നൽകുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതക്കും കേരള കത്തോലിക്കാമെത്രാൻ സമിതി പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നു.

ജനങ്ങളുടെ അതിജീവന പോരാട്ടങ്ങളോട് ജനാധിപത്യപരവും ക്രിയാത്മകവുമായ സമീപനം സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾ തയ്യാറാകണം. വ്യാജ വാഗ്ദാനങ്ങൾ നൽകി ജനത്തെ തൽക്കാലത്തേക്ക് നിശബ്ദരാക്കാം എന്ന ചിന്ത ഒരു ജനാധിപത്യ സംവിധാനത്തിന് ചേർന്നതല്ല. എല്ലാ പൗരന്മാരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം പ്രതിബന്ധതയോടെ നടപ്പിലാക്കാനും പരിസ്ഥിതിക്ക് കോട്ടം സംഭവിക്കാതെ പദ്ധതികൾ ആവിഷ്കരിക്കാനും ഭരണസംവിധാനങ്ങൾക്ക് കഴിയണം. ഭീഷണികൾ നേരിടുന്ന എല്ലാ തീരദേശമേഖലകളിലും പൗരന്മാരുടെ സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ സന്നദ്ധമാകണമെന്നും കേരള കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെടുന്നു. 21/08/2022

---

## പൊതുജനങ്ങളെ ദുരിതത്തിലാക്കുന്നതാകരുത് വികസന പ്രവർത്തനങ്ങളും സർക്കാർ നയങ്ങളും: കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

കേരളത്തിലെ ഭൂരിഭാഗം കൃഷിക്കാരും മത്സ്യ തൊഴിലാളികളുമുൾപ്പെടെയുള്ള മലയോരതീരദേശ നിവാസികൾ നാളുകളേറെയായി സമരമുഖത്താണ്. ESZ, ബഫർ സോൺ പോലെയുള്ള അശാസ്ത്രീയമായ വനവത്കരണനയങ്ങൾ, കൃഷിയിടങ്ങളിലേക്കുള്ള കാ

www.malankaralibrary.com



ട്ടുമൃഗങ്ങളുടെ കടന്നുകയറ്റം, വനം വകുപ്പിന്റെ ജനവിരുദ്ധ സമീപനങ്ങൾ, ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് തുടങ്ങിയവയെല്ലാം കേരളത്തിലെമ്പാടുമുള്ള കൃഷിക്കാരുടെ ജീവിതം ദുസ്സഹമാക്കുന്നു. അശാസ്ത്രീയമായ തുറമുഖ നിർമാണങ്ങളാലും ഖനന പ്രവർത്തനങ്ങളാലും, തീര സംരക്ഷണ മാർഗങ്ങളുടെ അഭാവങ്ങളാലും തീരപ്രദേശങ്ങൾ കടലെടുക്കുന്നത് മൂലവും, മത്സ്യബന്ധന രംഗത്തെ പ്രതിസന്ധികൾ മൂലവും കേരളത്തിലെ തീരദേശ മേഖലകളിലെ ജനങ്ങളും അനുഭവിക്കുന്ന വെല്ലുവിളികൾ അതീവഗുരുതരമാണ്.

ജനവിരുദ്ധ സമീപനങ്ങൾ മൂലം തീരപ്രദേശങ്ങളിൽ നിന്നും, സംരക്ഷിത വനമേഖലകളുടെ സമീപപ്രദേശങ്ങളിൽ നിന്നും ജനത്തെ കുടിയിറക്കലിന് നിർബ്ബന്ധിതരാക്കാമെന്ന വ്യാമോഹം ഉദ്യോഗസ്ഥ തലങ്ങളിലും കേന്ദ്രസംസ്ഥാന സർക്കാർ തലങ്ങളിലും ഉണ്ടോ എന്ന് സംശയിക്കാൻ കാരണങ്ങൾ ഉണ്ട്. വർഷങ്ങളായുള്ള വാഗ്ദാനങ്ങൾ ഇനിയും നിറവേറ്റപ്പെടുകയോ പ്രശ്നപരിഹാരത്തിന് മാർഗ്ഗങ്ങൾ തേടുകയോ ചെയ്തിട്ടില്ല എന്ന് മാത്രമല്ല ഓരോ വർഷം കഴിയും തോറും പ്രശ്നങ്ങൾ ഗുരുതരമാകുകയും ചെയ്യുന്നു എന്നതാണ് വാസ്തവം.

ബഫർ സോൺ വിഷയത്തിൽ സംസ്ഥാന സർക്കാർ പുനഃപരിശോധനാ ഹർജി നല്കിയിട്ടുണ്ടെങ്കിലും, ഈ വിഷയം ദോഷകരമായി ബാധിക്കുന്ന ജനങ്ങളുടെ വിവരം ശേഖരിക്കാനോ, വനാതിർത്തി നിജപ്പെടുത്താനോ ശ്രമിച്ചിട്ടില്ല എന്നത് സർക്കാരിന്റെ അലംഭാവത്തെ തുറന്നുകാണിക്കുന്നു. കടൽ ക്ഷോഭത്തെ അതിജീവിക്കാൻ ഫലപ്രദമായ സുരക്ഷാ മാർഗങ്ങൾ നടപ്പിലാക്കുമെന്ന വാഗ്ദാനങ്ങൾ ചെല്ലാനം പോലെയുള്ളയിടങ്ങളിൽ ഭാഗികമായി മാത്രം നടപ്പിലാക്കപ്പെട്ടിട്ടുണ്ടെങ്കിലും മറ്റിടങ്ങളിൽ അത്തരം ശ്രമങ്ങൾ ഒട്ടും തന്നെ ഉണ്ടായിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്. മാത്രവുമല്ല തുറമുഖ വികസനത്തിന്റെ പേരിലുള്ള അധിനിവേശ ശ്രമങ്ങൾ സാധാരണക്കാരുടെ ജീവനും സ്വത്തിനും ഒരു വിലയും കൽപ്പിക്കാത്ത വിധത്തിലുള്ളതുമാണ്. വിഴിഞ്ഞം തുറമുഖ നിർമാണത്തോടനുബന്ധിച്ച് തദ്ദേശീയരുടെ ആശങ്കങ്ങൾ പരിഗണിക്കാൻ പോലും സർക്കാർ തയ്യാറായിട്ടില്ല എന്നത് ജനാധിപത്യത്തിന് തന്നെ അപമാനകരമാണ്.

കേരള ജനസംഖ്യയുടെ ഭൂരിഭാഗവും ഉൾപ്പെടുന്ന തീരദേശ കാർഷിക മേഖലകളിലെ ജനങ്ങളുടെ അതിജീവന പോരാട്ടങ്ങളോട് അനുകൂല സമീപനം സ്വീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തരമായി തയ്യാറാകണം. പ്രാവർത്തികമാക്കാൻ ഉദ്ദേശ്യമില്ലാത്ത വാഗ്ദാനങ്ങൾ നല്കി ജനത്തെ ഇനിയും കബളിപ്പിക്കാമെന്ന് കരുതുന്നത് ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. ഓരോ പൗരന്റെയും ജീവനും സ്വത്തിനും സംരക്ഷണം നല്കാനുള്ള സർക്കാരിന്റെ പ്രാഥമികമായ കടമയെങ്കിലും പൂർണ്ണതയോടെ നിറവേറ്റണം എന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം അതിജീവന പോരാട്ടം നടത്തുന്ന ജനങ്ങൾക്ക് കെസിബിസി ഐക്യ ജാഗ്രത കമ്മീഷൻ പിന്തുണ അറിയിക്കുകയും ചെയ്യുന്നു.

18/08/2022




*തിരുവനന്തപുരം ലാറ്റിൻ അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന അതിജീവന സമരപരമ്പരയിൽനിന്ന്*

www.malankaralibrary.com



**ബഫർ സോൺ സുപ്രീം കോടതി വിധി ആശങ്കാജനകം; സർക്കാർ സത്വരമായി ഇടപെടണം: കെസിബിസി**

കൊച്ചി: വന്യജീവി സങ്കേതങ്ങൾക്കും ദേശീയ സംരക്ഷിത ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ മുതൽ ചുറ്റളവിൽ ബഫർ സോൺ നിർബന്ധമാക്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധി ഏറെ ദുഃഖകരമാണ്. മലയോര കർഷകരുടെയും വനാതിർത്തികളിൽ വസിക്കുന്നവരുടെയും ജീവിതം ദുരിതപൂർണമാക്കുന്നതാണ് ഈ വിധി. കേരളത്തിലെ 24 വന്യജീവി സങ്കേതങ്ങൾക്കു ചുറ്റുമായി 4 ലക്ഷം ഏക്കർ ഭൂമി ഈ വിധിയിലൂടെ ബഫർ സോണായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. ഇവിടെ വസിക്കുന്ന ഒന്നര ലക്ഷത്തോളം കുടുംബങ്ങൾ ഈ വിധിയിലൂടെ വഴിയാധാരമാകുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ബഫർ സോണിൽ നടപ്പാക്കുന്ന കർശന നിയമങ്ങളിലൂടെ ഈ കർഷകർ യാതൊരു പ്രതിഫലവുമില്ലാതെ കുടിയിറങ്ങാൻ നിർബന്ധിതരാകുകയാണ്.

ഒരു വ്യാഴവട്ടക്കാലമായി കർഷകർ സർക്കാരിന്റെ മുന്നിൽ ഉന്നയിച്ച ആവശ്യങ്ങളൊന്നും തന്നെ കോടതിയിൽ ബോധ്യപ്പെടുത്താൻ സർക്കാരിനു കഴിഞ്ഞില്ല എന്നാണ് ഈ വിധിയിൽ നിന്ന് മനസ്സിലാക്കുന്നത്. പരിസ്ഥിതി സംരക്ഷണം എക്കാലവും സഭയുടെ പ്രഖ്യാപിതനയം തന്നെയാണ്. എന്നാൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാരം മുഴുവൻ വനാതിർത്തികളിൽ താമസിക്കുന്നവരുടെ മേൽ അടിച്ചേല്പിക്കുന്നത് നീതിയല്ല. ബഫർ സോണിലെ കർഷകരുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ സത്വരമായി ഇടപെടണം. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും കർഷക പക്ഷത്തുനിന്നുകൊണ്ട് ഈ പ്രതിസന്ധിക്കു പരിഹാരം കാണാൻ സന്നദ്ധമാകണമെന്നും കെസിബിസി ആവശ്യപ്പെടുന്നു.

---

**ബഫർസോൺ വിഷയത്തിലെ സർക്കാരിന്റെ ഇരട്ടത്താപ്പ് നയം പ്രതിഷേധാർഹം: കെസിബിസി ജാഗ്രതാ കമ്മീഷൻ**

സംരക്ഷിത ഭൂപ്രദേശങ്ങൾക്ക് ചുറ്റുമുള്ള ബഫർ സോൺ സംബന്ധമായ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ജനങ്ങളുടെ ആശങ്കയകറ്റാനോ, ക്രിയാത്മകമായി ആ വിഷയത്തിൽ ഇടപെടാനോ സർക്കാർ തയ്യാറാകാത്തത് ദുരൂഹമാണ്. ഒരു കിലോമീറ്റർ പരിധിയിൽ സംരക്ഷിത മേഖലകൾ നിശ്ചയിച്ചുകൊണ്ടുള്ള കേരള സർക്കാർ ഉത്തരവ് 2019ൽ ഉണ്ടായിരുന്നതായുള്ള വാർത്തകൾ പുറത്തുവന്നിരിക്കുകയാണ്. ഈ ഉത്തരവിനെ മറച്ചുവച്ചുകൊണ്ടാണ് ബഫർസോൺ വിഷയത്തിൽ ഭരണപക്ഷ രാഷ്ട്രീയ കക്ഷികൾ ഉൾപ്പെടെയുള്ളവർ കഴിഞ്ഞ നാളുകളിൽ പ്രശ്നപരിഹാരത്തിനെന്ന വ്യാജേന ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ രാഷ്ട്രീയ നീക്കങ്ങൾ നടത്തിയത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി ഒരു വലിയ വിഭാഗം ജനങ്ങൾ ഉയർത്തുന്ന ആശങ്കകളോടുള്ള സർക്കാർ സമീപനങ്ങളിലെ ഇരട്ടത്താപ്പ് അപലപനീയമാണ്.

കേരളത്തിന്റെ കാർഷികരംഗവും ഗ്രാമീണ മേഖലകളിൽ അധിവസിക്കുന്നവരും കടുത്ത പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന നാളുകളിൽ, അത്തരം ആശങ്കകളിലകപ്പെട്ടിരിക്കുന്ന വലിയ സമൂഹത്തെ അവഗണിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന ശൈലിയാണ് സർക്കാരിന്റേതും വിവിധ രാഷ്ട്രീയ പാർട്ടികളുടേതുമെന്ന് വ്യക്തമാവുകയാണ്. കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങൾ കടുത്ത അരക്ഷിതാവസ്ഥയിലേക്കാണ് നിപതിച്ചിരിക്കുന്നത്. ഈ സാഹചര്യങ്ങൾ മനസിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്താനും ജനപക്ഷ നയങ്ങളും നിലപാടുകളും സ്വീകരിക്കാനും സർക്കാർ തയ്യാറാകണം. ഭരണ പ്രതിപക്ഷ കക്ഷികൾ ഈ വിഷയത്തിലുള്ള ഒളിച്ചുകളി അവസാനിപ്പിക്കുകയും ഒത്തൊരുമിച്ച് ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ സന്നദ്ധമാകുകയും വേണം. (26/06/2022)

---

**ഇക്കോ സെൻസിറ്റീവ് സോൺ/ബഫർ സോൺ സംരക്ഷിതവനാതിർത്തിയിൽ നിന്നും ഒരു കിലോമീറ്റർ ഉള്ളിലേക്ക് മാറ്റി നിശ്ചയിക്കുക: കെസിബിസി. കെസിബിസി പ്രതിനിധികൾ മുഖ്യമന്ത്രിയെ കാണും**

രാഷ്ട്രീയത്തിനും മതത്തിനുമപ്പുറം കേരളത്തിലെ സാമാന്യജനങ്ങളെ ബാധിക്കുന്ന വിഷയമാണ് വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമായി ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ/ബഫർ സോൺ നിർബന്ധമാക്കിക്കൊണ്ടുള്ള 2022 ജൂൺ മൂന്നിലെ സുപ്രീംകോടതി വിധി. സ്വന്തം ആവശ്യത്തിനല്ലാതെ കൃഷി ചെയ്യുന്നതും

www.malankaralibrary.com



മാത്രമല്ല സ്വന്തം ആവശ്യത്തിനായി വീട് വയ്ക്കുന്നത് പോലും നിരോധിക്കപ്പെട്ടിരിക്കുന്ന ഇടമാണ് ബഫർ സോൺ. ഇതിനുള്ളിൽ വരുന്ന ലക്ഷക്കണക്കിന് മനുഷ്യർ അപ്രഖ്യാപിത കുടിയിറക്കലിന് ഇരയായി ജനിച്ച മണ്ണിൽനിന്ന് പലായനം ചെയ്യേണ്ടി വരുമെന്ന സാഹചര്യമാണ് ഇതുമൂലം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച രീതിയിൽ വനവും വന്യജീവികളും സംരക്ഷിക്കപ്പെടുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 29.65 ശതമാനവും സംരക്ഷിത വനങ്ങളാണ്. 2021 ലെ ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് (ISFR) പ്രകാരം കേരളത്തിലെ വൃക്ഷാവരണം 59.79 ശതമാനമാണ്. (ദേശീയ ശരാശരി 36.18 മാത്രമാണ്). ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ 1.2 ശതമാനം മാത്രം വിസ്തൃതിയുള്ള കേരളത്തിലാണ് ഇന്ത്യയിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും 4 ശതമാനം (24 എണ്ണം) നിലനിൽക്കുന്നത്. ജനസാന്ദ്രത ദേശീയ ശരാശരി വെറും 382 മാത്രമുള്ളപ്പോൾ കേരളത്തിലേത് 859 ആണെന്ന കാര്യവും പരിഗണിക്കേണ്ടതായുണ്ട്. ഇതെല്ലം ചൂണ്ടിക്കാണിക്കുന്നത്, ദുഷ്കരമായ സാഹചര്യത്തിലും കേരളം ഏറ്റവും മികച്ച രീതിയിൽ വനവും വന്യജീവികളും സംരക്ഷിക്കപ്പെടുന്ന സംസ്ഥാനമാണെന്നും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഏകശിലാരൂപത്തിൽ വന്ന വനനിയമങ്ങൾ കേരളത്തിലെ റവന്യു ഭൂമിയിൽ അടിച്ചേൽപ്പിക്കുന്നത് സാമാന്യ നീതിയുടെ ലംഘനവുമാണെന്നും വ്യക്തമാകുന്നു. ആയതിനാൽ എല്ലാവിഭാഗം ജനങ്ങളെയും സാരമായി ബാധിക്കുന്ന ഈ വിഷയത്തിൽ സർക്കാർ സത്വരമായി ഇടപെടൽ നടത്തണം. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുമുമ്പുതന്നെ സംസ്ഥാനസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് ഇക്കോ സെൻസിറ്റീവ് സോൺ /ബഫൽ സോൺ കേരളത്തിന്റെ സംരക്ഷിത വനത്തിന്റെ അതിർത്തിയിൽ നിന്നും ഒരു കിലോമീറ്റർ ഉള്ളിലേക്ക് മാറ്റി നിശ്ചയിക്കണം. മാത്രമല്ല കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ബഫർസോൺ സീറോ കിലോമീറ്ററിൽ നിജപ്പെടുത്തണമെന്ന പ്രമേയം നിയമസഭ പാസാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെസിബിസിയുടെ പ്രതിനിധികൾ നാളെ മുഖ്യമന്ത്രിയെ കണ്ട് നിവേദനം സമർപ്പിക്കും. (29/6/2022)

---

## “ബഫർ സോൺ പരിസ്ഥിതിലോല വിഷയത്തിൽ കേരളസർക്കാർ ഇതുവരെ എടുത്തനിലപാടുകൾ ഉൾപ്പെടുത്തി ഒരു ധവളപത്രം ഇറക്കുക”

## കെ.സി.ബി.സി. കർഷക അതിജീവന സമ്മേളനം

കൊച്ചി: കേരളത്തിലെ കർഷകരുടെ അതിജീവന പോരാട്ടങ്ങൾക്ക് കരുത്തു പകരുന്നതിനും, ബഫർ സോൺ, പരിസ്ഥിതി ലോലമേഖലാ വിഷയത്തിൽ കെ. സി. ബി. സി.യുടെയും, കേരളത്തിലെ അൻപത്തിഏഴ് (57) കർഷക സംഘടനകളെയും, ഏകോപ്പിച്ചുകൊണ്ട് തുടർ പ്രവർത്തനങ്ങളേയും, നിയമ പോരാട്ടത്തെയും, സമരപരിപാടികളെയും ഒറ്റ ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ സജ്ജമാക്കുകയാണ് അതിജീവന സമ്മേളനത്തിന്റെ ലക്ഷ്യം.

ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കൊച്ചി പാലാരിവട്ടം പി. ഒ. സി. യിൽ സംഘടിപ്പിച്ച അതിജീവന സമ്മേളനത്തിന് കെ. സി. ബി. സി. ജസ്റ്റിസ് & പീസ് കമ്മീഷന്റെ ചെയർമാൻ കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ചു. അതിജീവന സമ്മേളനം കെ. സി. ബി. സി. അദ്ധ്യക്ഷൻ കർദ്ദിനാൾ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. കെ. സി. ബി. സി. ഡപ്യൂട്ടി സെക്രടറി ജനറൽ ഫാ. ജേക്കബ് പാലക്കാപ്പള്ളി സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ, കെ. സി. ബി. സി. സെക്രട്ടറി ജനറൽ ബിഷപ് ജോസഫ് മാർ തോമസ്, ഡോ. ചാക്കോ കാളാംപറമ്പിൽ, ബിഷപ് മാർ തോമസ് തറയിൽ, അഡ്വ. സുമിൻ എസ്. നെടുങ്ങാടൻ, വി. ബി. രാജൻ എന്നിവർ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സംസാരിച്ചു.

കർഷകന്റെ കൃഷി ഭൂമിയിലേക്കും, വാസസ്ഥലത്തേക്കും കടന്നുകയറുന്ന പരിസ്ഥിതി നിയമങ്ങൾ വനത്തിന്റെ അതിർത്തിയിൽ അവസാനിപ്പിക്കണം എന്ന് അദ്ധ്യക്ഷത വഹിച്ച മാർ ജോസ് പുളിക്കൽ ആവശ്യപ്പെടു. കർഷകന്റെ കാര്യങ്ങൾ അന്വേഷിക്കുവാനും, സംരക്ഷിക്കുവാനും വനം വകുപ്പിനെ ചുമതല ഏല്പിക്കുന്നത് അപകടകരമാണ് എന്ന് ബിഷപ് പുളിക്കൽ അഭിപ്രായപ്പെട്ടു. കർഷകരെ ആശങ്കയിലും, അപകടത്തിലുമാക്കുന്ന തരത്തിൽ പരിസ്ഥിതി ലോല നിയമങ്ങൾ ഉണ്ടാകുമ്പോൾ സംസ്ഥാന സർക്കാർ കർഷകന്റെ പക്ഷത്ത് നിന്ന് ചിന്തിക്കണം എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ആവശ്യപ്പെട്ടു. കർഷകരുടെ പക്ഷത്തുനിന്ന് കർഷകർക്കു വേണ്ടി ശാസ്ത്രീയമായി

www.malankaralibrary.com



വിവരശേഖരണം നടത്തുവാനും, ഇത്തരം ഡാറ്റയുടെ അടിസ്ഥാനത്തിൽ ഇളവുകൾക്ക് വേണ്ടി ഉന്നതാധികാരി സമിതിയെയും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും ബോധ്യപ്പെടുത്താൻ സർക്കാർ അടിയന്തരമായി തയ്യാറാകണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

അതിജീവന സമ്മേളനത്തോട് അനുബന്ധിച്ച് നടന്ന പാനൽ ചർച്ചക്ക് ഇൻഫാം ദേശീയ ഉപദേഷ്ടാവ് ബിഷപ് റെമിജിയോസ് ഇഞ്ചനാനിയിൽ മോഡറേറ്ററായി. പാനൽ ചർച്ചയിൽ ഹൈറേഞ്ച് സംരക്ഷണ സമിതി ചെയർമാൻ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കിഫ പ്രതിനിധി അഡ്വ. ജോസ് ചെരുവിൽ, രാഷ്ട്രീയ കിസാൻ മഹാസംഘ് ചെയർമാൻ അഡ്വ. ബിനോയ്, അതിജീവന പോരാട്ട വേദി ചെയർമാൻ റസാഖ് ചൂരവേലിൽ, രാഷ്ട്രീയ കിസാൻ സംഘ് വൈസ് ചെയർമാൻ മുതലാംതോട് മണി, ഇൻഫാം പ്രതിനിധി വി. സി. സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന പൊതു ചർച്ചയിൽ കേരളത്തിലെ വിവിധ കർഷക സംഘടനകളുടെ പ്രതിനിധികൾ അതിജീവന സമ്മേളനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിച്ചു.

കേരളത്തിലെ കർഷക സമരങ്ങൾക്കും, തുടർപ്രവർത്തനങ്ങൾക്കും നേതൃത്വം നല്കാൻ വിവിധ കമ്മറ്റികൾക്ക് രൂപം നല്കി. അതിജീവന സമ്മേളനത്തിന് ജെ. പി. ഡി കമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് മാവുങ്കൽ നന്ദി പറഞ്ഞു. (31/7/2022)

## കേരള കർഷക അതിജീവന സംയുക്ത സമിതി (KKASS)

### കേരള സർക്കാരിൻറെ പുന:പരിശോധനാ ഹർജി കർഷക വിരുദ്ധവും, കടുത്ത അവകാശ ലംഘനവും

ESZ (ബഫർസോൺ) 2022 ജൂൺ 3 ലെ കോടതി വിധിയിൽ സുപ്രീംകോടതി സംസ്ഥാന സർക്കാരിനോട് ബഫർസോൺ മേഖലയിലെ ഉപജീവന നിർമ്മിതികൾ അടക്കമുള്ള എല്ലാ സ്ഥിതിവിവര കണക്കുകളും ആവശ്യമായ സർക്കാർ ഏജൻസികളുടെ സഹായത്തോടെ തയ്യാറാക്കി ലിസ്റ്റ് ചെയ്ത മൂന്നു മാസത്തിനകം (സെപ്റ്റംബർ 3 നുള്ളിൽ) കോടതിക്ക് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഇതിന് ഘടകവിരുദ്ധമായി വന്യജീവി സങ്കേതങ്ങളുടെ വിശദാംശ ങ്ങളുടെ വിവരണം എന്ന പേരിൽ ബഫർ സോൺ പ്രദേശങ്ങളിലെ 28588.16 ഹെക്ടർ വനഭൂമി ആദിവാസികളുടെയും വനം കയ്യേറ്റക്കാരുടെയും കൈവശമാണ് എന്ന രീതിയിലുള്ള വാദമുഖങ്ങൾ ആണ് സർക്കാർ പുന:പരിശോധന ഹർജി എന്നപേരിൽ ഉയർത്തിയിരിക്കുന്നത്. ESZ പ്രഖ്യാപനം അവിടുത്തെ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ ഹനിക്കുന്നതാണ്. മേൽപ്പറഞ്ഞ 28588.16 ഹെക്ടർ 22814.59 ഹെക്ടർ ഭൂമി ഏലത്തോട്ടങ്ങൾ ആണെന്ന വസ്തുത സർക്കാർ മറച്ചുവെക്കുന്നു. റിവ്യൂ പെറ്റീഷനിൽ 123305 ഹെക്ടർ ESZ ഭൂമിയുണ്ടെന്ന അവകാശപ്പെടുമ്പോഴും കേവലം 28588 ഹെക്ടറിനെ കുറിച്ച് മാത്രമേ വിശദീകരണം ഉള്ളൂ എന്നുള്ളത് ദുരൂഹതയാണ്. ബാക്കി വരുന്ന 94762.7 ഹെക്ടർ ഋടദ ഭൂമിയിലെ ഉപജീവന നിർമിതികളെക്കുറിച്ചും അവിടെയുള്ള ജനങ്ങളെക്കുറിച്ചും കൃഷിയെക്കുറിച്ചും കൃഷി ഭൂമികളെകുറിച്ചും വിവിധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളെ കുറിച്ചും വിശദവിവരങ്ങൾ നൽകുന്നതിൽ ഹർജി മൗനം പാലിക്കുകയാണ്. ESZ ഭൂഭാഗത്തിലെ കോടതി ആവശ്യപ്പെട്ട സ്ഥിതിവിവരകണക്കുകൾ നൽകാതെ, 2019 ഒക്ടോബർ 23 ലെ ഒരു കിലോമീറ്റർ വായു ദൂരം ജനവാസകേന്ദ്രങ്ങളുൾപ്പേടെ ESZ ആയി നിർദേശിക്കുന്ന മന്ത്രിസഭാ തീരുമാനത്തെ റിവ്യൂ പെറ്റീഷനിലും ചേർത്തുവച്ചിരിക്കുകയാണ്.

ഇപ്രകാരം ബഫർസോണിൽ പെടുത്തിരിക്കുന്ന ഭൂമി മുഴുവൻ കയ്യേറ്റക്കാരുടെയും ആദിവാസി കളുടെയും കൈവശം ഇരിക്കുന്ന വനഭൂമി മാത്രമാണ് എന്ന സുപ്രീംകോടതിയുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന സർക്കാർ സാധാരണ ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. കോടതി ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകാതെ, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ, തലമുറകളായി ജനങ്ങൾ കൈവശം വെച്ച് അനുഭവിച്ചുവരുന്ന കൃഷിയിടങ്ങൾ കയ്യേറ്റ ഭൂമിയാ ണെന്നും, മലയോര ജനത വനം കയ്യേറ്റക്കാരാണെന്നും സുപ്രീംകോടതിയെ അറിയിക്കാൻ ശ്രമിക്കുന്ന സർക്കാർ സാധാരണ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ അടിച്ചമർത്തുകയാണ്.

സുപ്രീംകോടതിക്കും കോടതി പറഞ്ഞിരിക്കുന്ന സെൻട്രൽ എംപവേഡ് കമ്മിറ്റിക്കും കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയത്തിനും നൽകേണ്ട വിശദമായ റിപ്പോർട്ടിൽ 94762 ഹെക്ടർ അടക്കമുള്ള ഭൂമിയിൽ താമസിച്ചുവരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള കർഷകരുടെ കൃഷി ഭൂമിയുടെയും, കൃഷിയുടെയും ആളുകളുടെയും വീടുകളുടെയും വിദ്യാഭ്യാസ സ്ഥാ

www.malankaralibrary.com



പനങ്ങളുടെയും കച്ചവട സ്ഥാപനങ്ങളുടെയും സർക്കാർഅർത്ഥസർക്കാർ സ്ഥാപനങ്ങളുടെയും, ആരാധനാലയങ്ങളുടെയും ടൗൺഷിപ്പുകളുടെയും, വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും മറ്റും വിശദമായ കണക്കുകൾ സമർപ്പിച്ചേ മതിയാവു. അതില്ലാതെ ഒരു പുന:പരിശോധന ഹർജിയും കോടതിയിൽ നിലനിൽക്കു കയില്ല. മലയോര ജനതയെ ഇത്തരത്തിൽ വെല്ലുവിളിച്ചും ഭീഷണിപ്പെടുത്തിയും കയ്യേറ്റക്കാരായി ചിത്രീകരിച്ചു ജീവിക്കുവാനുള്ള അവകാശത്തെ തടഞ്ഞ് വഴിയാധാരമാക്കി സുപ്രീംകോടതിക്ക് പുന:പരിശോധന ഹർജി നൽകി ഒരു ഭരണകൂടത്തിനും നിലനിൽക്കുവാൻ സാധിക്കുകയില്ല എന്ന് കേരള കർഷക അതിജീവന സംയുക്ത സമിതി മുന്നറിയിപ്പ് നൽകുന്നു. ആഗോള കാലാവസ്ഥാ വ്യതിയാനത്തിൻറെയും ആഗോളതാപനത്തിൻറെയും ഭാഗമായി രാജ്യമെമ്പാടും വർദ്ധിച്ചുവരുന്ന പ്രളയത്തിൻറെ പേര് പറഞ്ഞ് വനാതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ വായു ദൂരത്തിൽ ബഫർസോൺ ആക്കാനുള്ള ഭരണകൂട നീക്കത്തെ അതിജീവിക്കുംവരെ സംഘടിതമായി നേരിടുമെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. സുസ്ഥിരവികസനത്തിൻറെ കേന്ദ്ര സ്ഥാനത്ത് നിൽക്കേണ്ട മനുഷ്യനെ എരിതീയിൽ നിന്ന് വറചട്ടിയിലേക്ക് എന്ന രീതിയിൽ അമ്മാനമാടി രസിക്കുവാൻ ഇവിടെയുള്ള ഉദ്യോഗസ്ഥ വൃന്ദത്തെയും സർക്കാരിനെയും അനുവദിക്കുന്ന പ്രശ്നമില്ല. ജീവിക്കു വാനുള്ള തങ്ങളുടെയും വരുംതലമുറയുടെയും അവകാശത്തിനായി ഈ ജനത ഒറ്റക്കെട്ടായി സംഘടിക്കും പോരാടും. മലയോരത്തെയും തീരദേശത്തെയും പാവപ്പെട്ടവനെ വേട്ടയാടുന്ന കരിനിയമങ്ങൾക്കും അവയ്ക്ക് ജന്മം കൊടുക്കുന്ന സർക്കാരുകളും ഉദ്യോഗസ്ഥ വൃന്ദവും ഈ വിഷയം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിച്ചില്ല എങ്കിൽവലിയ ജനകീയ സമരത്തെ സർക്കാർ നേരിടേണ്ടി വരും.

**ESZ : *അടിയന്തിരമായി സർക്കാർ ചെയ്യേണ്ട ചില നിർദ്ദേശങ്ങൾ***

**1.** 2022 June 3 ലെ സുപ്രീം കോർട്ട് വിധിയുടെ അടിസ്ഥാനത്തിൽ ബഫർസോൺ പ്രശ്ന ബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളും വില്ലേജ് ഓഫീസുകളും കൃഷിഭവനുകളും മറ്റ് റവന്യൂ ഡിപ്പാർട്ട്മെൻറ്കളെയും സഹകരിപ്പിച്ച് ESZ പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളുടെയും വീടുകളു ടെയും കൃഷിയുടെയും കൃഷിയിടങ്ങളുടെയും സർക്കാർഅർധ സർക്കാർ സ്ഥാപനങ്ങളുടെയും വിദ്യാലയങ്ങളുടെയും ആതുരാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും കെട്ടിടങ്ങളുടെയും ടൗൺഷിപ്പുകളുടെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും കെട്ടിട നമ്പറും മറ്റു വിവരങ്ങളും അടങ്ങുന്ന കണക്കു ശേഖരിച്ച് സെപ്റ്റംബർ 3 ന് മുൻപ് സുപ്രീംകോടതിയിൽ എത്തിക്കണം.

**2.** ഒപ്പം കോടതി നിർദ്ദേശിച്ച് അനുസരിച്ച് ഈ സ്ഥിതി വിവര കണക്കുകളുടെ പിൻബലത്തോടെ CEC ക്കും കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയത്തിനും സർക്കാർ പരാതി നൽകണം.

**3.** സംസ്ഥാന സർക്കാർ ഇപ്പോൾ നൽകിയ റിവ്യൂ പെറ്റീഷനിൽ വനം കയ്യേറ്റക്കാരെയും ട്രൈബൽ സിനെയും മാത്രമാണ് ബഫർ സോണിൽ സംരക്ഷിക്കപ്പെടേണ്ടത് എന്ന നിഗൂഢ ലക്ഷ്യത്തോടെ യുള്ള പരാമർശം തിരുത്തി ആവശ്യമായിട്ടുള്ള സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുന്ന മതിയായ രേഖകൾ ടഇ മുൻപാകെ സമർപ്പിക്കണം.

**4.** സംസ്ഥാന സർക്കാരിൻറെ കൈവശം ഔദ്യോഗിക രേഖ അനുസരിച്ച് 9676 ച. കി. റിസേർവ് ഫോറസ്റ്റ് ആണ് ആകെ നിലവിലുള്ളത്. ഇതിൽ 3475.73 ചതുരശ്രകിലോമീറ്ററാണ് വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ആകെ വിസ്തൃതി. ഈ വന്യജീവി സങ്കേതങ്ങൾ കഴിച്ചു ബാക്കി വരുന്ന 6201 ച. കി റിസേർവ് വനം ബഫർ സോൺ ആക്കുന്നതിനു പകരം റിസർവ്വനത്തിൻറെ അതിർത്തിക്ക് പുറമേയുള്ള ജനങ്ങൾ തിങ്ങിപ്പാർക്കുന്ന 1224 ച. കി ESZ ആയി നോട്ടിഫൈ ചെയ്ത ഭാവിയിൽ വനമാക്കി തീർക്കാനുള്ള ഗൂഢ നീക്കമാണ് പുന:പരിശോധന ഹരിജിയിലൂടെ വനം വകുപ്പും സംസ്ഥാന സർക്കാരും നടത്തിക്കൊണ്ടിരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ ഏരിയൽ സർവ്വേ വഴി നിലവിലുള്ള വനാതിർത്തിക്കുള്ളിൽ മാത്രം ഋടദ പ്രഖ്യാപിക്കുവാൻ നടപടി ഉണ്ടാകണം.

**5.** ബഫർസോൺ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമസഭകളെ കൊണ്ടും ത്രിതല പഞ്ചായത്തുക്കളെ കൊണ്ടും ESZ പ്രഖ്യാപനത്തിനെതിരെ മതിയായ പൊതുജന താൽപര്യം പരിഗണിച്ച് വിശദമായ കണക്കുകളുടെ പിൻബലത്തോടെ പ്രമേയങ്ങൾ പാസാക്കി സുപ്രീംകോടതിക്കും MoEF&CC ക്കും CEC ക്കും അയപ്പിക്കുവാൻ സർക്കാർ അടിയന്തിര നിർദ്ദേശം നൽകണം.

**6.** പ്രശ്നപരിഹാരത്തിന് ആവശ്യമെങ്കിൽ സുപ്രീംകോടതിയിൽ നിന്ന് സമയം അനുവദിച്ചു കിട്ടുവാൻ സർക്കാർ ആവശ്യപ്പെടണം.

www.malankaralibrary.com



**7.** 1971 നു മുമ്പ് മലബാർ മേഖലയിലെ പല ജില്ലകളിലും റിസർവ് വനഭൂമി ഉണ്ടായിരുന്നില്ല എന്നും ജന്മിമാരുടെയും കോവിലകങ്ങളുടെയും മറ്റും സ്വകാര്യഭൂമികളാണ് പിന്നീട് ഭൂപരിഷ്കരണ നിയമത്തോടെ 1971ലെ ഫോറസ്റ്റ് വെസ്റ്റിങ്ങ് & അസൈൻമെൻറ് ആക്ട് പ്രകാരം വെസ്റ്റഡ് ഫോറസ്റ്റുകളായി മാറിയതെന്നും അതുകൊണ്ടുതന്നെ ഇപ്പോഴത്തെ കൃഷിഭൂമികൾ വനഭൂമി കയ്യേറിയതല്ല മറിച്ച് സ്വകാര്യ ഭൂമികളും കൃഷിഭൂമികളും വെസ്റ്റ് ചെയ്തത് കർഷകർക്ക് പതിച്ചു നല്കാതെ വെസ്റ്റഡ് റിസേർവ് ഫോറസ്റ്റുകളായി അന്ന് മാറ്റപ്പെടുകയാണ് ഉണ്ടായത് എന്ന വിവരം കോടതിയെ ബോധ്യ പ്പെടുത്തണം. അതുകൊണ്ടുതന്നെ കൃഷി ഭൂമിയും ഇപ്പോഴത്തെ വെസ്റ്റഡ് റിസർവ് ഫോറസ്റ്റിനും ഒരേ സർവേ നമ്പർ ആണ് ഉള്ളതെന്നു, അത് വനം കയ്യേറിയത് കൊണ്ടല്ല എന്നും കോടതിയെ ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിയണം.

### *കസ്തൂരിരംഗൻ ഇ എസ് എ വിജ്ഞാപനത്തിലെ കെണികൾ*

2022 ജൂലൈ 6ന് കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഇ എസ് എ കരട് വിജ്ഞാപന ത്തിൻറെ മേലുള്ള പരാതികൾ കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയത്തിന് 60 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കൊടുക്കേണ്ടതുണ്ട്.

**1.** ഇഎസ്എ പ്രദേശങ്ങൾ റവന്യൂ വില്ലേജുകളുടെ പേരിൽ അന്തിമ വിജ്ഞാപനത്തിൽ അറിയപ്പെടുന്നത് ഒഴിവാക്കണം. 123 വില്ലേജുകളിലെയും റിസർവ് വനത്തെ മാത്രം ഇ എസ് എ ഫോറസ്റ്റ് വില്ലേജ് എന്ന് നാമകരണം ചെയ്തു അന്തിമ വിജ്ഞാപനത്തിൽ കൊടുക്കണം.

**2.** സംസ്ഥാനസർക്കാർ റിപ്പോർട്ട് അനുസരിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 123 വില്ലേജുകളിലെ 9107 ചതുരശ്രകിലോമീറ്റർ ഫോറസ്റ്റ് എന്ന കണക്കിൽ ഈ വില്ലേജുകളിലെ പട്ടയ ഭൂമികളും കൃഷിഭൂമികളും പ്ലാൻറേഷൻസും അടങ്ങുന്ന പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റ് ആയിട്ടാണ് കാണിച്ചിരിക്കുന്നത്. 2021 ലെ സംസ്ഥാന സർക്കാരിൻറെ ഫോറസ്റ്റ് റിപ്പോർട്ട് അനുസരിച്ച് ഈ വില്ലേജുകളിൽ ആകെ വനവിസ്തൃതി 7900 ച. കി. മാത്രമാണ്. അതായത് കരട് വിജ്ഞാപന ത്തെകാൾ 1200 ലധികം ചതുര കിലോമീറ്റർ കുറവാണ് യഥാർത്ഥ റിസർവ് ഫോറസ്റ്റ് സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച റിപ്പോർട്ടിലെ ഈ തെറ്റ് തിരുത്തുവാൻ സംസ്ഥാന സർക്കാർ അടിയന്തര മായി ഇടപെട്ട് കേന്ദ്ര വനപരിസ്ഥിതി മന്ത്രലയത്തിന് തിരുത്തൽ നൽകണം. അല്ലാത്തപക്ഷം മേൽ കാണിച്ച 123 വില്ലേജുകളിലെ 1200 ചതുരശ്രകിലോമീറ്റർ ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും അന്തിമ വിജ്ഞാപനത്തിൽ റിസർവ് ഫോറസ്റ്റ് ആയി രേഖപ്പെടുത്തും എന്ന അപകടം നില നിൽക്കുന്നുണ്ട്.

**3.** റവന്യൂ വില്ലേജുകളെ ഇഎസ് എ ആയി പ്രഖ്യാപിക്കുന്നതിലെ പ്രതിഷേധം അറിയിച്ചു കൊണ്ടും കൃഷിഭൂമി തെറ്റായി റിസർവ് വനമായി രേഖപ്പെടുത്തിയതിലെ അപാകത ചൂണ്ടിക്കാണിച്ചു കൊണ്ടും ഗ്രാമസഭകളും ത്രിതല പഞ്ചായത്തുകളും പ്രമേയം പാസാക്കി കേന്ദ്രപരിസ്ഥിതി മന്ത്രലയത്തിന് സെപ്റ്റംബർ നാലാം തീയതിക്ക് മുമ്പ് അയക്കണം. അതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ഉത്തരവായി ഇറങ്ങണം.

**4.** കരട് വിജ്ഞാപനത്തിലെ ഇ എസ് എ വില്ലേജുകളിൽ ഉൾപ്പെടുന്ന സംഘടനകളെ കൊണ്ടും ആളുകളെ കൊണ്ടും കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയത്തിന് പരാതികളയപ്പിക്കണം.

**5.** കരട് വിജ്ഞാപനത്തിലെ പോരായ്മകളെ സുപ്രീംകോടതിയിൽ നിയമപരമായിട്ട് ചോദ്യം ചെയ്യണം. മലയാളഭാഷയിൽ പരിഭാഷപ്പെടുത്തി ജനങ്ങൾക്ക് പരാതികൾ നൽകുവാനുള്ള സാഹചര്യം ഉണ്ടാക്കിയ ശേഷം മാത്രമേ അന്തിമ വിജ്ഞാപനം ഇറക്കാവൂ എന്ന് നമ്മൾ വാദിക്കണം.

**6.** മറ്റ് സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടിക്രമങ്ങൾ കേരളവും സ്വീകരിച്ച് സാധാരണ ജനങ്ങളെ ബാധിക്കാത്ത വിധത്തിൽ റിസർവ് വനത്തിലും സംരക്ഷിത മേഖലകളിലും മാത്രമായി ഇ എസ് എ നിജപ്പെടുത്തണം. അടിസ്ഥാന ജനവിഭാഗങ്ങളായ മലയോര കർഷകരോടും തീരദേശ മത്സ്യത്തൊഴി ലാളികളോടും സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന ജനവഞ്ചനയും അവഗണനയും അവസാനിപ്പി ക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രത്യക്ഷസമരപരിപാടികളുമായി കേരള കർഷക സംയുക്ത അതിജീവന സമിതി മുൻപോട്ട് പോകുമെന്ന് സമിതി നേതാക്കൾ അറിയിച്ചു.

www.malankaralibrary.com

*വിജിലന്റ് കാത്തലിക്ക്*

# 'വിശുദ്ധപാപ'ങ്ങളുടെ കണക്കെടുപ്പുകാർ

രണ്ട് സഹസ്രാബ്ദങ്ങൾക്കടുത്ത ചരിത്രമുള്ള കത്തോലിക്കാ സഭയെ കഴിയുമ്പോഴെല്ലാം ഇകഴ്ത്തി ചിത്രീകരിക്കാനും അവഹേളിക്കാനും, സഭയുടെ സാമൂഹിക പ്രതിബദ്ധതയെയും ഭാരതചരിത്രത്തിലെ സ്ഥാനത്തേയും തമസ്കരിക്കാനും എക്കാലവും ശ്രമിച്ചിട്ടുള്ള ചിലരുടെ സ്ഥാപിത താൽപര്യങ്ങളാണ് ഈ ദിവസങ്ങളിൽ ചർച്ചയായ 'കേസരി' വാരികയിലൂടെ ഒരിക്കൽക്കൂടി വെളിപ്പെടുന്നത്. ആർഎസ്എസിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ കേസരിയുടെ ജൂൺ 10 ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വി. ദേവസഹായം പിള്ളയെക്കുറിച്ചുള്ള ലേഖനത്തിൽ കത്തോലിക്കാ സഭയെക്കുറിച്ച് ഒട്ടേറെ ആരോപണങ്ങളാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ചരിത്ര നിർമ്മിതികൾ, അട്ടിമറികൾ, വളച്ചൊടിക്കലുകൾ എന്നിങ്ങനെ ആരോപണങ്ങളുടെ നീണ്ട നിരയാണ് ലേഖനകർത്താവ് ഉയർത്തുന്നത്. കത്തോലിക്കാ സഭയിലെ വിശുദ്ധ പദവി പ്രഖ്യാപനം മുതൽ, മദർ തെരേസ വരെ നിശിതമായി വിമർശിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. മദർതെരേസയുടെ കാര്യത്തിൽ ചരിത്ര നിർമ്മിതി നടത്തിയ കത്തോലിക്കാ സഭ ദേവസഹായം പിള്ള ഉൾപ്പെടെയുള്ള മറ്റു പലരുടെയും കാര്യത്തിലും ഇപ്രകാരമാണ് ചെയ്തിട്ടുള്ളതെന്ന് ലേഖകൻ ആരോപിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കത്തോലിക്കാ സഭയുടെ നിലപാടുകളെയും രീതികളെയും പ്രവർത്തനങ്ങളെയും അടച്ചാക്ഷേപിക്കുകയാണ് ലേഖനത്തിന്റെ ലക്ഷ്യമെന്ന് വ്യക്തം.

ആധുനികലോകത്തിൽ ഏറ്റവും മികച്ചതും മാതൃകാപരവുമായ രീതിയിൽ ചരിത്രത്തെയും സാഹചര്യങ്ങളെയും സമീപിക്കുകയും പഠിക്കുകയും തിരുത്തലുകൾ വരുത്തുകയും ക്രിയാത്മക ഇടപെടലുകൾ ഉറപ്പുവരുത്തുകയും ചെയ്യുന്ന കുറ്റമറ്റ സംവിധാനങ്ങളാണ് കത്തോലിക്കാ സഭയ്ക്കുള്ളത്. എപ്രകാരമാണ് ഇത്തരം വിഷയങ്ങളെ കത്തോലിക്കാ സഭ സമീപിക്കുന്നതെന്നും, എന്തുകൊണ്ടാണ് സഭയുടെ നിലപാടുകൾ ലോകത്തിന് സ്വീകാര്യമായിരിക്കുന്നതെന്നും അവ വിലമതിക്കപ്പെടുന്നതെന്നുമുള്ള നിരീക്ഷണത്തിന്റെ അഭാവമോ അഥവാ തമസ്കരണമോ ഇത്തരം ആഖ്യാനങ്ങളിൽ എക്കാലവും പ്രകടമാണ്. ശത്രുസ്ഥാനത്ത് നിർത്തി തങ്ങളുടെ അണികളിൽ കത്തോലിക്കാ വിശ്വാസികളോട് വിരോധം ജനിപ്പിക്കാനുള്ള ഗൂഢ ശ്രമം മുമ്പ് പലപ്പോഴും എന്നതുപോലെ, കേരളത്തിലെ പ്രമുഖ സംഘപ്രവർത്തകരുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന 'കേസരി' വാരികയിലെ ഈ ലേഖനത്തിലും തുടരുന്നുണ്ട്. ബിജെപി - ആർഎസ്എസ് നേതൃതലങ്ങളിൽനിന്നും ക്രൈസ്തവരും കത്തോലിക്കാ സഭയുമായും സൗഹാർദ്ദം ആഗ്രഹിക്കുന്നു എന്ന നിലയ്ക്കുള്ള പ്രചാരണങ്ങൾ ഒരു വശത്ത് പുരോഗമിക്കുമ്പോൾ തന്നെ മറുവശത്ത് ഇത്തരത്തിലുള്ള കടുത്ത വിദ്വേഷ പ്രചാരണങ്ങൾ നിർബ്ബാധം തുടരുന്നു. അതിനാൽ, ഇത്തരം സംഘടനകളും അവയുടെ നേതൃത്വവും ആത്മാർത്ഥമായി സാമുദായിക - സാമൂഹിക സൗഹാർദ്ദം ആഗ്രഹിക്കുന്നുണ്ടോ എന്ന സംശയം ന്യായമാണ്.

> **ആർഎസ്എസിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ കേസരിയുടെ ജൂൺ 10 ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വി. ദേവസഹായം പിള്ളയെക്കുറിച്ചുള്ള ലേഖനത്തിൽ കത്തോലിക്കാ സഭയെക്കുറിച്ച് ഒട്ടേറെ ആരോപണങ്ങളാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്.**

### ഇന്ത്യയിലെ ഇന്നത്തെ സാഹചര്യങ്ങൾ

കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടന്നുവരുന്ന തുടർച്ചയായ ആക്രമണങ്ങൾക്ക് വഴിയൊരുക്കിയിട്ടുള്ളത് ഇത്തരം വിദ്വേഷ പ്രചാരണങ്ങളാണ്. വംശീയവും വർഗ്ഗീയവുമായ വ്യാജപ്രചരണങ്ങളും അതിന്റെ തുടർച്ചയായ ആക്രമണ ആഹ്വാനങ്ങളും വിവിധ സംസ്ഥാനങ്ങളെ എത്രമാത്രം കലാപ കലുഷിതമാക്കി മാറ്റിയിരിക്കുന്നു എന്നുള്ളത് നാം കണ്ണുതുറന്ന് കാണേണ്ടതുണ്ട്. ഗ്രഹാം സ്റ്റെയിൻസിന്റെ കൊലപാതകവും, കണ്ധമാൽ കലാപവും, സമീപ നാളുകളിൽ ഉൾപ്പെടെയുള്ള ചെറുതും വലുതുമായ ഒട്ടനവധി അക്രമ സംഭവങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. ക്രൈസ്തവ സന്യസ്തർക്ക് തങ്ങളുടെ സന്യാസ വസ്ത്രം ധരിച്ചുകൊണ്ട് പൊതുസമൂഹത്തിൽ

www.malankaralibrary.com



പ്രത്യക്ഷപ്പെടാൻ കഴിയാത്ത സാഹചര്യം ഇന്ത്യയിൽ ചിലയിടങ്ങളിൽ ഇന്ന് നിലനിൽക്കുന്നെങ്കിൽ അതിനുള്ള കാരണവും ഇത്തരം വിദ്വേഷ പ്രചാരണങ്ങളല്ലാതെ മറ്റൊന്നുമല്ല. ഇത്തരം അക്രമങ്ങൾക്കും വിദ്വേഷ പ്രചാരണങ്ങൾക്കും പിന്നിൽ ആർഎസ്എസ് അനുബന്ധ സംഘടനകളാണെന്നുള്ളത് വ്യക്തമാണ്.

ഇന്ത്യയിലെമ്പാടും പാവപ്പെട്ടവർക്കുവേണ്ടി നിസ്വാർത്ഥ സേവനം നടത്തിവരുന്ന ഒട്ടേറെ കത്തോലിക്കാ സ്ഥാപനങ്ങളെയും അതിന്റെ ഭാഗമായ പതിനായിരങ്ങളെയും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് അടിസ്ഥാന രഹിതമായ ആരോപണങ്ങൾ നിരന്തരം ഉന്നയിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധി ചോദ്യംചെയ്യപ്പെടേണ്ടതുണ്ട്. മതപരിവർത്തനം എന്ന ആരോപണം നിരന്തരം ഉയർത്തിക്കൊണ്ടിരിക്കുന്നവർ, കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ ക്രിസ്ത്യൻ ജനസംഖ്യയെക്കുറിച്ച് നിശ്ശബ്ദരാണ്. സ്വമനസാൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കാൻ ആരെങ്കിലും തയ്യാറാകുന്ന പക്ഷം മാത്രം കത്തോലിക്കാ സമൂഹത്തിലേക്ക് ആ വ്യക്തിയെ സ്വാഗതം ചെയ്യുക എന്ന ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിനപ്പുറം മറ്റൊരു നിലപാടും സ്വാർത്ഥ താൽപ്പര്യങ്ങളും കത്തോലിക്കാ സഭയ്ക്ക് ഇല്ല. വസ്തുതകൾ ഇപ്രകാരമായിരിക്കെ, കത്തോലിക്കാ മിഷനറിമാരെക്കുറിച്ച് എക്കാലവും ചില വർഗ്ഗീയ സംഘടനകൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആരോപണം മതപരിവർത്തനമാണ്.

തുടർച്ചയായ വർഗീയ വിദ്വേഷ പ്രചാരണങ്ങളിലൂടെ കടുത്ത സാമൂഹിക അരക്ഷിതാവസ്ഥയും, തെറ്റിദ്ധാരണകളും മനസുകളിൽ നിറച്ച് ശത്രുതാമനോഭാവം വളർത്തി അനേകം ദേശങ്ങളെ കലാപ ഭൂമിയാക്കി മാറ്റിയ അതേ പ്രവർത്തന രീതിയാണ് ഒരുവശത്ത് കേരളത്തിലും സംഘപരിവാർ സംഘടനകൾ അനുവർത്തിച്ചുവരുന്നതെന്ന് വ്യക്തമാണ്. ഒരു പതിറ്റാണ്ടിന് മുമ്പില്ലാതിരുന്ന വിദ്വേഷ ചിന്തകൾ ഇന്നത്തെ കേരളത്തിൽ നിറഞ്ഞിരിക്കുന്നു. പരസ്പരമുള്ള വിദ്വേഷ പ്രചരണങ്ങളും വ്യാജ പ്രചരണങ്ങളും അടിസ്ഥാന രഹിതമായ ആരോപണങ്ങളും അവസാനിപ്പിക്കാത്ത പക്ഷം ഇപ്പോഴുള്ള സാമൂഹിക പ്രതിസന്ധികൾക്ക് പരിഹാരം കാണാനാവില്ല. വർഗ്ഗീയ ചിന്തകളെ ആളിക്കത്തിക്കാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങൾ ശാശ്വതമായ സമാധാനം ആഗ്രഹിക്കുന്നവരല്ല, മറിച്ച്, അശാന്തിയിൽനിന്ന് വിളവെടുപ്പുകൾ നടത്താൻ ആഗ്രഹിക്കുന്നവരാണ് എന്ന് പൊതുസമൂഹം തിരിച്ചറിയണം.



www.malankaralibrary.com



# മതപീഡനങ്ങൾക്കും തീവ്രവാദപ്രവർത്തനങ്ങൾക്കും അന്ത്യം അനിവാര്യം

**ബാം**ഗ്ളൂർ ആർച്ച് ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോയുടെയും രണ്ടു സംഘടനകളുടെയും ഹർജിയിൽ സുപ്രീം കോടതി നടത്തിയ പരാമർശം ഏറെ ആശ്വാസപ്രദമാണ്. ഇന്ത്യയിൽ ക്രൈസ്തവർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ദൗർഭാഗ്യകരം എന്നാണ് പരമോന്നത നീതിപീഠം അഭിപ്രായപ്പെട്ടത്. ക്രൈസ്തവർക്കെതിരെ നടക്കുന്ന അക്രമങ്ങൾക്കും വിദ്വേഷ പ്രചാരണങ്ങൾക്കും എതിരെ സമർപ്പിക്കപ്പെട്ടിരിക്കുന്ന ഹർജി കാലികപ്രസക്തിയുള്ളതാണെന്ന് നിരീക്ഷിച്ച കോടതി, അവധിക്ക് ശേഷമുള്ള ആദ്യ ദിവസം തന്നെ വാദം കേൾക്കാമെന്ന് പറയുകയും ചെയ്തു.

സമീപകാലങ്ങളിലായി വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ പീഡനങ്ങൾ വളരെ പരിമിതമായ രീതിയിലാണ് മാധ്യമ ശ്രദ്ധ നേടിയിട്ടുള്ളതും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും. ബിജെപി - സംഘപരിവാർ സ്വാധീനം ഓരോ സംസ്ഥാനങ്ങളിലും വളരുന്നതിന് ആനുപാതികമായി ഇത്തരം പീഡനങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നത് സുവ്യക്തമാണ്. വാസ്തവത്തിൽ ക്രൈസ്തവർ പീഡനങ്ങൾ നേരിടുന്നു എന്നതിനേക്കാൾ, ഭാരതത്തിന്റെ മതേതരത്വ മൂല്യങ്ങൾ ബലികഴിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് കൂടുതൽ ആശങ്കാജനകമായ വസ്തുത. മതത്തിനും വർഗ്ഗീയതയ്ക്കും രാഷ്ട്രീയ മനം കൈവരികയും മാനവികത അസ്തമിക്കുകയും ചെയ്യുന്ന കാഴ്ച മതേതര ഭാരതത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതല്ല. അതിനാൽ, ഈ കോടതി പരാമർശം ആശ്വാസകരമാകുന്നത് മതേതര മൂല്യങ്ങൾ ഇവിടെ പുലരണമെന്ന് ആഗ്രഹിക്കുന്ന സകലർക്കുമാണ്.

> **കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടെ 1112 അക്രമ സംഭവങ്ങൾ ഈ രാജ്യത്ത് ക്രൈസ്തവർക്ക് എതിരെ നടന്നു എന്നുള്ളത് വളരെ ഗൗരവമുള്ള കാര്യമാണ്.**

കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടെ 1112 അക്രമ സംഭവങ്ങൾ ഈ രാജ്യത്ത് ക്രൈസ്



www.malankaralibrary.com



തവർക്ക് എതിരെ നടന്നു എന്നുള്ളത് വളരെ ഗൗരവമുള്ള കാര്യമാണ്. ക്രൈസ്തവ പീഡനങ്ങളെ ആഗോളതലത്തിൽ നിരീക്ഷണവിധേയമാക്കുന്ന വേൾഡ് വാച്ച് ലിസ്റ്റ് പോലുള്ള ജേർണലുകളിൽ ക്രൈസ്തവ പീഡനങ്ങൾ നടക്കുന്ന രാജ്യങ്ങളിൽ മുൻപന്തിയിലാണ് ഇന്ത്യയെ ഉൾപ്പടുത്തിയിരിക്കുന്നത്. ആഗോളതലത്തിൽ ഇന്ത്യയ്ക്ക് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന മതേതരത്വ - വിശ്വസാഹോദര്യ - മത സഹിഷ്ണുത പ്രതിച്ഛായ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളത് അപമാനകരമാണ്. മതേതരത്വ നിലപാടുകളെ ബലികൊടുത്തുകൊണ്ട് പ്രാകൃതമായ മതരാഷ്ട്ര പ്രത്യയശാസ്ത്രത്തിലേയ്ക്ക് തിരിച്ചുനടക്കുന്ന ഇന്നത്തെ ശൈലി അത്യന്തം അപകടകരമാണ്. ഏത് തരത്തിലുള്ള ഭീഷണികളെ നേരിടാൻ അത്തരമൊരു മാറ്റം ഉപകരിക്കുമെന്ന് ആരു കരുതിയാലും അത് മിഥ്യാധാരണയാണ്.

നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബിജെപി സർക്കാർ അധികാരത്തിലെത്തി എട്ടുവർഷം പിന്നിടുമ്പോൾ തിരിഞ്ഞു നോക്കിയാൽ ഓരോ വർഷം കഴിയുംതോറും മത - വർഗീയ വിഷയങ്ങളിലുണ്ടാകുന്ന അക്രമസംഭവങ്ങളും ആൾക്കൂട്ട ആക്രമണങ്ങളും വർദ്ധിക്കുകയാണ് ഉണ്ടായിട്ടുള്ളത് എന്നുകാണാം. അത്തരം സംഭവങ്ങളിൽ അക്രമിക്കപ്പെട്ടവർക്ക് നീതി ലഭിച്ചിട്ടുള്ളതിനേക്കാൾ വളരെയേറെയാണ് അധികാരികളാൽ അവഗണിക്കപ്പെട്ടിട്ടുള്ള സംഭവങ്ങൾ. മതംമാറ്റ നിരോധന നിയമങ്ങൾ നടപ്പാക്കപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിൽ ആ നിയമം ദുരുപയോഗിച്ചുള്ള അക്രമസംഭവങ്ങൾ വളരെയേറെ നടന്നിട്ടുള്ളതായി കാണാം. ഇത്തരത്തിൽ ഭരണത്തിന്റെയും നീതിനിർവ്വഹണത്തിന്റെയും നിറവും സ്വഭാവവും മാറിവരികയും ന്യൂനപക്ഷ - ദുർബ്ബല വിഭാഗങ്ങൾക്ക് ജീവിതം ദുഷ്കരമാവുകയും ചെയ്യുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഈ ഗൗരവമുള്ള വിഷയത്തിൽ നീതിപൂർവ്വമായ ഇടപെടൽ സുപ്രീംകോടതിയിൽ നിന്നുണ്ടാവുമെന്ന് പ്രതീക്ഷിക്കാം.

**രണ്ടു പ്രത്യയശാസ്ത്രങ്ങളുടെ പ്രവർത്തനങ്ങളെയും വളർച്ചയെയും തുല്യ ഗൗരവത്തിൽ സമീപിക്കേണ്ടതുണ്ട്.**

### വർദ്ധിക്കുന്ന തീവ്രവാദ - ഭീകര പ്രവർത്തനങ്ങളും അനുബന്ധ ആക്രമണങ്ങളും

മതനിന്ദാ പരാമർശം നടത്തി എന്ന് ആരോപിക്കപ്പെട്ട ബിജെപി നേതാവ് നുപൂർ ശർമയെ പിന്തുണച്ച് സോഷ്യൽമീഡിയയിൽ പോസ്റ്റിട്ടു എന്ന കുറ്റത്തിനാണ് കഴിഞ്ഞ ദിവസം രാജസ്ഥാനിലെ ഉദയ്പൂരിൽ കനയ്യലാൽ എന്ന തയ്യൽക്കാരൻ കഴുത്തറുത്ത് കൊല്ലപ്പെട്ടത്. വസ്ത്രത്തിന്റെ അളവെടുക്കാൻ എന്ന വ്യാജേന തയ്യൽകടയിൽ എത്തിയ കൊലപാതകി പെട്ടെന്ന് ആയുധമെടുത്ത് ആക്രമിച്ചപ്പോൾ, ഒപ്പമുണ്ടായിരുന്നയാൾ അതിന്റെ വീഡിയോ എടുക്കുകയായിരുന്നു. ആ ദൃശ്യങ്ങൾ അക്രമികൾതന്നെ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു.

അത്യന്തം നിഷ്ഠൂരമായ ഈ കൃത്യം ചെയ്ത് ഇസ്ലാമിക തീവ്രവാദികൾ ശക്തിപ്രകടനം നടത്തിയത് ഒരു ഉത്തരേന്ത്യൻ സംസ്ഥാനത്തിലാണ്. പ്രൊഫ. ടിജെ ജോസഫിന്റെ കരം ഛേദിച്ച് സമാനമായ പ്രതികാര പ്രവൃത്തി ചെയ്ത കേരളത്തിലുൾപ്പെടെ ഇത്തരം ഭീഷണികൾ കൂടുതൽ ശക്തമായി നിലനിൽക്കുന്നുണ്ട് എന്നുള്ളത് ഒരു വാസ്തവമാണ്. ഈ നാളുകളിൽ, കൈവെട്ടിയും കഴുത്തറുത്തും തങ്ങളുടെ പ്രത്യയശാസ്ത്രത്തിന് അടിവരയിടാമെന്ന് ചിന്തിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് മറ്റൊരു പ്രത്യയശാസ്ത്രത്തിൽ അടിത്തറയുറപ്പിച്ച് പുതിയൊരു രാഷ്ട്ര സങ്കല്പം രൂപപ്പെടുത്തിയിരിക്കുന്നവരുടെ ഇടയിലാണ് എന്നുള്ളതാണ് വസ്തുത. സാമൂഹികവും സാമുദായികവുമായ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഫ്രിക്ഷൻ, അരക്ഷിതബോധവും മൗലികചിന്തകളും വിദ്വേഷ പ്രവണതകളും വർദ്ധിപ്പിക്കും എന്നുള്ളത് ഒരു വാസ്തവം തന്നെയാണ്. ഇന്ത്യയിൽ തീവ്ര ഇസ്ലാമിക ചിന്തകരുടെ സ്വാധീനവും തീവ്രവാദ പ്രവർത്തനങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നത് അക്കാരണത്താലാണ് എന്ന് പറയാനാവില്ല. രണ്ടു പ്രത്യയശാസ്ത്രങ്ങളുടെ പ്രവർത്തനങ്ങളെയും വളർച്ചയെയും തുല്യ ഗൗരവത്തിൽ സമീപിക്കേണ്ടതുണ്ട്.

മത സഹിഷ്ണുതയും, മതേതര ചിന്തകളും, സാഹോദര്യ മനോഭാവവും നിലർത്തി മാനവികതയിൽ ഉറച്ചുനിന്നുകൊണ്ട് മുന്നോട്ടുപോകുവാൻ വിവിധ സമുദായങ്ങൾ നിലപാടെടുക്കാത്തപക്ഷം ഭാരതത്തിന്റെ ഭാവി കൂടുതൽ ആശങ്കകജനകമാണ്. മതവും മതവിശ്വാസവും പരസ്പരം സ്നേഹിക്കാനും ഉൾക്കൊള്ളാനുമാണ് ഒരു വ്യക്തിയെയും സമൂഹത്തെയും പര്യാപ്തരാക്കേണ്ടത്. പരസ്പരം ഭീഷണിയാകാനും ഭീതിവളർത്താനും കാരണമാകുന്നതിനെയെല്ലാം ഉപേക്ഷിക്കാൻ എല്ലാവരും തയ്യാറാകണം. ആരോഗ്യകരമായ സംവാദങ്ങൾക്കും ചർച്ചകൾക്കും വേദികൾ ഒരുങ്ങുകയും ഭരണകൂടങ്ങൾ ഈ പ്രതിസന്ധികൾക്ക് പരിഹാരംകാണാൻ പരിശ്രമിക്കുകയും വേണം.

www.malankaralibrary.com



# ക്രൈസ്തവർക്ക് നേരെ ആക്രമങ്ങൾ എന്ന ആരോപണം വ്യാജമെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: ക്രൈസ്തവർക്കു നേരെ നടക്കുന്ന അക്രമങ്ങൾ തടയാൻ നിർദേശം നൽകണം എന്നാവശ്യപ്പെട്ടു ബംഗളൂരിലെ ആർച്ച് ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ സുപ്രീം കോടതിയിൽ ഹർജി നൽകിയിരുന്നു. ഈ ഹർജ്ജി പരിഗണിക്കവേയാണ്, ആരോപണങ്ങൾ വ്യാജമാണെന്നും കെട്ടിച്ചമച്ചവയാണെന്നും കേന്ദ്രസർക്കാർ അഭിഭാഷകൻ കോടതിയിൽ വാദമുന്നയിച്ചത്. നാഷണൽ സോളിഡാരിറ്റി ഫോറവും ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യയും കേസിൽ കക്ഷികളാണ്.

ഇതിനു നൽകിയ മറുപടിയിലാണ് ആരോപണങ്ങൾ വ്യാജമാണെന്നും അക്രമ സംഭവങ്ങളെന്ന് വിവരിക്കുന്ന റിപ്പോർട്ടുകൾ വെറും ഊഹാപോഹങ്ങൾ മാത്രമാണെന്നും കേന്ദ്രം ബോധിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിനു വേണ്ടി ആഭ്യന്തര മന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറി സുപ്രീം കോടതിയിൽ നൽകിയിരിക്കുന്ന പ്രാഥമിക മറുപടി യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും തമസ്ക്കരിക്കുന്നതാണ്.

ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ നടക്കുന്നുണ്ടെന്ന് സ്ഥാപിക്കാൻ ഹർജിക്കൊപ്പം നൽകിയിരിക്കുന്ന വിവരങ്ങൾ പത്രവാർത്തകളുടെയും ഓൺലൈൻ മാധ്യമ ങ്ങളിൽ പ്രസിദ്ധീകരിച്ച് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലുള്ളതാണെന്നും ഇതെല്ലാം വ്യാജമാണെന്നുമാണ് കേന്ദ്രത്തിന്റെ വാദം. പരാതികളിൽ പോലീസ് പക്ഷപാതപരമായി പെരുമാറുന്നതു അടക്കമുള്ള കാര്യങ്ങൾ അടിസ്ഥാന രഹിതമാണെന്നും ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർക്ക് എതിരേ കേസുകളോ പരാതികളോ ഉണ്ടായാൽ ഉടനെ അത് ക്രൈസ്തവ സമൂഹത്തിന് എതിരായ ആക്രമണമായി ചിത്രീകരിക്കപ്പെടുകയാണെന്നുമുള്ള വാദഗതികൾ കേന്ദ്രം സുപ്രീം കോടതിയിൽ നിരത്തി. ചില സംഘടനകൾ സമാഹരിക്കുന്ന തെറ്റിദ്ധരിപ്പിക്കുന്ന കണക്കുകളാണ് ക്രൈസ്തവർക്ക് നേരെയുള്ള അതിക്രമമായാണ് ചിത്രീകരിക്കപ്പെടുന്നതെന്നും കേന്ദ്രം ആരോപിച്ചു.

ക്രൈസ്തവർക്ക് നേരെ രാജ്യമെമ്പാടും നടക്കുന്ന ആക്രമങ്ങളെ ഇല്ലെന്ന് വരുത്തി തീർക്കുന്ന വിധത്തിലാണ് കേന്ദ്ര സർക്കാർ വാദഗതി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കും ആരാധനാലയങ്ങൾക്കും ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കും നേരെ ആക്രമണം നടക്കുന്നതു പകൽ പോലെ സത്യമായ കാര്യമാണ്. മതപരിവർത്തനം ആരോപിച്ച് നിരപരാധികളായവരെ അറസ്റ്റ് ചെയ്യുന്നതും ക്രിസ്ത്യൻ സ്ഥാപനങ്ങളിലേക്ക് ഹിന്ദുത്വ മുദ്രാവാക്യങ്ങളുമായി അതിക്രമിച്ച് കയറി നാശനഷ്ടം വരുത്തുന്നതും പ്രാർത്ഥന കൂട്ടായ്മകൾ അലങ്കോലപ്പെടുത്തുന്നത് അടക്കം അനേകം അക്രമ സംഭവങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറിയത് ദേശീയ, അന്തർദേശീയ മാധ്യമങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തതാണ്.

കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ക്രൈസ്തവ വിരുദ്ധ പീഡനങ്ങളെ കുറിച്ച് പഠിച്ചു നിരീക്ഷണ റിപ്പോർട്ട് പുറത്തുവിടുന്ന അന്താരാഷ്ട്ര സന്നദ്ധ സംഘടനയായ ഓപ്പൺ ഡോഴ്സിന്റെ വേൾഡ് വാച്ച് ലിസ്റ്റിൽ ക്രൈസ്തവ വിരുദ്ധ പീഡനം രൂക്ഷമായ ആഗോള രാജ്യങ്ങളുടെ പട്ടികയിൽ പത്താം സ്ഥാനത്താണ് ഇന്ത്യ.

ഇക്കഴിഞ്ഞ ഏപ്രിൽ മാസം പുറത്തുവന്ന അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അമേരിക്കൻ കമ്മീഷന്റെ (യു.എസ്.സി.ഐ.ആർ.എഫ്) വാർഷിക റിപ്പോർട്ടിൽ ഭാരതത്തിൽ ക്രൈസ്തവർ അടക്കമുള്ള ന്യൂനപക്ഷ സമൂഹങ്ങൾ അനുഭവിക്കുന്ന കടുത്ത പ്രതിസന്ധിയെ കുറിച്ച് പരാമർശങ്ങൾ ഉണ്ടായിരിന്നു. ഇത്തരത്തിൽ അനവധി യാഥാർത്ഥ്യങ്ങൾ നിലനിൽക്കെയാണ് കേന്ദ്ര സർക്കാർ വളരെ എളുപ്പത്തിൽ വസ്തുതകളെ നിഷേധിച്ചിരിക്കുന്നത്.

ജസ്റ്റീസുമാരായി ഡി.വൈ. ചന്ദ്രചൂഡ്, എ.എസ്. ബൊപ്പണ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ഇന്നലെ ഹർജി പരിഗണിച്ചത്.ഹർജിയിലെ ആരോപണങ്ങൾ നിഷേധിച്ചു കൊണ്ടുള്ള കേന്ദ്രസർക്കാരിന്റെ മറുപടിയിൻമേലുള്ള പ്രതികരണത്തിന് പരാതിക്കാരുടെ അഭിഭാഷകനായ കോളിൻ ഗോൺസാൽവസ് കൂടുതൽ സമയം ആവശ്യപ്പെട്ടു. കേസ് ഓഗസ്റ്റ് 25ന് വീണ്ടും പരിഗണിക്കും.

www.malankaralibrary.com



# ഗതിയില്ലാതെ അഗതിമന്ദിരങ്ങൾ

**കേ**രളത്തിൽ അഗതിമന്ദിരങ്ങളിലും അനാഥമന്ദിരങ്ങളിലും കഴിയുന്ന ഒരുലക്ഷത്തോളം വരുന്ന അന്തേവാസികൾക്ക് റേഷൻ കൊടുക്കേണ്ടതില്ല എന്ന നിർദ്ദേശം പൊതുവിതരണ ഉപഭോക്തൃ കാര്യാലയത്തിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നൽകിയിരിക്കുകയാണ്. അത്തരം മന്ദിരങ്ങളിൽ കഴിയുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിവന്നിരുന്നതും കഴിഞ്ഞവർഷം നിർത്തലാക്കിയിരുന്നു. അനാഥരും രോഗികളുമായ പതിനായിരക്കണക്കിന് പേർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകേണ്ടതില്ല എന്ന സർക്കാർ തീരുമാനം വിചിത്രമാണ്. അത് പൗരനീതിക്കും ഭരണഘടനയ്ക്കും വിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണ്.



### പൗരന്മാർക്ക് സുരക്ഷാ ഉറപ്പുവരുത്തേണ്ട സർക്കാർ!

ഒരു സർക്കാരിന്റെ പ്രഥമ പരിഗണന പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നുള്ളതിനാവണം. ലോകത്ത് ഏത് സർക്കാരും അടിസ്ഥാനപരമായി സ്വീകരിക്കുന്ന നിലപാടാണത്. സ്വാഭാവികമായും, സുരക്ഷിതത്വം കുറവുള്ളവർക്കാണ് അതിൽത്തന്നെ പ്രഥമ പരിഗണന നൽകേണ്ടതും. ദുർബ്ബലരായവർ, വിവിധ വെല്ലുവിളികളെ നേരിടുന്നവർ, അനാഥരായവർ , ഉപേക്ഷിക്കപ്പെട്ട ബാല്യങ്ങൾ എന്നിങ്ങനെയുള്ള ഒരു ഗണമാണ് ഏത് സമൂഹത്തിലും സുരക്ഷിതത്വത്തെക്കുറിച്ച് ഏറ്റവുമധികം ആശങ്കയുള്ളവർ. ആരുടെയെങ്കിലും സഹായവും പരിപാലനയും ഇല്ലാതെ ജീവിക്കാൻ കഴിയാത്തവരായിരിക്കും അവരിൽ ബഹുഭൂരിപക്ഷവും. അതിനാൽത്തന്നെ, ഏതെങ്കിലും അഭയസങ്കേതങ്ങളിലായിരിക്കും അത്തരക്കാരുണ്ടായിരിക്കുക. ഈ കൂട്ടർ കേരളത്തിൽ എവിടെയാണെന്ന് നോക്കാം.

ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന 1800ൽപ്പരം സ്ഥാപനങ്ങളാണ് ഇന്ന് കേരളത്തിലുള്ളത്. ഒരുലക്ഷത്തിലേറെപ്പേർ അത്തരം സ്ഥാപനങ്ങളിൽ കഴിയുന്നുണ്ട് എന്നാണ് കണക്കുകൾ. ആരാണ് ഈ സ്ഥാപനങ്ങൾ നടത്തുന്നത്? 80 ശതമാനത്തോളം സ്ഥാപനങ്ങളും ക്രൈസ്തവ സ്ഥാപനങ്ങളാണ്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് കടത്തിണ്ണകളിലും പാതയോരത്തും രോഗികളായി കഴിഞ്ഞിരുന്നവരെ, അവരുടെ രൂപഭാവങ്ങളോ, മതവിശ്വാസമോ, മറ്റു പശ്ചാത്തലങ്ങളോ പരിഗണിക്കാതെ മനുഷ്യനായി മാത്രംകണ്ട് മാന്യമായ ജീവിതാന്തരീക്ഷത്തിൽ ശുശ്രൂഷിക്കുകയാണ് അത്തരം സ്ഥാപനങ്ങളിലെല്ലാം ചെയ്തുവരുന്നത്. മനസികരോഗികളും, വൃദ്ധരും, വിവിധ മാരക രോഗങ്ങൾക്ക് അടിപ്പെട്ട് അവശത അനുഭവിക്കുന്നവരും തുടങ്ങി സാധാരണക്കാരായ ആർക്കെങ്കിലും ശുശ്രൂഷിക്കാൻ കഴിയാത്തവരാണ് ആ സ്ഥാപനങ്ങളിലെ അന്തേവാസികളിൽ ഏറെയും. ഏതൊരു മനുഷ്യനും അടുക്കാൻ മടിക്കുന്ന സാഹചര്യങ്ങളിൽപ്പോലും നിസ്വാർത്ഥമായി സേവനം ചെയ്യുകയും ആരെന്നറിയാത്തവർക്കുവേണ്ടിപ്പോലും ജീവിതം മാറ്റിവയ്ക്കുകയുംചെയ്ത് രാവും പകലും അവർക്കൊപ്പമായിരിക്കുന്നവരിൽ ഏറിയപങ്കും കത്തോലിക്കാ സന്യസ്തരാണ്. കേവലം ഒരാളെ പരിരക്ഷിക്കാൻ കഴിയാത്ത കുടുംബങ്ങൾ പുറന്തള്ളിയ വൃദ്ധ മാതാപിതാക്കളും മാനസിക പ്രതിസന്ധികൾ ഉള്ളവരുമായ അനേകരെയാണ് ഒരേ സമയം അവർ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നത്. വിരലിലെണ്ണാവുന്ന ചില സ്ഥാപനങ്ങൾ മാത്രമാണ് ഇത്തരത്തിൽ സർക്കാരിനുള്ളത്. അതിൽ പലതും താൽക്കാലിക ഷെൽട്ടർ ഹോമുകളാണ്.

### അഗതിമന്ദിരങ്ങൾക്കുള്ളിലെ കാഴ്ചകൾ

www.malankaralibrary.com



### കാണാതെപോകുന്ന സർക്കാർ

സേവനതല്പരതയും ശുശ്രൂഷാ മനോഭാവവുംകൊണ്ടുമാത്രം മുന്നിട്ടിറങ്ങി ഇത്തരം സേവനമേഖലകളിൽ സജീവമായിട്ടുള്ളവരാണ് ജീവിതംതന്നെ അതിനായി മാറ്റിവച്ച് അഗതിമന്ദിരങ്ങളിൽ സേവനം ചെയ്യുന്നവർ. സന്യാസസമൂഹങ്ങളും, സംഘടനകളും, രൂപതകളും അതിനായി ധാരാളം പണം ചെലവഴിച്ച് കെട്ടിടങ്ങളും അനുബന്ധ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരേസമയം നൂറുകണക്കിന് അന്തേവാസികൾ അധിവസിക്കുന്ന വലിയ ഭവനങ്ങൾ തന്നെ ഇത്തരത്തിൽ കേരളത്തിൽ പലതുണ്ട്. വിവിധ സേവന പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള ജോലിക്കാർ, ചികിത്സാ ചെലവുകൾ, മെയിന്റനൻസ്, മറ്റു ചെലവുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി സ്ഥാപന നടത്തിപ്പുകാർ തന്നെ വലിയ തുക ഓരോ മാസവും കണ്ടെത്തേണ്ടതായുണ്ട്. ഇത്തരത്തിലുള്ള അന്തേവാസികളിൽ ഏറിയപങ്കും രോഗികളായിരിക്കും എന്നതിനാൽ ചികിത്സാ ചെലവ് വളരെ പ്രധാനപ്പെട്ടതാണ്. കഴിഞ്ഞ വർഷം വരെ മോശമല്ലാത്ത ഒരു വിഭാഗത്തിന് സാമൂഹിക സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നതിനാൽ, ഓരോരുത്തരുടെയും ചികിത്സാ ചെലവുകൾക്ക് അതൊരു പിന്തുണയായിരുന്നു. എന്നാൽ, 2021 ജൂലായിൽ ഇറക്കിയ ഒരു ഉത്തരവ് പ്രകാരം, അഗതിമദിരങ്ങളിൽ ജീവിക്കുന്നവർക്ക് നൽകിയിരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ നിർത്തലാക്കി.

**കേന്ദ്ര-കേരളസർക്കാരുകളുടെ നിയമനിർമ്മാണങ്ങളും നിലപാടുകളും ഒരിക്കലുംതന്നെ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്ക് അനുകൂലമോ, അവരോട് അനുഭവം പുലർത്തുന്നതോ അല്ല.**

### വിചിത്രമായ വിശദീകരണങ്ങൾ

അഗതിമന്ദിരങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട് എന്നതിനാൽ, അവിടെ ജീവിക്കുന്നവർക്ക് പെൻഷൻ നൽകേണ്ടതില്ല എന്ന വിശദീകരണമാണ് സർക്കാർ നൽകിയത്. എന്നാൽ, 1800 സ്ഥാപനങ്ങളിൽ കേവലം 20 ശതമാനത്തിന് മാത്രമാണ് ഗ്രാന്റ് അനുവദിക്കപ്പെട്ടിരുന്നത് എന്നുള്ളതാണ് വാസ്തവം. അവർക്കുപോലും ലഭിച്ചിരുന്ന ഗ്രാന്റ് വളരെ അപര്യാപ്തമായ തുകയായിരുന്നു എന്നുള്ളത് മാത്രമല്ല, മാസങ്ങൾ കൂടുമ്പോൾ നിരവധി തവണ ഓഫീസുകൾ കയറിയിറങ്ങിയാൽ മാത്രമാണ് പലർക്കും അത് ലഭിച്ചിരുന്നതും. അത്തരമൊരു നാമമാത്ര സാമ്പത്തികസഹായത്തിന്റെ പേരിലാണ് ആയിരക്കണക്കിന് പേർ ന്യായമായും അർഹിക്കുന്ന പെൻഷൻ നിർദാക്ഷിണ്യം നിർത്തലാക്കപ്പെട്ടത്. നിരവധി കോണുകളിൽനിന്ന് പ്രതിഷേധം ഉയർന്നെങ്കിലും ആ തീരുമാനം പുനഃപരിശോധിക്കാൻ ഇനിയും സർക്കാർ തയ്യാറായിട്ടില്ല.

പെൻഷൻ നിർത്തലാക്കി ഒരു വർഷം പിന്നിടുന്നതിന് മുമ്പാണ്, അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും റേഷൻ നൽകേണ്ടതില്ല എന്ന നിലപാട് ഇപ്പോൾ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഒരു അന്തേവാസിക്ക് പ്രതിമാസം 10. 5 കിലോ അരിയും 4.5 കിലോ ഗോതമ്പുമാണ് റേഷൻ പെർമിറ്റ് പ്രകാരം ലഭിച്ചിരുന്നത്. 2015 വരെ ഒരു രൂപയ്ക്ക് നൽകിയിരുന്ന അരിക്ക് പിന്നീട് 5.65 രൂപയായി. എങ്കിലും അഗതിമന്ദിരങ്ങളുടെ ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ആ റേഷൻ നിർണ്ണായകമായ ഒരു പിൻബലമായിരുന്നു. വാസ്തവത്തിൽ ഒരുരൂപപോലും വിലയായി വാങ്ങാതെ ഉപാധിരഹിതമായി സർക്കാർ അനുവദിക്കേണ്ടിയിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളാണ് ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നത്. ഭക്ഷണവും പാർപ്പിടവും പൗരന്മാരുടെ അടിസ്ഥാന അവകാശങ്ങളായിരിക്കെ. ദുർബല വിഭാഗങ്ങളോടുള്ള സർക്കാരിന്റെ ഇത്തരം ജനവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ചിലരുടെ കഠിനാധ്വാനം കൊണ്ടു മാത്രം പ്രവർത്തിച്ചുവരുന്ന നിരാശ്രയ ഭവനങ്ങളിൽ പലതും അന്തേവാസികൾക്ക് ഭക്ഷണം നല്കാനില്ല എന്ന കാരണത്താൽ പൂട്ടേണ്ടതായി വരാനിടയുണ്ട്. അത്തരത്തിൽ തെരുവിലേക്കിറങ്ങേണ്ടിവന്നേക്കാവുന്ന ആയിരങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തായിരിക്കും?

### അംഗീകരിക്കാനാവാത്ത നിലപാടുകൾ

സാമ്പത്തിക പ്രതിസന്ധിമൂലം ചെലവ് ചുരുക്കേണ്ടതുള്ളതിനാലാണ് ഇത്തരം തീരുമാനങ്ങൾ സ്വീകരിക്കുന്നതെന്ന ന്യായീകര



www.malankaralibrary.com



ണം ബാലിശമാണ്. മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും തുടങ്ങിയ ഭരണ സംവിധാനം പുതിയ വാഹനങ്ങൾ വാങ്ങുന്നതും, മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതും തുടങ്ങി ഒഴിവാക്കാമായിരുന്ന പലതിനും കൂടുതൽ പണം ചെലവഴിക്കുന്ന ഇതേകാലത്ത് തന്നെയാണ് വോട്ടുബാങ്ക് അല്ല എന്ന ഒറ്റക്കാരണത്താൽ ഒരു വലിയ വിഭാഗം നിരാശ്രയർ കുറ്റകരമായ രീതിയിൽ അവഗണിക്കപ്പെടുന്നതും. ഫലശൂന്യമായ ഇന്റർനാഷണൽ കോൺഫറൻസുകൾക്കും വിദേശ യാത്രകൾക്കും ഭരണ നേട്ടങ്ങളുടെ പരസ്യത്തിനും കോടികൾ ചെലവഴിക്കാൻ മടിക്കാത്ത സർക്കാർ ദരിദ്രരും രോഗികളുമായ കുറേപ്പേർ എങ്ങനെയെങ്കിലും ജീവിച്ചുകൊള്ളട്ടെ എന്ന നിലപാട് സ്വീകരിക്കുന്നതിനെ എങ്ങനെ ഉൾക്കൊള്ളാനാവും.

കേന്ദ്ര-കേരളസർക്കാരുകളുടെ നിയമനിർമ്മാണങ്ങളും നിലപാടുകളും ഒരിക്കലും തന്നെ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്ക് അനുകൂലമോ, അവരോട് അനുഭവം പുലർത്തുന്നതോ അല്ല. തികഞ്ഞ സുരക്ഷിത അന്തരീക്ഷത്തിൽ കുട്ടികളെ പരിപാലിച്ചിരുന്ന



നിരവധി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളാണ് ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ അടിച്ചേൽപ്പിക്കലിലൂടെ അവസാനിപ്പിക്കേണ്ടതായി വന്നത്. മികച്ചൊരു ഭവനാന്തരീക്ഷത്തിൽ വളർന്നിരുന്ന കുഞ്ഞുങ്ങളിൽ അനേകർ കേവലം 'സ്ഥാപനങ്ങളിലെ' അന്തേവാസികളായിമാറി. അവർക്കുണ്ടായിരുന്ന അമ്മമാർ നഷ്ടപ്പെട്ട് നിശ്ചിത ഡ്യൂട്ടി ടൈം പാലിക്കുന്ന ആയമാർ ആ സ്ഥാനത്തെത്തി. നിയമങ്ങളിലൂടെയും നയംമാറ്റങ്ങളിലൂടെയും നഷ്ടപ്പെടുന്നത് എന്തൊക്കെയാണെന്നുള്ള നിരീക്ഷണം ഈ കാലഘട്ടത്തിൽ ഭരണകൂടങ്ങൾക്ക് ആവശ്യമാണ്. നഷ്ടങ്ങൾ പൊതുസമൂഹത്തിന്റെയാണ് എന്ന തിരിച്ചറിവ് ഒരുപക്ഷെ മാറ്റങ്ങൾക്ക് കാരണമായേക്കാം.

**അഭയമേകുന്നവർക്ക് അഭയമാകാൻ സർക്കാർ മടിക്കേണ്ടതില്ല**

ക്രൈസ്തവ സന്യസ്തരും കത്തോലിക്കാ സഭയും നൂറ്റാണ്ടുകളായി നടത്തിവരുന്ന ഈ സേവനപ്രവൃത്തിയുടെ മാതൃക ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. വിവിധ ലോകരാജ്യങ്ങളിൽ മാത്രമല്ല, ഇന്ത്യയിലെമ്പാടും പ്രവർത്തിക്കുന്ന ആയിരക്കണക്കിന് അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും വഴി അഭയം ലഭിച്ചിട്ടുള്ളവരും മനുഷ്യോചിതമായി സമാധാനത്തോടെ മരിക്കാൻ കഴിഞ്ഞിട്ടുള്ളവരും തെറ്റുകൾ തിരുത്തി നന്മയിലേക്ക് കടന്നുവന്നിട്ടുള്ളവരും രോഗവിമുക്തിനേടിയിട്ടുള്ളവരും എണ്ണമറ്റ സംഖ്യയുണ്ട്. അടിസ്ഥാന ഉത്തരവാദിത്തങ്ങളിൽ സർക്കാരുകളെ ഇത്രമാത്രം പിന്തുണയ്ക്കുന്ന മറ്റൊരു സമൂഹമുണ്ടാവില്ല. അതിനുതക്ക പിന്തുണ അവർക്കും ഉറപ്പുവരുത്തേണ്ടത് തങ്ങളുടെ തന്നെ ഉത്തരവാദിത്തമാണെന്ന് ഭരണാധികാരികൾ തിരിച്ചറിയണം.

സ്ഥാപനങ്ങളുടെയോ, സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളുടെയോ അല്ല, അവിടങ്ങളിൽ സുരക്ഷിതമായി ജീവിക്കുന്ന കുറേയേറെപ്പേരുടെ ഭാവിയാണ് ഇന്ന് ചോദ്യം ചെയ്യപ്പെടുന്നത്. നിസ്സാരവും ഭരണഘടനാവിരുദ്ധവുമായ ന്യായീകരണങ്ങൾ നിരത്തി അപക്വമായ തീരുമാനങ്ങൾ പതിവായി സ്വീകരിച്ച് അനേകരെ ആശങ്കയിലാഴ്ത്തുന്ന ശൈലി സർക്കാർ ഉപേക്ഷിക്കുകതന്നെ വേണം. യഥാർത്ഥത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടവരെ തിരിച്ചറിഞ്ഞ് നയങ്ങൾ തിരുത്താൻ തയ്യാറാകണം. കോവിഡ് കാലത്ത് അതിഥി തൊഴിലാളികൾക്ക് പോലും അഭയവും ആശ്രയവും ഒരുക്കി അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയ കേരള സർക്കാർ, ദുർബലരും നിരാലംബരുമായ പാവങ്ങളെ ദ്രോഹിക്കുന്ന, ഒരുതരത്തിലും ന്യായീകരിക്കാനാവാത്ത നയങ്ങളിൽനിന്നും നിലപാടുകളിൽ നിന്നും അടിയന്തരമായി പിന്മാറുക തന്നെ ചെയ്യണം.

www.malankaralibrary.com

# അഗതിമന്ദിരങ്ങളിലെ അന്തേവാസികളോട് സർക്കാർ കാണിക്കുന്നത് കുറ്റകരമായ നീതിനിഷേധം

- ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കണക്കുകൾ പ്രകാരം (2020 21), കേരളത്തിൽ വിവിധ വിഭാഗങ്ങളിലായി 2091 സ്ഥാപനങ്ങളാണുള്ളത്.
- വൃദ്ധ സദനങ്ങൾ – 578 എണ്ണമുള്ളതിൽ 17252 അന്തേവാസികളുണ്ട്.
- ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ – 225 എണ്ണം, അന്തേവാസികൾ 8718
- മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ – 47, അന്തേവാസികൾ 936.
- ഭിക്ഷക്കാർക്കുള്ള റിഹാബിലിറ്റേഷൻ സെന്ററുകൾ – 11, അന്തേവാസികൾ 777
- ഫൗണ്ട്ലിങ് ഹോമുകളും ഓർഫനേജുകളും – 1193 , അന്തേവാസികൾ 51422
- മറ്റു ഹോമുകൾ – 37, അന്തേവാസികൾ 1056

☐ കുട്ടികളല്ലാത്ത, പ്രത്യേക പരിഗണന ആവശ്യമുള്ളവർ കണക്കുകൾ പ്രകാരം 28739 പേർ വരും. അഗതിമന്ദിരങ്ങളിലെ അന്തേവാസികളാണ് എന്ന കാരണത്താൽ സാമൂഹ്യസുരക്ഷാ പെൻഷൻ കഴിഞ്ഞവർഷം മുതൽ നിഷേധിക്കപ്പെട്ടിരിക്കുന്നവരാണ് ഇവർ. അതിന് സർക്കാർ പറയുന്ന കാരണം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട് എന്നുള്ളതാണ്.

☐ തങ്ങൾ പരിപാലിക്കുന്ന അന്തേവാസികളുടെ എണ്ണത്തിന് അനുസരിച്ച് സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്നതാണ് ഗ്രാന്റ് തുക. നിലവിലെ സ്ഥിതിയനുസരിച്ച്, ഗ്രാന്റ് അനുവദിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിൽ ഒരാൾക്ക് 1100 രൂപയാണ് നൽകിവരുന്നത്. ഒരു വ്യക്തിക്കായി സ്ഥാപനത്തിന് ചെലവഴിക്കേണ്ടതായി വരുന്ന സംഖ്യയിൽ സർക്കാർ വഹിക്കുന്ന ഷെയറായി അതിനെ കാണാം.

☐ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കപ്പെട്ടിരിക്കുന്നത് ആകെയുള്ള സ്ഥാപനങ്ങളുടെ 40 ശതമാനത്തിന് മാത്രമാണ്. അതിൽത്തന്നെ, നല്ലൊരു വിഭാഗത്തിന് പലവിധ തടസ്സങ്ങളാൽ വർഷങ്ങളായി ലഭിക്കുന്നില്ല. ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് വർഷങ്ങൾ കൂടുമ്പോൾ, ഒട്ടേറെ പരിശ്രമങ്ങൾക്ക് ഒടുവിൽ മാത്രമാണ് ലഭിക്കുന്നത്.

☐ 2014 ന് ശേഷം ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് ഒന്നിനും ഗ്രാന്റിന് അപേക്ഷിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. അന്തേവാസികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഗ്രാന്റിൽ വർദ്ധന വരുത്താൻ കഴിഞ്ഞ ഏഴുവർഷത്തിനിടെ സർക്കാർ തയ്യാറായിട്ടില്ല.

☐ ഫലത്തിൽ ചെറിയൊരു വിഭാഗത്തിന് മാത്രമാണ് നാമമാത്രമായെങ്കിലും ഗ്രാന്റ് ലഭിക്കുന്നത്.

☐ ഗ്രാന്റ് തുകയ്ക്ക് കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടില്ല. മുമ്പ് ഒരു വ്യക്തിക്ക് 250 രൂപ മാത്രമായിരുന്നത്, 2015 ൽ 1000 രൂപയാക്കി വർദ്ധിപ്പിക്കുകയുണ്ടായിരുന്നു. പിണറായി മന്ത്രിസഭ അധികാരത്തിൽ വന്നതിന് ശേഷം കഴിഞ്ഞ ഏഴു വർഷങ്ങൾക്കിടെ വർദ്ധിപ്പിച്ചത് കേവലം 100 രൂപ മാത്രമാണ്.

☐ സാമൂഹിക ക്ഷേമ പെൻഷൻ ഒരു വ്യക്തിക്ക് ലഭിക്കുന്ന സാമ്പത്തികസഹായമാണ്. പ്രതിമാസം 1600 രൂപയാണ് ഇപ്പോൾ ഒരു വ്യക്തിക്ക് ലഭിക്കേണ്ട പെൻഷൻ. വ്യക്തിപരമായ ആവശ്യങ്ങൾക്ക് മാത്രമാണ് അത് ഉപയോഗിക്കപ്പെടുന്നത്.

☐ അനാഥരും ഉപേക്ഷിക്കപെട്ടവരുമായ 28739 പേർക്ക് സാമൂഹിക ക്ഷേമ പെൻഷൻ നിഷേധിച്ചിരിക്കുന്നതിലൂടെ സ്വന്തമായി യാതൊന്നും ഇല്ലാത്ത അവസ്ഥയിലേക്കാണ് സർക്കാർ അവരെ എത്തിച്ചിരിക്കുന്നത്.

☐ അഗതിമന്ദിരങ്ങളിലെ അന്തേവാസികൾ എന്ന കാരണത്താൽ പെൻഷൻ നിഷേധിക്കപ്പെടുന്നതിനാൽ, ബന്ധുക്കൾക്കൊപ്പം തിരികെ ഭവനങ്ങളിലേയ്ക്ക് പോകുന്നവർക്ക് പിന്നീടും പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥയുമുണ്ട്.

* കേന്ദ്ര സർക്കാരിന്റെ വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തിയാണ് ഇത്തരം സ്ഥാപനങ്ങൾക്ക് റേഷൻ പെർമിറ്റ് നൽകിയിരുന്നത്. കേന്ദ്രസർക്കാർ വെൽഫെയർ സ്കീം നിർത്തലാക്കിയതിനാൽ സ്ഥാപനങ്ങൾക്കുള്ള റേഷൻ നിറുത്തുകയാണെന്ന് സപ്ലൈ ഓഫീസർമാർക്ക് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ റേഷൻ കടയിലെത്തിയ സ്ഥാപന അധികൃതർക്ക് ലഭിച്ച വിവരവും, ഇനി ഒരറിയിപ്പുണ്ടാകാതെ റേഷൻ ലഭിക്കുകയില്ല എന്നാണ്.

* ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കണക്ക് അനുസരിച്ച്, 80161 പേരാണ് ഈ തീരുമാനം മൂലം ദുരിതത്തിൽ അകപ്പെടുന്നത്. പ്രാദേശികമായ സഹായങ്ങൾക്കൊണ്ട് മുന്നോട്ടുപോകുന്ന വലിയൊരു ശതമാനം സ്ഥാപനങ്ങൾക്കും റേഷനായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യസുരക്ഷയ്ക്ക് പ്രധാന ഘടകമായിരുന്നു. ഏതൊരു ഗവണ്മെന്റും ഈ വിഭാഗത്തിൽ പെട്ടവർക്ക് സൗജന്യമായി അനുവദിക്കുന്ന അരി പോലുള്ള ഭക്ഷ്യവസ്തുക്കൾ വിലയ്ക്കാണ് (5. 65 രൂപ/ കിലോഗ്രാം) നൽകിയിരുന്നതെന്ന് മാത്രമല്ല, ഇപ്പോൾ നിർത്തലാക്കുകയും ചെയ്തിരിക്കുന്നത് ക്രൂരതയാണ്.

2091 സ്ഥാപനങ്ങളിലായി ജീവിച്ചുവരുന്ന 80161 പേരെയും അവരെ പരിപാലിക്കുന്ന മാനേജ്മെന്റുകളെയും പൂർണ്ണമായി അവഗണിക്കുന്ന സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. കുടുംബാംഗങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും ഉപേക്ഷിച്ചവരും അനാഥരും രോഗികളും വൃദ്ധരുമായ ഇവർക്കുമേൽ സർക്കാരിന് ഉത്തരവാദിത്തമേതുമില്ല എന്ന് വരുന്നത് തികച്ചും ജനാധിപത്യവിരുദ്ധവും ഭരണഘടനാ വിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണ്. റേഷനും പെൻഷനും നിർത്തലാക്കിയ നടപടികൾ പിൻവലിക്കുക മാത്രമല്ല, എല്ലാ സ്ഥാപനങ്ങൾക്കും കൃത്യമായി ഗ്രാന്റ് നൽകുകയും അർഹിക്കുന്ന എല്ലാ ആനുകൂല്യങ്ങളും എല്ലാവർക്കും ഉറപ്പുവരുത്തുകയും വേണം. ദുർബലരുടെ ജീവിതസുരക്ഷ ഉറപ്പുവരുത്താൻ സർക്കാരിന് കഴിയണം.

www.malankaralibrary.com



## അനാഥാലയങ്ങളോടും അഗതിമന്ദിരങ്ങളോടുമുള്ള സർക്കാരിന്റെ നിഷേധാത്മക നിലപാട് പ്രതിഷേധാർഹം: കെസിബിസി ജാഗ്രതാ കമ്മീഷൻ

അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും കാലങ്ങളായി നൽകി പോന്നിരുന്ന റേഷൻ വിഹിതം നിർത്തലാക്കിയ സർക്കാർ നടപടി അപലപനീയമാണ്. കേന്ദ്ര വിഹിതം ഇനി ലഭിക്കില്ല എന്ന കാരണമാണ് ഇപ്പോഴത്തെ നടപടിക്ക് കേരള സർക്കാർ നൽകുന്ന വിശദീകരണം. കേരളത്തിലെ 1800 ഓളം വരുന്ന സ്ഥാപനങ്ങളിലെ മറ്റ് ആശ്രയങ്ങളില്ലാത്ത ഒരുലക്ഷത്തോളം പേരോടുള്ള ഉത്തരവാദിത്തം കേന്ദ്രസർക്കാരിന് മാത്രമാണോ ഉണ്ടായിരിക്കേണ്ടത് എന്ന ചോദ്യത്തിന് ഭരണാധികാരികൾ ഉത്തരം നൽകേണ്ടതുണ്ട്. കഴിഞ്ഞവർഷം ജൂലായ് മാസമാണ് ഇത്തരം ഭവനങ്ങളിൽ കഴിയുന്നവർക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ സർക്കാർ നിർത്തലാക്കിയത്. സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട് എന്നായിരുന്നു അതിന് നൽകിയ വിശദീകരണം. എന്നാൽ, ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ 20 ശതമാനത്തിന് മാത്രമാണ് നാമമാത്രമായെങ്കിലും സർക്കാർ ഗ്രാന്റ് ലഭിക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾക്കും നടത്തിപ്പുകാർക്കും വീണ്ടും ഒരു കനത്ത ആഘാതമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്.

ഇന്ന് കേരളത്തിലെ നിരത്തുകളിൽനിന്ന് മനസികരോഗികളും വൃദ്ധരും അവശരുമായ അനേക അനാഥർ അപ്രത്യക്ഷമായതിന് പിന്നിൽ അവരുടെ പരിപാലനയുടെ ചുമതല ഏറ്റെടുക്കാൻ തയ്യാറായവരുടെ സന്നദ്ധത മാത്രമാണുള്ളത്. അത്തരത്തിൽ അനേകർ മുന്നോട്ടുവന്നത് ഏറ്റവുമധികം സഹായമായിട്ടുള്ളത് സർക്കാരിനാണ്. വാസ്തവത്തിൽ, ഇത്തരം പതിനായിരക്കണക്കിന് പേരെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളിൽ ചെറിയൊരു വിഹിതം മാത്രമാണ് റേഷൻ, ഗ്രാന്റ് എന്നിവയായി സർക്കാർ നൽകുന്നത്. ചികിത്സയും, ശമ്പളവും, നിർമ്മിതികളും, മറ്റ് ചെലവുകളും തുടങ്ങി കൂടുതൽ പങ്കും കണ്ടെത്തേണ്ടത് സ്ഥാപനങ്ങൾ തന്നെയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ, റേഷൻ തുടങ്ങിയ രീതികളിൽ സർക്കാർ നൽകി വന്നിരുന്ന ചെറിയ പിന്തുണയും നിർത്തലാക്കുന്നതിലൂടെ, പ്രതിഫലം പ്രതീക്ഷിക്കാതെ അത്തരക്കാർക്കുവേണ്ടി ജീവിക്കാൻ തയ്യാറായിട്ടുള്ളവരിൽനിന്ന് സർക്കാർ നിഷ്കരുണം മുഖം തിരിക്കുകയാണ്. ഈ നിലപാട് അംഗീകരിക്കാനാവുന്നതല്ല. അത്തരം സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കേറ്റ് നൽകുന്ന ഏജൻസി മാത്രമായി സർക്കാർ തരംതാഴുന്നത് ഈ പരിഷ്കൃത സമൂഹത്തിൽ ലജ്ജാകരവുമാണ്.

വിവിധ കോവിഡ് പ്രതിസന്ധികളിൽനിന്ന് ഇനിയും വിമുക്തമായിട്ടില്ലാത്ത, സാമ്പത്തികമായും മറ്റ് വിവിധ രീതികളിലും വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സ്ഥാപനങ്ങളെ കൂടുതൽ സമ്മർദ്ദത്തിലാഴ്ത്തുന്ന നിലപാടുകളിൽനിന്ന് സർക്കാർ പിന്തിരിയണം. ഈ നാട്ടിലെ ഏതൊരു പൗരനും അർഹിക്കുന്ന ആനുകൂല്യങ്ങളെങ്കിലും അവർക്ക് നൽകാനും, സുരക്ഷിതമായും മാന്യമായും ജീവിക്കാൻ അവർക്ക് കഴിയുന്നു എന്ന് ഉറപ്പുവരുത്താനും സർക്കാർ തയ്യാറാകണം. (06/07/2022)

---

## ക്രൈസ്തവർക്കു നേരെയുള്ള അതിക്രമങ്ങൾ മതസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ്

കൊച്ചി: ക്രൈസ്തവർ നേരിടുന്ന വ്യാപകമായ അക്രമങ്ങളിൽ കേരള കാത്തലിക് ഫെഡറേഷൻ പ്രതിഷേധവും ഉത്ക്കണ്ഠയും രേഖപ്പെടുത്തി. നൈജിരിയായിലെ ക്രൈസ്തവ കൂട്ടക്കുരുതി ആവർത്തിക്കാതിരിക്കാൻ അന്താരാഷ്ട്ര സമൂഹം ഇടപെടണമെന്ന് യോഗം ആവശ്യപ്പെട്ടു. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾ തടയുന്നതിന് കേന്ദ്രസർക്കാർ സത്വരനടപടികൾ കൈക്കൊള്ളണമെന്ന് യോഗം അഭ്യർത്ഥിച്ചു.

പ്രൊഫ. കെ.എം. ഫ്രാൻസിസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, അഡ്വ. ജെസ്റ്റിൻ കരിപ്പാട്ട്, വി.പി. മത്തായി, രാജീവ് കൊച്ചുപറമ്പിൽ, വി.സി. ജോർജുകുട്ടി, ഈ.ഡി. ഫ്രാൻസിസ്, അഡ്വ. വൽസ ജോൺ, ഷിജി ജോൺസൺ, തൊമ്മി പിടിയാത്ത്, ബാബു അമ്പലത്തുംകാല, തൊമ്മി പിടിയാത്ത്, പി.കെ. ജോസഫ്, ധർമരാജ്, ജെസ്റ്റിൻ ആന്റണി എന്നിവർ പ്രസംഗിച്ചു.

കേരള വികസന സെമിനാർ 2022 വിപുലമായ രീതിയിൽ 2022 ജൂൺ 25ന് പി.ഒ.സിയിൽ വച്ച് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ യോഗം വിലയിരുത്തി.(14/06/2022)

www.malankaralibrary.com



**ക്രൈസ്തവർക്കെതിരെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭീകരാക്രമണങ്ങൾ ലോകമനഃസാക്ഷി ഉണരണം: കെസിബിസി**

കൊച്ചി: നൈജീരിയയിൽ ക്രൈസ്തവർ ഇസ്ലാമിക ഭീകരരാൽ കൂട്ടക്കൊല ചെയ്യപ്പെടുന്നത് തുടരുകയാണ്. ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഇരുപതോളം പേരെ ഐഎസ് ഭീകരർ കഴുത്തറുത്ത് കൊല്ലുന്ന കാഴ്ച ലോകം വലിയ നടുക്കത്തോടെയാണ് കണ്ടത്. കഴിഞ്ഞ മാസങ്ങളിലായി ഒട്ടേറെപ്പേർ വിവിധ ഇടങ്ങളിൽ വച്ച് നിഷ്ഠൂരമായി കൊലചെയ്യപ്പെട്ടതിന് പുറമെ, കഴിഞ്ഞ ദിവസം പെന്തക്കുസ്ത തിരുനാളി നോടനുബന്ധിച്ച് ദൈവാലയത്തിലായിരുന്ന അമ്പതിലേറെപ്പേരാണ് ക്രൂരമായി കൊലചെയ്യപ്പെട്ടത്. നിരപരാധികളായ അനേകർ ക്രൈസ്തവവിശ്വാസികളായതിനാൽ മാത്രം കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ച അത്യന്തം വേദനാജകമാണ്. അനുദിനമെന്നോണം ഇസ്ലാമിക ഭീകരാക്രമണങ്ങൾ ലോകമെമ്പാടും വർദ്ധിച്ചു കൊണ്ടിരിക്കുന്നത് ലോകരാജ്യങ്ങൾ അതീവ ഗൗരവമായെടുക്കേണ്ട വിഷയമാണ്. ഇത്തരം ഭീഷണികളിൽനിന്ന് നമ്മുടെ നാടും വിമുക്തമല്ല എന്ന സൂചനയാണ് ചില സമീപകാല സംഭവങ്ങൾ നൽകുന്നത്. ഇത്തരം ഭീകര പ്രവർത്തനങ്ങൾ ഈ രാജ്യത്തെ സമാധാനകാംഷികളായ പൗരസമൂഹത്തെ ആശങ്കപ്പെടുത്തുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾ മാതൃകാപരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം അർഹിക്കുന്ന പ്രാധാന്യത്തോടെ ചർച്ചചെയ്യാനുള്ള ആർജ്ജവം മാധ്യമങ്ങൾക്ക് ഉണ്ടാകണം. പീഡിപ്പിക്കപ്പെടുന്നവരും വധിക്കപ്പെടുന്നവരുമായ ദുർബ്ബലരോട് പക്ഷം ചേരുവാനും, മതമൗലിക വാദത്തെയും ഭീകരപ്രവർത്തനങ്ങളെയും തുടച്ചുനീക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളാൻ ഭരണകർത്താക്കളെ പ്രേരിപ്പിക്കേണ്ടതിന് മാധ്യമങ്ങളുടെ ഇടപെടൽ അത്യന്താപേക്ഷിതമാണ്. ലോകവ്യാപകമായി നടത്തപ്പെടുന്ന ഭീകരപ്രവർത്തനങ്ങളെ നേരിടുവാൻ ലോക രാഷ്ട്രങ്ങൾ ഒരുമിക്കണം.(06/06/2022)

---

**ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിക്കുന്നത് ആശങ്കാജനകം**

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായി വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ കെസിബിസി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. കഴിഞ്ഞ പെന്തക്കുസ്താതിരുനാളിൽ നൈജീരിയായിലെ ഓവോയിലെ സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽ മതതീവ്രവാദികൾ നടത്തിയ വെടിവെയ്പിൽ 50ൽ പരം ക്രൈസ്തവർ കൊല്ലപ്പെട്ട ദാരുണ സംഭവം ഇതിനുള്ള ഏറ്റവും പുതിയ ഉദാഹരണമാണ്. 2021 മുതൽ ഇതിനോടകം 6000ൽ പരം ക്രൈസ്തവർ നൈജീരിയായിൽ മാത്രം നിഷ്ഠൂരമായി കൂട്ടക്കൊല ചെയ്യപ്പെട്ടിട്ടും കേരളത്തിലെ മാധ്യമങ്ങൾ ഇത്തരം സംഭവങ്ങളിൽ പുലർത്തുന്ന മൗനവും നിസ്സംഗതയും ഏറെ ദു:ഖകരമാണ്. മതതീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നതും മഹത്വവൽക്കരിക്കുന്നതുമായ സംഭവങ്ങൾ കേരളത്തിലും വർദ്ധിച്ചുവരുന്നത് ആശങ്കജനകമാണെന്നും കെസിബിസി വിലയിരുത്തുന്നു. മതതീവ്രവാദ നിലപാടുകൾക്കെതിരേ സർക്കാർ മുഖം നോക്കാതെ നടപടി സ്വീകരിക്കണം. .(09/06/2022)

---

**സർക്കാരിന്റെ മദ്യനയം ഇരട്ടത്താപ്പ്: ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്**

കൊച്ചി: സർക്കാരിന്റെ മദ്യനയം ഇരട്ടത്താപ്പാണെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പറഞ്ഞു.

പാലാരിവട്ടം പിഒസിയിൽ ചേർന്ന കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന സർക്കാർ ഘട്ടംഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കി കൊല്ലുന്ന നയങ്ങളാണ് ആവിഷ്ക്കരിക്കുന്നത്. മദ്യലഭ്യത വർധിപ്പിച്ചശേഷം മദ്യഉപഭോഗം കുറയ്ക്കണ മെന്നത് വ്യാമോഹം മാത്രമാണ്. നാട് മുടിഞ്ഞാലും വ്യക്തികൾ നശിച്ചാലും ഖജനാവ് നിറയണം എന്ന ചിന്ത

ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. പ്രകടന പത്രികയിൽ പറഞ്ഞതുപോലെ മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ബിഷപ് തുടർന്നു പറഞ്ഞു.

സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ വാർഷിക റിപ്പോർട്ടും സംസ്ഥാന ട്രഷറർ തോമസ്കുട്ടി മണക്കുന്നേൽ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. രാ

www.malankaralibrary.com



വിലെ നടന്ന പഠനശിബിരത്തിൽ "മദ്യനയത്തിന്റെ കാണാച്ചരടുകൾ" എന്ന വിഷയത്തിൽ സംസ്ഥാന വക്താവ് അഡ്വ. ചാർളിപോൾ ക്ലാസ് നയിച്ചു. പ്രോഗ്രാം സെക്രട്ടറി സി.എക്സ്. ബോണി, ആനിമേറ്റർ സിസ്റ്റർ അന്നാ ബിന്ദു, ജെസി ഷാജി, കെ.എസ്. കുര്യാക്കോസ്, സിബി ഡാനിയേൽ, ജോസ് കവിയിൽ, അന്തോണിക്കുട്ടി ചെതലൻ, സി.പി. ഡേവീസ്, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോയി പടിയാർത്ത് എന്നിവർ പ്രസംഗിച്ചു.

ആഗോള ലഹരി വിരുദ്ധദിനമായ ജൂൺ 26ന് പ്രതിഷേധ സദസ്സുകളും ലഹരിവിരുദ്ധ റാലികളും സംഘടിപ്പിക്കാൻ തീരുമാനിച്ചു. 32 രൂപതകളിൽ നിന്ന് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. (14/06/2022)

---

## ജീവനോപാധികൾ നഷ്ടപ്പെടുത്തിയുള്ള വികസനം അംഗീകരിക്കാനാവില്ല: ബിഷപ് മാർ മഠത്തിക്കണ്ടത്തിൽ

കൊച്ചി: മനുഷ്യന്റെ വാസസ്ഥലവും, പ്രാഥമിക ജീവനോപാധികകളായ കൃഷി, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം എന്നിവ ഇല്ലാതാക്കി കൊണ്ടുള്ള ഏതൊരു തരത്തിലുള്ള വികസനവും, വിനാശ വികസനം മാത്ര മായിരിക്കുമെന്ന് കേരള കത്തോലിക്ക മെത്രാൻ സംഘം അല്മായ കമ്മീഷൻ ചെയർമാനും കോതമംഗലം രൂപത മെത്രാനുമായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അഭിപ്രായപ്പെട്ടു. കേരള കാത്തലിക് ഫെഡറേഷൻ എറണാകുളം പി ഒ സി യിൽ സംഘടിപ്പിച്ച സംസ്ഥാനതല വികസന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.കെ.സി. എഫ് സംസ്ഥാന പ്രസിഡണ്ട് പ്രൊഫ.കെ.എം. ഫ്രാൻസീസ് അധ്യക്ഷത വഹിച്ചു .കെ സി ബി സിസെക്രട്ടറിജനറൽ ബിഷപ്പ് ജോസഫ് മാർതോമസ് അനുഗ്രഹ പ്രഭാഷണം നടത്തി.കെ സി ബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി പാലയ്ക്കപ്പള്ളി ആമുഖ പ്രഭാഷണം നടത്തി .ഐടി മിഷൻ ഉപദേഷ്ടാവായിരുന്ന ജോസഫ് സി മാത്യു കെ റെയിൽ സാമൂഹിക ആഘാത പഠനം എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. പുനരധിവാസ പാക്കേജു കളിലെചതിക്കുഴികൾ എന്ന വിഷയത്തെക്കുറിച്ച് ഫാ.മൈക്കിൾ പുളിക്കലും, കാർഷികമേഖലയിലെ പ്രതിസന്ധികൾ എന്ന വിഷയത്തെക്കുറിച്ച് ജോസുകുട്ടി ഒഴുകയിൽ ,മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധികൾ എന്ന വിഷയത്തെക്കുറിച്ച് അഡ്വ ഷെറി ജെ തോമസ് എന്നിവർ വിവിധ വിഷയാവതരണങ്ങൾക്ക് നേതൃത്വം നൽകി .കത്തോലിക്കകോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയനിലം, എംസിഎ ഗ്ലോബൽ ജനറൽ സെക്രട്ടറി വി.സി ജോർജ് കുട്ടി, കെ എൽ സി എ പ്രസിഡന്റ് ആന്റണി നെറോണ എന്നിവർ മോഡറേറ്റർ മാരായിരുന്നു. അഡ്വ.ജസ്റ്റിൻ കരിപ്പാട്ട്, വിപി മത്തായി, ഷിജി ജോൺസൺ ,ബാബു അമ്പലത്തുംകാല, വർഗീസ് കോയിക്കര ,രാജീവ് കൊച്ചുപറമ്പിൽ ,എൽദോസ്പൂ ക്കുന്നേൽ,ഫ്രാൻസീസ് കുളത്തിങ്കൽഎന്നിവർ പ്രസംഗിച്ചു. തൊമ്മി പിടിയത്ത്, ഇ ഡി ഫ്രാൻസീസ്, ജസ്റ്റീന ഇമ്മാനുവൽ, വത്സ ജോൺ എന്നിവർ വികസനസെമിനാറിന് നേതൃത്വം നൽകി. (26/06/2022)

---

## ദൈവവിശ്വാസം ഇല്ലാത്ത കുടുംബങ്ങൾക്ക് ആപത്ത് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ

കൊച്ചി: മക്കൾക്ക് ദൈവവിശ്വാസം പകർന്നു നല്കാതെ കൊടുക്കുന്ന വിദ്യാഭ്യാസം കുടുംബങ്ങളെ തകർച്ചയിലേക്ക് നയിക്കാൻ ഇടയുണ്ടെന്ന് കെസിബിസി ഫാമിലി കമ്മീഷൻ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പറഞ്ഞു. കെസിബിസി ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച വിവിധ രൂപതകളിലെ കുടുംബപ്രേഷിത രംഗത്ത് പ്രവർത്തിക്കുന്നവരുടെ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആഗോള കത്തോലിക്കാസഭയുടെ കുടുംബവർഷ സമാപനത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. പാലാരിവട്ടം പാസ്റ്റൽ ഓറിയന്റേഷൻ സെന്ററിൽ വച്ച നടന്ന സംഗമത്തിൽ കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ ജേക്കബ് പാലാക്കാപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു.

കുടുംബം ജാഗ്രത പുലർത്തേണ്ട ചില മേഖലകളെക്കുറിച്ച് കെസിബിസി ജാഗ്രത കമ്മീഷൻ സെക്രട്ടറി റവ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐയും പ്രോലൈഫ് ചിന്തകളെക്കുറിച്ച് കെസിബിസി പ്രോലൈഫ് ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടനും സഭാനവീകരണത്തെക്കുറിച്ച് കെസിബിസി ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറി റവ.

www.malankaralibrary.com



ഡോ. സ്റ്റാൻലി മാതിരപ്പിള്ളിയും വിശദീകരിച്ചു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, റവ. ഫാ. ജോസ് കിഴക്കേൽ, റവ. സി. സോളി ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു. കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുത്തത്. (31/7/2022)

**ഭാരതത്തിന്റെ മതേതര സ്വഭാവത്തെ ഹനിക്കുന്നവിധം ഉയർന്നുവരുന്ന പ്രവണതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയണം : കെ.സി.ബി.സി.**

1. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം പ്രമാണിച്ച് 'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിൽ നമ്മുടെ രാജ്യം വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത് പൗരന്മാരുടെ ആഹ്ലാദം വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ 75 വർഷങ്ങളിലൂടെ ഇന്ത്യയ്ക്ക് ഉണ്ടായിട്ടുള്ള വളർച്ച ലോകരാജ്യങ്ങൾക്കുമുമ്പിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തിയിരിക്കുന്നു. ഓരോ ഇന്ത്യൻ പൗരനും അഭിമാനിക്കാൻ തക്കവിധം ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും കാർഷിക-വ്യവസായ-വ്യാപാര-വിപണന രംഗങ്ങളിലും മറ്റു തലങ്ങളിലും വർദ്ധിച്ച തോതിൽ വളർച്ച നേടാൻ സാധിച്ചത് വലിയ നേട്ടമാണ്. എല്ലാറ്റിമുപരി ഇന്ത്യയുടെ ജനാധിപത്യ സംവിധാനം ലോകത്തിനുമുമ്പിൽ മാതൃകയായി നിലനിൽക്കുന്നുവെന്നതും ഇന്ത്യൻ ജനതയുടെ ജനാധിപത്യബോധത്തെ വെളിപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളതും ആമുഖത്തിൽ പറഞ്ഞിട്ടുള്ളതുമായ സാഹോദര്യവും സമത്വവും മതേതരത്വവും നിലനിർത്തിക്കൊണ്ട് ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി നിലകൊള്ളാനുള്ള പ്രതിജ്ഞ പുതുക്കാൻ ഈ അവസരത്തിൽ കഴിയട്ടെയെന്നാശംസിക്കുന്നു. ഭാരതത്തിന്റെ മതേതര സ്വഭാവത്തെ ഹനിക്കുന്നവിധം ഉയർന്നുവരുന്ന പ്രവണതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയണം.

2. കേരളത്തിലെ കർഷകരെ വലിയതോതിൽ ബാധിക്കുന്ന ബഫർസോൺ പ്രഖ്യാപനം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആശങ്കകളും ആധികളും പരിഹരിക്കാൻ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ പ്രയത്നിക്കണം. സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ കൃത്യമായ പഠനവിവരങ്ങളുടെ അടിസ്ഥാനത്തിൽ സെൻട്രൽ എംപവർ കമ്മിറ്റിക്കു നല്കേണ്ട റിപ്പോർട്ടു യഥാസമയം നൽകാൻ സർക്കാരിനു കഴിയണം. സർക്കാരിന്റെ ഭാഗത്തുനിന്നു അനുകൂല നടപടികൾ സത്വരമായി ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

3. തീരദേശത്തു വസിക്കുന്നവർ സർക്കാരിന്റെ മുന്നിൽ ഉയർത്തിയിട്ടുള്ള കാര്യങ്ങളിൽ സത്വരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണം. തീരശോഷണം സംബന്ധിച്ചു വിശദമായ പഠനം നടത്താനും അതിനുകാരണമായ കാര്യങ്ങൾ കണ്ടെത്തി പരിഹരിക്കാനും സർക്കാർ തയ്യാറാകണം.

4. വർദ്ധിച്ചതോതിലുള്ള മഴ 2018-ലെ പ്രളയ ദുരിതത്തെ ഓർമ്മിപ്പിക്കുന്നു. സർക്കാർ നൽകുന്ന മുന്നറിയിപ്പുകൾ അനുസരിച്ച് ജാഗ്രതയോടെ ആയിരിക്കാൻ ജനങ്ങൾ ശ്രദ്ധിക്കണം. മഴക്കാല കെടുതികൾക്കൊപ്പം രോഗങ്ങളും വ്യാപിക്കാൻ സാധ്യതയുണ്ട്. റോഡുകളുടെ ശോച്യാവസ്ഥ ദുരിതം വർധിപ്പിക്കുന്നു. സർക്കാർ സംവിധാനങ്ങൾ സാഹചര്യങ്ങൾക്കൊത്ത് ഉണർന്നു പ്രവർത്തിക്കണം. ജനങ്ങൾ ജാഗ്രത കൈവിടാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. സഭാസംവിധാനങ്ങളും സംഘടനകളും ജനങ്ങളുടെ രക്ഷക്കും സുരക്ഷിതത്വത്തിനുംവേണ്ടി ജാഗ്രതയോടെ പ്രവർത്തിക്കണം.

*5. കേരളസഭാനവീകരണം 2022-2025*: കേരളസഭാനവീകരണം വ്യക്തിപരമായ നവീകരണത്തിലേക്ക് ഓരോ വിശ്വാസിയെയും നയിക്കണം. അതിനു സഹായകരമായവിധം അഞ്ചു കാര്യങ്ങൾ നടപ്പിലാക്കാൻ കെ.സി.ബി.സി തീരുമാനിച്ചു. ***(1)*** നാൽപതുദിന പ്രാർത്ഥനാ-പരിത്യാഗ യജ്ഞം: 2022 സെപ്തംബർ 9-ാം തീയതി മുതൽ ഒക്ടോബർ 18 വരെയുള്ള നാൽപതുദിനങ്ങൾ പ്രാർഥനാ-പരിത്യാഗദിനങ്ങളായി പ്രഖ്യാപിച്ചു. ആ ദിവസങ്ങളിൽ ഓരോ രൂപതയും പ്രത്യേക ക്രമീകരണങ്ങളോടെ നാൽപതുദിന പ്രാർത്ഥനാ-പരിത്യാഗ യജ്ഞം നടത്തണം. ***(2)*** വിമലഹൃദയപ്രതിഷ്ഠ: ഒക്ടോബർ മാസം മുഴുവൻ കൊന്തനമസ്ക്കാരത്തോടെ മാതാവിന്റെ വിമലഹൃദയത്തിനു കേരളസഭയെ സമർപ്പിക്കുന്നു. ഒക്ടോബർ 31-ന് ഓരോ രൂപതയിലും രൂപതാകത്തീഡ്രലിൽ രൂപതാധ്യക്ഷൻ അർപ്പിക്കുന്ന ദിവ്യബലിമദ്ധ്യേ രൂപതയെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കും. പി.ഒ.സിയിൽ അർപ്പിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിമദ്ധ്യേ കേരളസഭയെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കും. ***(3)*** പൂർണ്ണദണ്ഡവിമോചനം : റോമിലെ അപ്പസ്തോലിക് പെനിറ്റൻഷറിയുടെ അനുവാദത്തോടെ നാൽപതുദിന പ്രാർത്ഥന-പരിത്യാഗ ദിനങ്ങളിൽ കുമ്പസാരിച്ച് കുർബാന സ്വീകരിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനം പ്രഖ്യാപിക്കും. ***(4)*** വൈദികർക്കുള്ള

www.malankaralibrary.com



പ്രത്യേക പ്രാർത്ഥനാദിനം: വൈദികർക്കുവേണ്ടി മാത്രമായി ഏകദിന പ്രാർത്ഥനാദിനം രൂപതാധ്യക്ഷന്മാർ പ്രഖ്യാപിക്കും. ***(5)*** ഇടയലേഖനം : ഇക്കാര്യങ്ങൾ അറിയിക്കുന്നതിനായി ഓരോ രൂപതാധ്യക്ഷനും തന്റെ രൂപതയിൽ ഇടയലേഖനം പുറപ്പെടുവിക്കും. മൂന്നുവർഷം നീണ്ടുനിൽക്കുന്ന നവീകരണയജ്ഞനത്തിനു രൂപതാപ്രതിനിധികളും സമർപ്പിത സമൂഹ പ്രതിനിധികളും കെ.സിബി.സി. കമ്മീഷൻ അംഗങ്ങളും മൂന്നു വ്യക്തിസഭാകാര്യാലയ ങ്ങളുടെ പ്രതിനിധികളും ഉള്പ്പെടുന്ന മേൽനോട്ടസമിതി നേതൃത്വം നല്കും. *(ആഗസ്റ്റ് മാസം ഒന്നാം തിയ്യതി മുതൽ അഞ്ചാം തിയ്യതിവരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനത്തെ തുടർന്നുള്ള പത്രക്കുറിപ്പ്)*

---

**കെസിബിസി പ്രതിനിധി സംഘം ബഫർസോൺ വിഷയത്തിൽ മുഖ്യമന്ത്രിയെ സന്ദർശിച്ചു**

കേരളത്തിലെ ജനങ്ങളെ ആകമാനം, വിശിഷ്യാ കർഷകരെയും സംരക്ഷിത വന മേഖലകളുടെ പരിസര പ്രദേശങ്ങളിൽ ജീവിക്കുന്നവരെയും പ്രതിസന്ധിയിൽ അകപ്പെടുത്തിയിരിക്കുന്ന ബഫർസോൺ വിഷയവുമായി ബന്ധപ്പെട്ട് കെസിബിസി പ്രതിനിധി സംഘം മുഖ്യമന്ത്രി ശ്രീ പിണറായി വിജയനെ സന്ദർശിച്ച് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു. അപ്രഖ്യാപിത കുടിയിറക്ക് വഴിയായി ലക്ഷക്കണക്കിന് പേർ ഭവനരഹിതരായി മാറിയേക്കാവുന്ന സാഹചര്യം പൂർണമായി ഒഴിവാക്കപ്പെടണമെന്ന് പ്രതിനിധി സംഘം മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. ഏറ്റവും മികച്ച രീതിയിൽ വനവും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടുന്ന കേരളത്തിൽ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ പരിഗണിച്ചുള്ള നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നത് സാമാന്യ നീതിയുടെ ലംഘനമാണെന്ന് പ്രതിനിധിസംഘം ചൂണ്ടിക്കാണിച്ചു. ഈ ഭീഷണിയെ അതിജീവിക്കുന്നതിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ പങ്കുവച്ച പ്രതിനിധി സംഘത്തെ മുഖ്യമന്ത്രി വളരെ അനുഭാവപൂർവ്വം ശ്രവിക്കുകയും കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പു നൽകുകയും ചെയ്തു.

മുഖ്യമന്ത്രിയെ സന്ദർശിച്ചതിനു ശേഷം വനം മന്ത്രി എ. കെ. ശശീന്ദ്രനെയും സന്ദർശിച്ച് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തു. തുടർന്ന്, പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെയും, സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനെയും സന്ദർശിച്ച പ്രതിനിധി സംഘം, ബഫർസോൺ വിഷയത്തിൽ ഇടപെടുന്നതിനുള്ള അഭിനന്ദനങ്ങൾ അറിയിച്ചതോടൊപ്പം, ഭരണ പ്രതിപക്ഷ കക്ഷികളുടെ പൂർണ പിന്തുണ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന ജനങ്ങൾക്ക് ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. (1/7/2022)

---

**നൈജീരിയയിൽ നടന്നത് അവർണനീയമായ ഭീകരതയെന്നു മാർപാപ്പ സാന്ത്വനമായി പാപ്പായുടെ അനുശോചനം**

വത്തിക്കാൻസിറ്റി: ഇസ്ലാമിക ഭീക്രാക്രമണത്തിൽ നൂറോളം കത്തോലിക്കാ വിശ്വാസികൾ കൊല്ലപ്പെട്ട സംഭവത്തിൽ മരിച്ചവർക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടും പരിക്കേറ്റവരെയും ദു:ഖിക്കുന്നവരെയും ആശ്വസിപ്പിച്ചു കൊണ്ടും ഫ്രാൻസിസ് മാർപ്പായുടെ സന്ദേശം. സംഭവം നടന്ന ഓൺഡെ രൂപതയിലെ മെത്രാന് അയച്ച സ്ന്ദേശത്തിലാണു പാപ്പാ തന്റെ പ്രാർഥനയും സാന്ത്വനവും അറിയിച്ചത്. വിദ്വേഷവും വെറുപ്പുകൊണ്ടും അന്ധരായവർക്കു മനംമാറ്റമുണ്ടാകട്ടെയെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. അവർണനീയമായ ഭീകരത എന്നാണ് അദ്ദേഹം കൂട്ടകൊലയെ വിശേഷിപ്പിച്ചത്. (ദീപിക 8/6/2022)

---

**അഭയകേസ് ശിക്ഷ മരവിപ്പിച്ചു**

കൊച്ചി: അഭയ കേസിൽ ഫാ. തോമസ് കോട്ടൂരിനും സിസ്റ്റർ സെഫിക്കും സിബിഐ കോടതി വിധിച്ച ജീവപര്യന്തം തടവുശിക്ഷ നടപ്പാക്കുന്നതു തടഞ്ഞ് ഹൈക്കോടതി. പ്രതിഭാഗം ചൂണ്ടിക്കാട്ടിയ വസ്തുതകളും പൊരുത്തക്കേടുകളും ഫലപ്രദമായി പ്രതിരോധിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ലെന്നു പ്രഥമദൃഷ്ട്യാ വ്യക്തമാണന്നു വിലയിരുത്തി ഡിവിഷൻ ബെഞ്ച് ജാമ്യം അനുവദിക്കുകയായിരുന്നു. (ദീപിക 24/6/2022)

www.malankaralibrary.com



**ആത്മ വിമർശനത്തിലൂടെ നവീകരണം സാധ്യമാക്കണം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**

കൊച്ചി : സഭാസംവിധാനങ്ങളും സംഘടനകളും മെത്രാന്മാരും വൈദികരും സന്യസ്തരും കുടുംബങ്ങളും ഒരു ആത്മവിമർശനത്തോടെ സ്വയം നവീകരിക്കപ്പെടാൻ അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥനയോടെ പ്രവൃത്ത്യുന്മുഖരായി സഭയെ നവീകരിക്കുകയും വേണമെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. മൂന്നുവർഷം നീണ്ടുനില്ക്കുന്ന കേരള സഭാനവീകരണകാലം ഇന്നലെ പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുക യായിരുന്നു അദ്ദേഹം. കോവിഡ്കാലം പൊതുസമൂഹത്തിലെന്നതുപോലെ സഭാതലത്തിലും പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാനിടയാക്കി. കോവിഡ് പ്രതിസന്ധി പൂർണ്ണമായും മാറിയിട്ടില്ലെങ്കിലും ജാഗ്രതയോടെ ഒരുമിച്ചുകൂടുന്നതിനും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും തടസ്സമില്ലാതായി തീർന്നിട്ടുള്ളതിനാൽ ഇടവകളും സ്ഥാപനങ്ങളും സംഘടനകളും കൂടുതൽ തീക്ഷ്ണതയോടെ സുവിശേഷ പ്രഘോഷണദൗത്യം നിർവ്വഹിക്കാൻ പ്രവർത്തനപദ്ധതികൾ രൂപപ്പെടുത്തുകയും, തിരുത്തപ്പെടേണ്ട മേഖലകളെ പ്രത്യേകം കണ്ടെത്തി പരിഹരിച്ച് സുതാര്യവും നിർമ്മലവുമായ സഭാസമൂഹത്തെ കൂടുതൽ ശോഭയോടെ നിലനിർത്താൻ പരിശ്രമിക്കുകയും വേണം. മൂന്നുവർഷം നീണ്ടുനില്ക്കുന്ന സഭാനവീകരണകാലം സഭകൾ തമ്മിലും, വൈദിക മേലധ്യക്ഷന്മാരും വൈദികരും സന്യസ്തരും അത്മായ സഹോദരരും തമ്മിലുമുള്ള അകലം കുറക്കുന്നതിനും സൗഹൃദം ആഴപ്പെടുത്തുന്നതിനും അനുരഞ്ജനത്തിനും തുറവിയോടെയുള്ള പങ്കുവയ്ക്കലിനുമുള്ള അവസരമായി മാറണം. പൗലോസ് ശ്ലീഹ ഓർമ്മിപ്പിച്ചിട്ടുള്ളതുപോലെ ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾപോലെ നാമെല്ലാവരും പരസ്പരം ചേർന്നു നില്ക്കേണ്ടവരും സഭാശരീരത്തെ പൂർണ്ണതയുള്ളതാക്കി തീർക്കേണ്ടവരുമാണ് എന്നും അദ്ദേഹം പറഞ്ഞു.
(08/06/2022)

---

**കെസിബിസി പ്രോലൈഫ് സമിതിയുടെ ജീവസമൃദ്ധി സംഗമം പാലാരിവട്ടം പിഒസിയിൽ നടന്നു.**

കൊച്ചി: കൂടുതൽ കുട്ടികളെ സ്വീകരിച്ച വലിയ കുടുംബങ്ങൾ രാജ്യത്തിൻറെ സമ്പത്തും സമൂഹത്തിന് മാതൃകയുമാണെന്ന് കെസിബിസി പ്രോലൈഫ് സമിതിയുടെ ചെയർമാൻ ബിഷപ്പ് റൈറ്റ് റവ. ഡോ. പോൾ ആൻറണി മുല്ലശ്ശേരി പറഞ്ഞു. വലിയ കുടുംബങ്ങളിലെ സന്തോഷം, പ്രത്യാശനിറഞ്ഞ കൂട്ടായ്മ കുടുംബത്തിൽ ആഹ്ളാദം നിറയ്ക്കുകയും, സമൂഹത്തിൽ വിവാഹം, കുടുംബം, എന്നിവയെക്കുറിച്ചുള്ള മനോഹരമായ സന്ദേശം നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു. കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പാലാരിവട്ടം പാസ്റ്ററൽ ഓറിയൻറേഷൻ സെൻററിൽ വച്ച് നടന്ന ജീവസമൃദ്ധി സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യരാണ് സമ്പത്തെന്നും രാജ്യത്തിൻറെ അടിസ്ഥാനം കുടുംബങ്ങളാണെന്നുമുള്ള കാഴ്ചപ്പാട് സമൂഹത്തിൽ സജീവമാക്കുന്ന പ്രോലൈഫ് പ്രവർത്തനങ്ങളുടെ പ്രസക്തി വർധിച്ചിരിക്കുന്നുവെന്നു അധ്യക്ഷ പ്രസംഗത്തിൽ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പറഞ്ഞു. ഉദരത്തിലെ കുഞ്ഞിന് ജനിക്കാനും ജീവിക്കാനും അവകാശമുണ്ടെന്ന് വിശ്വസിക്കുകയും അതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രോലൈഫ് പ്രവർത്തകരെ അദ്ദേഹം അഭിനന്ദിച്ചു.

കെസിബിസി പ്രസിഡൻറ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, കെസിബിസി ഫാമിലി കമ്മീഷൻ വൈസ് ചെയർമാൻ മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നിവർ അനുഗ്രഹ സന്ദേശം നൽകി. (4/9/2022)

---

**ഒക്ടോബർ 2 ഞായറാഴ്ച പ്രവൃത്തിദിനമാക്കാനുള്ള തീരുമാനം പ്രതിഷേധാർഹം: കെസിബിസി**

കൊച്ചി: വിവിധ കാരണങ്ങളുടെ പേരിൽ ഞായറാഴ്ചകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കും, ഉദ്യോഗസ്ഥർക്കും പ്രവൃത്തി ദിനമാക്കി നിശ്ചയിക്കുന്ന സംഭവങ്ങൾ പതിവായിരിക്കുന്നു. കഴിഞ്ഞ ജൂൺ മുപ്പത് ഞായറാഴ്ച കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രവൃത്തി ദിനമായി നിശ്ചയിക്കപ്പെടുകയുണ്ടായിരുന്നു. എല്ലാവർഷവും ഓണത്തോട് അനുബന്ധിച്ച്

www.malankaralibrary.com



രണ്ടാം ശനിയാഴ്ച നടത്തിയിരുന്ന വള്ളംകളി മത്സരം ഇത്തവണ ഒരു ഞായറാഴ്ചയാണ് നടത്തുകയുണ്ടായത്. മാത്രമല്ല വിവിധ മത്സരപരീക്ഷകൾക്കും മറ്റ് പരിപാടികൾക്കും ഞായറാഴ്ച്ച ദിവസങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന രീതിയും വർദ്ധിച്ചിരിക്കുകയാണ്.

ഇത്തവണ ഗാന്ധി ജയന്തിയോട് അനുബന്ധിച്ച് നിശ്ചയിച്ചിരിക്കുന്ന വിവിധ പരിപാടികൾ രണ്ടാംതിയ്യതി ഞായറാഴ്ച വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും പ്രവൃത്തി ദിനമാക്കി മാറ്റിക്കൊണ്ട് നടത്താനും മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു. ക്രൈസ്തവർ വളരെ പ്രാധാന്യം കൽപ്പിക്കുകയും പ്രത്യേകമായി ആചരിക്കുകയും ചെയ്യുന്ന ദിവസമാണ് ഞായറാഴ്ച്ച. അന്നേദിവസം ഔദ്യോഗിക പരിപാടികൾ ഒഴിവാക്കിയിരുന്ന മുൻകാലങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി ഞായറാഴ്ചകളിൽ നിർബ്ബന്ധിത പരിപാടികൾ നടപ്പാക്കുന്ന ശൈലിയാണ് വർദ്ധിച്ചുവരുന്നത്. ഇത്തരമൊരു പ്രവണതയോട് കേരള കത്തോലിക്കാ മെത്രാൻസമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം, ഒക്ടോബർ രണ്ടിന സംസ്ഥാന വ്യാപകമായി നിശ്ചയിച്ചിരിക്കുന്ന പരിപാടികൾ ഒക്ടോബർ ഒന്നോ, മൂന്നോ ഡേറ്റുകളിലായി പുനഃക്രമീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. (28/9/2022)

## മുപ്പത്തി മൂന്നാം കെസിബിസി നാടകമേളയുടെ സമാപനവും മാധ്യമ അവാർഡ് ദാനവും




പത്തുദിവസങ്ങളിലായി എറണാകുളം പാലാരിവട്ടം, പിഒസിയിൽ നടന്ന മുപ്പത്തിമൂന്നാം കെസിബിസി നാടക മേള സെപ്റ്റംബർ 30 ന് സമാപിച്ചു. സമാപന ചടങ്ങിനോടനുബന്ധിച്ച് കെസിബി നാടക - മാധ്യമ അവാർഡ് ദാനങ്ങൾ നടന്നു. രാജേഷ് ഇരുളം (മികച്ച സംവിധാനം), സതീഷ് കുന്നത്ത് (മികച്ച നടൻ), സന്ധ്യ മുരുകേഷ് (മികച്ച നടി) എന്നിവർക്കാണ് നാടക അവാർഡുകൾ നൽകപ്പെട്ടത്. കാഞ്ഞിരപ്പള്ളി അമലയുടെ കടലാസ്സിലെ ആന ആണ് മികച്ച നാടകം. മികച്ച രണ്ടാമത്തെ നാടകങ്ങൾ വള്ളുവനാട് ബ്രഹ്മയുടെ രണ്ടു നക്ഷത്രങ്ങൾ, ചങ്ങനാശ്ശേരി അണിയറയുടെ നാലുവരിപ്പാത എന്നിവയാണ്. ബെന്നി പി നായരമ്പലം, ടി എം എബ്രഹാം, ഷർലി സോമസുന്ദരം എന്നിവരുടെ ജൂറി ആണ് വിജയികളെ പ്രഖ്യാപിച്ചത്. ദിലീഷ് പോത്തൻ, അന്നാബെൻ, എഴുത്തുകാരൻ അബിൻ ജോസഫ് തുടങ്ങിയവർക്കുള്ള കെ സി ബി സി മാധ്യമ അവാർഡുകളും ഗുരുപൂജ പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.



*കെസിബിസി മാധ്യമ നാടക അവാർഡ് ജേതാക്കൾ*

www.malankaralibrary.com



# വികലമായ ചില പൊതുബോധങ്ങൾ അടിച്ചുറപ്പിക്കുന്ന 'കടുവ'

**വ**ളരെ ഉപരിപ്ലവമായ പ്രമേയവും, കഥാകഥനവും കൊണ്ട് രൂപപ്പെടുത്തിയിരിക്കുന്ന ഒരു ആക്ഷൻ സിനിമ എന്നതിനപ്പുറം ഒറ്റവാക്യത്തിൽ കടുവ എന്ന ചലച്ചിത്രത്തെ വിവരിക്കാനില്ല. രണ്ട് വിഷയങ്ങളാണ് സിനിമയെ മുന്നോട്ടുകൊണ്ടുപോകുന്നത്. ഒന്ന്, ക്രൈസ്തവ സമൂഹത്തെക്കുറിച്ചും കത്തോലിക്കാസഭയെക്കുറിച്ചും ചില തല്പര കക്ഷികൾ പറഞ്ഞു പരത്തിയിട്ടുള്ള കുറെയേറെ അവാസ്തവങ്ങൾ. രണ്ട് കുരുവിനാക്കുന്നേൽ കുറുവാച്ചൻ എന്ന വ്യക്തിയുടെ ജീവിതത്തിൽ സംഭവിച്ചതായി പറയപ്പെടുന്ന ചില അനുഭവങ്ങൾ. രണ്ടും തമ്മിലുള്ള സാമ്യം പള്ളിയും ക്രൈസ്തവ സമൂഹവുമായുള്ള ബന്ധമാണ്. ഇത്തരം ചില സംഭവങ്ങളെയും ആഖ്യാനങ്ങളെയും കൂട്ടിയിണക്കി പൃഥ്വിരാജ് എന്ന ആക്ഷൻ ഹീറോയുടെ ഒരു മാസ് മൂവി ഒരുക്കിയിരിക്കുകയാണ് സംവിധായകൻ ഷാജി കൈലാസ്. അത്തരം രംഗങ്ങൾ ഒരു ശരാശരി കാഴ്ചക്കാരന് ആസ്വദിക്കാനാവുന്നതാണ് എന്നുള്ളതാണ് സിനിമയുടെ ഏക പ്ലസ് പോയിന്റ്. നായകന്റെ ഹീറോ പരിവേഷംകൊണ്ട് ഫാൻസിനെ തൃപ്തിപ്പെടുത്തുന്നതിനപ്പുറം ആഴത്തിൽ ചിന്തിച്ചാൽ പൊരുത്തപ്പെടാനാവാത്ത നിരവധി ഘടകങ്ങൾ സിനിമയിലുണ്ട്.

ഭിന്നശേഷിക്കാരനായ ഒരു കുട്ടിയുടെ അവസ്ഥയെ മാതാപിതാക്കളുടെ പ്രവൃത്തിയുമായി ബന്ധിപ്പിച്ചുള്ള ഡയലോഗുകളും സീനുകളും വിവാദമായി മാറിയത് ഒരു ഉദാഹരണം മാത്രമാണ്. ചെറിയ വൈകല്യങ്ങളോടെ ജനിക്കുന്ന കുട്ടികളെ മാലാഖക്കുഞ്ഞുങ്ങളെപ്പോലെ കണ്ടു പരിപാലിക്കുന്നവരും, അവർക്കുവേണ്ടി മാത്രം ജീവിക്കുന്നവരുമായ അനേകായിരം മാതാപിതാക്കളുണ്ട് നമുക്കിടയിൽ. അത്തരക്കാർക്ക് ഇത്തരമൊരു പരാമർശം വലിയ വേദനയ്ക്ക് ഇടയാക്കിയിട്ടുണ്ടാകുമെന്ന് തീർച്ച. തികച്ചും അനാവശ്യവും സ്ക്രിപ്റ്റ് വായിച്ചാൽപ്പോലും ആർക്കും മനസിലാക്കാൻ കഴിയുന്ന വിധത്തിൽ മോശമായതുമായ അത്തരമൊരു ആശയം സംശയലേശമന്യേ അവതരിപ്പിച്ചിരിക്കുന്നതിലൂടെ തന്നെ തിരക്കഥയുടെ നിലവാരം മനസിലാക്കാം.

ക്രൈസ്തവ സമൂഹത്തെക്കുറിച്ചും കത്തോലിക്കാസഭയുടെ സംവിധാനങ്ങളെക്കുറിച്ചും ഘടനയെക്കുറിച്ചുമെല്ലാം വളരെ ഉപരിപ്ലവമായ ധാരണകൾ മാത്രമാണ് സിനിമയുടെ പിന്നണിപ്രവർത്തകർക്ക് ഉണ്ടായിരുന്നത് എന്ന് വ്യക്തം. ധാർമ്മികമായും, സംഘടനാപരമായും ആകെ തകർന്നതും വികലമായതുമായ ഒന്നാണ് സിനിമയിൽ ചിത്രീകരിച്ചിരിക്കുന്ന സഭാ സംവിധാനങ്ങൾ. ദേവാലയങ്ങളിലെ അന്തരീക്ഷങ്ങളും മെത്രാന്മാരുടെ ഇടപെടലുകളും വൈദികരുടെ പൊതുവായ നിലവാരവും തുടങ്ങി പലതും സിനിമയിൽ ആദ്യന്തം ചിത്രീകരിച്ചിരിക്കുന്നത് അത്തരത്തിലാണ്. മോശപ്പെട്ടവർ മാത്രമല്ല, നല്ലവരുമുണ്ട് എന്ന പതിവ് വാദത്തെ അടിവരയിട്ടുറപ്പിക്കും വിധത്തിൽ, ഇന്നസെന്റ് കൈകാര്യം ചെയ്യുന്ന ഒരു വൈദികവേഷവുമുണ്ട്. വാസ്തവത്തിൽ അത്തരം കഥാപാത്രങ്ങളെ ഇത്തരം സിനിമകളിൽ അവതരിപ്പിക്കുന്നത് പൗരോഹിത്യത്തിന്റെയും സഭയുടെയും നന്മ ചൂണ്ടിക്കാണിക്കാനല്ല, മറിച്ച്, മൊത്തം സംവിധാനങ്ങൾ മോശമാണെന്ന് പറയിപ്പിക്കാനായിട്ടാണ്. അതുതന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്.

**ഇതുവരെ കാണാത്ത രീതിയിൽ വില്ലൻപരിവേഷത്തിൽ ഒരു വൈദികൻ തല്ല് മേടിക്കുകയും കിണറ്റിൽ താഴ്ത്തപ്പെടുകയും ചെയ്യുന്നത് കേരളം കാണണമെന്ന് പിന്നണിപ്രവർത്തകർക്ക് നിർബ്ബന്ധമുണ്ടായിരുന്നിരിക്കാൻ ഇടയുണ്ട്.**

'വയനാട് ബിഷപ്പ് ഹൗസിലും' ഒരു പീഡനകേസ് പ്രതിയായ 'റോബിൻ' എന്ന പേരുള്ള വൈദികനിലും ആരംഭിക്കുന്ന സിനിമ എന്താണ് ലക്ഷ്യമാക്കുന്നതെന്ന് വളരെ വ്യക്തം. വലിയ വിവാദമായി മാറിയ കൊട്ടിയൂർ പീഡനകേസ് തന്നെയാണ് സിനിമ വികലമായി പുനരവതരിപ്പിച്ചിരിക്കുന്നത്. 'സഭ'പീഡനകേസ് പ്രതിയെ രക്ഷിച്ചു, അഥവാ അതിന് ശ്രമിച്ചു എന്ന, തൽപരകക്ഷികളുടെ വാദമാണ് ഇവിടെയും ആവർത്തിക്കുന്നത്. ഇരയായ പെൺകുട്ടിയുടെയും അവൾക്കുവേണ്ടി വാദിച്ച പിതാവ് ഉൾപ്പെടെയുള്ളവരുടെയും കണ്ണീരിനെ മറികടന്ന് മെത്രാൻ തന്നെ നേരിട്ട് അയാൾക്ക് രക്ഷാ കവചം ഒരുക്കുന്നു എന്ന്

www.malankaralibrary.com



സിനിമ പറഞ്ഞുവയ്ക്കുന്നു. ഇത്തരംവിഷയങ്ങളിൽ മഞ്ഞപ്പത്രങ്ങളുടെ ആഖ്യാനങ്ങൾ ആവേശത്തോടെ സ്വീകരിക്കുന്ന ഒരു വിഭാഗം പേർ കണ്ണടച്ച് വിശ്വസിക്കാൻ മടികാണിക്കാത്ത ഒരു അവതരണമാണ് അതെന്നതിൽ സംശയമില്ല. ആദ്യന്തം അത്തരമൊരു പരിവേഷം വൈദികർക്കും മെത്രാന്മാർക്കും നല്കിയിരിക്കുന്നതിനെ സംശയദൃഷ്ടിയോടെയേ നോക്കിക്കാണാനാവൂ. അസത്യങ്ങളും അർത്ഥസത്യങ്ങളും പ്രചരിപ്പിച്ച് തൽപരകക്ഷികൾ സൃഷ്ടിച്ചെടുത്ത മോശം പ്രതിച്ഛായയ്ക്ക് അടിവരയിടുന്ന ഇത്തരം നീക്കങ്ങൾ നിഷ്കളങ്കമായിരിക്കാനിടയില്ല.

പണിഷ്മെന്റ് ട്രാൻസ്ഫറായി വയനാട്ടിൽനിന്നും കോട്ടയത്തെ പ്രശസ്തമായ ഒരു പള്ളിയിലേക്ക് എത്തുന്ന കുറ്റവാളിയായ വൈദികനിലൂടെയാണ് പിന്നീടുള്ള കഥ മുന്നോട്ടുപോകുന്നത്. നായകൻ ജീവിച്ചിരിക്കുന്ന പ്രദേശത്തെ പള്ളിയിലേക്ക് വില്ലനായ വൈദികന് 'പണികൊടുക്കാൻ' ട്രാൻസ്ഫർ വാങ്ങിക്കൊടുക്കുന്ന ഇന്നസെന്റ് അവതരിപ്പിക്കുന്ന വൈദികൻ വലിയ ബന്ധങ്ങളും അടുപ്പങ്ങളും ഉള്ള ഒരു കഥാപാത്രമാണ്. ലത്തീൻ സഭയിലെ മെത്രാന്മാരെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള വേഷവിധാനങ്ങളോടെ അവതരിപ്പിക്കപ്പെടുന്ന മെത്രാന്മാരും അവരുടെ രീതികളും കണ്ടാൽ, കേരളാപോലീസ് സേനയിൽ സംഭവിക്കുന്ന കാര്യങ്ങൾ പോലെ തോന്നും. മന്ത്രിമാരും രാഷ്ട്രീയത്തിലെ ഉന്നതരുമൊക്കെ ഇടപെട്ട് കേസുകളിൽനിന്ന് ഊരി, ജില്ലകൾക്കപ്പുറത്തേയ്ക്ക് ട്രാസ്ഫർ വാങ്ങി പോകുന്നതും, രാഷ്ട്രീയ സ്വാധീനവും പണവും പദവിയുമൊക്കെ ദുരുപയോഗിച്ച് കാര്യങ്ങൾ നേടുന്നതും, ഒരു ഭയവുമില്ലാതെ വീണ്ടും തെറ്റുകൾ ആവർത്തിക്കുന്നതും തുടങ്ങി വില്ലനായ വ്യക്തിയിലും അയാൾ ഉൾപ്പെടുന്ന സംവിധാനങ്ങളിലും ചുമത്തിയിരിക്കുന്ന സവിശേഷതകൾ കേരളത്തിലെ ക്രൈസ്തവ സമൂഹവും സഭാ നേതൃത്വവും തുടങ്ങിയ ഒന്നുമായും യാതൊരു ബന്ധവുമില്ലാത്തതാണ്. യാഥാർത്ഥ്യവുമായി സാമ്യംപോലുമില്ലാത്ത ഇത്തരം അവതരണങ്ങൾ നടത്തുന്നതിലൂടെ ഒരു ഹീറോയെ അവതരിപ്പിക്കാനുള്ള യുക്തിരഹിതമായ പെടാപ്പാടായേ കാണാനാവൂ.

ഒരു വൈദികൻ കാഴ്ചക്കാരുടെ കയ്യടി നേടുംവിധത്തിൽ നായകന്റെ കയ്യിൽനിന്ന് അടി വാങ്ങുന്ന സീൻ ക്രിയേറ്റ് ചെയ്യുന്നതിനായി കഥയിൽനിന്ന് വേറിട്ടുനിൽക്കുന്ന പുതിയ വഴിത്തിരിവുകളിലൂടെയൊക്കെ തിരക്കഥാകൃത്ത് സഞ്ചരിക്കുന്നുണ്ട്. വാസ്തവത്തിൽ കഥ ആരംഭിക്കുന്നത് ഒരു വൈദികനിലൂടെയും സഭാ നേതൃത്വത്തിലൂടെയുമൊക്കെ ആണെങ്കിലും, പിന്നീട് കഥാഗതിയിൽ കാതലായ മാറ്റംസംഭവിച്ച് മറ്റൊരു വഴിക്കാണ് സിനിമ പോകുന്നത്. ആദ്യ സംഭവവും വൈദികന്റെ പുതിയ സ്ഥലത്തേക്കുള്ള വരവും അപ്രസക്തമാവുകയും ഒരു രാഷ്ട്രീയ പോരാട്ടമായി സിനിമ രണ്ടാം പകുതിയിൽ മാറുകയും ചെയ്യുന്നുണ്ട്. എങ്കിലും, ഇതുവരെ കാണാത്ത രീതിയിൽ വില്ലൻപരിവേഷത്തിൽ ഒരു വൈദികൻ തല്ല് മേടിക്കുകയും കിണറ്റിൽ താഴ്ത്തപ്പെടുകയും ചെയ്യുന്നത് കേരളം കാണണമെന്ന് പിന്നണിപ്രവർത്തകർക്ക് നിർബ്ബന്ധമുണ്ടായിരുന്നിരിക്കാൻ ഇടയുണ്ട്.

പ്രത്യേക യുക്തിയും ആശയവും കഥയുമൊന്നും ആവശ്യമില്ലാത്ത മാസ് മൂവിയുടെ പട്ടികയിൽ ഒന്നുകൂടി എഴുതിച്ചേർക്കപ്പെടുകയാണ്. ഒരു നായകൻ സൃഷ്ടിക്കപ്പെടണമെങ്കിൽ ആരോ കരുതിക്കൂട്ടി സൃഷ്ടിച്ച പൊതുബോധങ്ങളുടെ പിന്നാലെ പോകണമെന്ന ക്ളീഷേ ഇനിയും തുടരുന്നതും അത്തരം സിനിമകൾ അർഹിക്കാത്ത വിജയം നേടുന്നതും മലയാളം നിനിമയുടെ ഈ വളർച്ചാ കാലഘട്ടത്തിൽ അഭികാമ്യമല്ല. തൽപരകക്ഷികൾ സൃഷ്ടിച്ചെടുക്കുന്ന പൊതുബോധങ്ങൾക്ക് അതീതമായി സത്യം കണ്ടെത്തി അവതരിപ്പിക്കാനും, നന്മയിലേക്കും തിരുത്തലുകളിലേയ്ക്കുമുള്ള കൈചൂണ്ടികളാകാനും തയ്യാറുള്ള ചലച്ചിത്രപ്രവർത്തകരും നിർമ്മാതാക്കളും പ്രോത്സാഹിപ്പിക്കപ്പെടട്ടെ.



www.malankaralibrary.com

# ജാഗ്രതാസമിതി രൂപതാ പ്രതിനിധി സമ്മേളനം ജൂലൈ 29, 30

കെസിബിസി ഐക്യ ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ എല്ലാ രൂപതകളിലും ജാഗ്രതാ സമിതികൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യ പ്രതിനിധി സമ്മേളനം ജൂലൈ 29, 30 തിയ്യതികളിലായി നടന്നു. അഞ്ചുപേരടങ്ങുന്ന ജാഗ്രതാ കമ്മിറ്റികൾ രൂപതാതലത്തിൽ രൂപീകരിക്കാനുള്ള നിർദ്ദേശമായിരുന്നു നൽകിയിരുന്നത്. 28 രൂപതകളിൽനിന്നായി 118 പേർ പങ്കെടുത്തു. കൂടാതെ വിവിധ സന്യാസിനീ സമൂഹങ്ങളുടെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. വളരെ ഗൗരവമുള്ള വിഷയാവതരണങ്ങളും കൂടിയാലോചനകളും രണ്ടുദിവസമായി നടന്നു. പ്രാരംഭ സമ്മേളനത്തിൽ ഐക്യജാഗ്രതാ കമ്മീഷൻ വൈസ് ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷനും, ചെയർമാൻ ബിഷപ്പ് ഡോ. ജോസഫ് കരിയിൽ ഉദ്ഘാടകനുമായിരുന്നു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി സന്ദേശം നൽകി. ബിഷപ്പ് മാർ തോമസ് തറയിൽ, അഡ്വ. സി. ജോസിയ എസ്ഡി, ഫാ. ജോഷി മയ്യാറ്റിൽ, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, ജസ്റ്റിസ് അബ്രഹാം മാത്യു, ഡോ. പോൾ മണലിൽ, പ്രഫ. കെഎം ഫ്രാൻസിസ് തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.




ഈ കാലഘട്ടത്തിൽ ക്രൈസ്തവ സമൂഹവും കത്തോലിക്കാ സഭയും നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ വെല്ലുവിളികളെക്കുറിച്ചുള്ള ആഴത്തിലുള്ള ചർച്ചകളും വിചിന്തനങ്ങളുമാണ് രണ്ടു ദിവസങ്ങളായി നടന്നത്. സാമൂഹികവും സാമുദായികവും വിശ്വാസപരവുമായ വെല്ലുവിളികളിൽ ഉണർവോടെ പ്രതികരിക്കാനും പ്രവർത്തിക്കാനുമുള്ള പദ്ധതികൾ രൂപീകരിക്കപ്പെട്ടു.


**കെസിബിസി ജാഗ്രത കമ്മീഷന്റെ നേതൃത്വത്തിൽ രൂപതാതല ജാഗ്രത സമിതികളിലൂടെ ആരംഭിക്കുന്ന പദ്ധതികൾ**

**കാവൽ:** ഇടവകാ, ഫൊറോനാ തലങ്ങളിൽ വിവിധ വെല്ലുവിളികളും ജാഗ്രത ആവശ്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി സദാ പ്രവർത്തന സജ്ജമായ ഗ്രൂപ്പുകൾ

**കരുതൽ:** പ്രണയ കെണികളിലും ലഹരി കുരുക്കുകളിലും അകപ്പെട്ടവർക്കുവേണ്ടിയുള്ള പുനരധിവാസ പദ്ധതി. കേരളത്തിലെ എല്ലാ മേഖലകളിലും ഇതിനാവശ്യമുള്ള സെന്ററുകളും, പ്രവർത്തനസജ്ജരായ വോളന്റിയർമാരും ഉണ്ടായിരിക്കും.

**പ്രബുദ്ധം:** ആനുകാലിക സാമൂഹിക സാമുദായിക വിഷയങ്ങളുടെ അപഗ്രഥനവും, അവബോധവും ലക്ഷ്യമിട്ട് സംസ്ഥാന വ്യാപകമായി വിവിധ തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന പഠന പരിപാടികൾ.

www.malankaralibrary.com



"Since men are social by nature, they must live together and consult each other's interests. That men should recognize and perform their respective rights and duties is imperative to a well ordered society."

*Pope John 23rd*

**KCBC SOCIAL HARMONY AND VIGILANCE COMMISSION**

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Rev. Dr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 28**
**Email: kcbcshvc@gmail.com, Website: www.kcbcjagratha.com**

Printed & Published By, Fr. Michael Pulickal CMI, Secretary, KCBC Commission for Social Harmony and Vigilance, POC, Palarivattom, Kochi 25